

# മഷിപ്പച്ച

## ഓണപ്പതിപ്പ്

പുസ്തകം 5 ലക്കം 6 പേജുകൾ 55 സെപ്റ്റംബർ 2024


സച്ചിദാനന്ദൻ


വൈശാഖൻ


സി.രാധാകൃഷ്ണൻ


വി.പി.ജോൺസ്


സന്ധ്യ ഇ.


സുരേന്ദ്രൻ മങ്ങാട്ട്

എഴുത്തും കുത്തും


സി.ആർ.രാജൻ

കാർട്ടൂൺ കേരളം


എം.ആർ.ബാലചന്ദ്രൻ


മാറ്റം അനിവാര്യം: പാർവതി തിരുവോത്ത്

കഥ

കവിത

ലേഖനം

ആസ്വാദനം

ബാലപംക്തി

ഇ.ഡി.ഡേവിസ് ★ സ്റ്റെല്ല മാത്യു ★ രാജൻ സി.എച്ച് ★ ദർശന ★ ഹാജറ കെ.എം ★ പി.സജീവ്കുമാർ
മനീഷ ★ അനിൽകുമാർ എസ്.ഡി ★ ലേഖ കാക്കനാട്ട് ★ രമ പിഷാരടി ★ ഷഫീന സൈത്തൂൻ
കൃഷ്ണകുമാർ മാപ്രാണം ★ ജബീറ ★ ബിനു വെളിയനാടൻ

ചരിത്രവഴിയിൽ മലയാള സിനിമ

JOS ALUKKAS
A TRADITION OF FINE JEWELLERY




DHARMODHAYAM BUILDING, ROUND EAST, THRISSUR. PH : 0487-2331812, 0487-2331813

KERALA | TAMIL NADU | PUDUCHERRY | KARNATAKA | ANDHRA PRADESH | TELANGANA

# എഡിറ്റേഴ്സ് പേജ്





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




'മഷിപ്പച്ച' മാസികയുടെ പുതിയ ലക്കം ഓണപ്പതിപ്പാണ്. പ്രഗത്ഭമതികളുടെ രചനകളാൽ സമ്പന്നമാണ് ഓണപ്പതിപ്പ്. മുണ്ടക്കൈ ദുരന്തത്തിന്റെ പകപ്പ് ഒഴിഞ്ഞിട്ടില്ലെങ്കിലും, ഭയപ്പെടുത്തുന്ന ഓർമ്മകളുടെ പേമാരിയിൽ നിന്നുയിർകൊണ്ട രചനകളും ഉൾപ്പെടുത്തിയാണ് ഓണപ്പതിപ്പ് ഒരുക്കിയിട്ടുള്ളത്. കെ സച്ചിദാനന്ദൻ, വൈശാഖൻ, വി പി ജോൺസ്, ഈ ഡി ഡേവിസ്, സുരേന്ദ്രൻ മങ്ങാട്ട് തുടങ്ങി, ഓണപ്പതിപ്പിന്റെ പ്രസിദ്ധീകരണത്തിന് തുണച്ച എഴുത്തുകാർക്കെല്ലാം നന്ദി.

പുതിയ ലക്കത്തിന്റെ ഒരുക്കങ്ങൾ നടക്കുമ്പോഴാണ് അവിചാരിതമായി, അഭ്രപാളിയിലെ വെള്ളിനക്ഷത്രങ്ങളുടെ ശോഭ കെടുത്തുന്ന വാർത്തകൾ നിറഞ്ഞത്. ഇക്കാലമത്രയും കേട്ടറിവുകൾ മാത്രമായിരുന്നവ, ജസ്റ്റിസ് ഹേമ കമ്മിറ്റി ശരിവെച്ചതും, വേട്ടനായ്ക്കളുടെ പേര് പുറത്തുവിടാതെ നാലഞ്ചുവർഷം സർക്കാരത് പൂഴ്ത്തിവെച്ചതുമൊക്കെ വെളിച്ചം കണ്ടു.

'വിമൻ ഇൻ സിനിമ കളക്ടീവ്' എന്ന വനിതാ കൂട്ടായ്മ ഉദയംകൊണ്ട സാഹചര്യം ഏവർക്കും അറിവുള്ളതാണല്ലോ. ഇതിന് പ്രേരകമായ സംഭവത്തിലെ ഇര, തന്റെ ദുരനുഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ നടത്തിയ പോരാട്ടം ഇന്നും തുടരുന്നു. ഡബ്ല്യു സി സിയുടെ ഊറ്റമായ പിന്തുണ അവർക്ക് ലഭിച്ചിരുന്നു. തുടർന്നും ഈ വനിതാ കൂട്ടായ്മ നിശ്ചയദാർഢ്യത്തോടെ നടത്തിയ ഇടപെടലുകളുടെ ബാക്കിപത്രമാകുന്നു ഹേമ കമ്മിറ്റിയും തുടർന്നുള്ള വെളിപ്പെടുത്തലുകളും. അതോടെ വെള്ളിത്തിരയിലെ കരിഞ്ഞ താരകങ്ങൾ ജനമധ്യത്തിൽ വെളിപ്പെട്ടു. ഉന്നതസ്ഥാനങ്ങളിൽ നിന്നും താഴെ ഇറക്കപ്പെട്ടവർ, ഇരകൾക്കെതിരെ പരാതി എന്ന പരിചയുമായി അഭിനയം തുടരുന്നു.

മൊഴി കൊടുത്തവർക്കും മാധ്യമങ്ങളിൽ പീഡന ചരിത്രം വെളിപ്പെടുത്തിയവർക്കും ഭീതി കൂടാതെ ജീവിക്കുന്നതിനുള്ള സാഹചര്യം വേണം. സർക്കാർ തലത്തിൽ ഇക്കാര്യത്തിൽ ഉചിതമായ നീക്കങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. മലയാള സിനിമയിലെ വേട്ടനായ്ക്കളെ പുറത്തു ചാടിച്ച്, നല്ല സിനിമയുടെ ഭാഗമാകാൻ കഴിവുള്ളവർക്ക് അവസരമൊരുക്കാനും ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ചലച്ചിത്രങ്ങൾ പിറക്കുന്നതിന് സാഹചര്യമൊരുക്കാനും ഇപ്പോൾ ഉരുത്തിരിഞ്ഞ സാഹചര്യം നിമിത്തമാകട്ടെ.

**-സി.ആർ.രാജൻ,**
എഡിറ്റർ



## കാർട്ടൂൺ കേരളം

എം.ആർ. ബാലചന്ദ്രൻ



# അകത്താളുകളിൽ

## കഥ

സുരേന്ദ്രൻ മങ്ങാട്ട് ............... പേജ് 13
വി.പി.ജോൺസ് .................. പേജ് 15
അനിൽകുമാർ എസ്.ഡി ....... പേജ് 35
ഗ്രീഷ്മ അമൽ .................... പേജ് 38


## ലേഖനം

സി.രാധാകൃഷ്ണൻ .............. പേജ് 8
ദർശന ............................. പേജ് 32
ബിനു വെളിയനാടൻ ........... പേജ് 47


## പുസ്തകപരിചയം

ഡോ. പി.വി.കൃഷ്ണൻനായർ . പേജ് 41
ഈ.ഡി. ഡേവീസ്............... പേജ് 44


## കാർട്ടൂൺ

എം.ആർ.ബാലചന്ദ്രൻ ........... പേജ് 4


## എഴുത്തും കുത്തും

സി.ആർ.രാജൻ ................. പേജ് 11



**കുട്ടികളുടെ മഷിപ്പച്ച ..** പേജ് 50


## കവിത

സച്ചിദാനന്ദൻ....................... പേജ് 6
സന്ധ്യ ഇ. ........................... പേജ് 10
സ്റ്റെല്ല മാത്യു ....................... പേജ് 19
രാജൻ സി.എച്ച്. ................ പേജ് 20
ഹാജറ കെ.എം. .................. പേജ് 21
മനീഷ .............................. പേജ് 22
പി.സജീവ്കുമാർ ................ പേജ് 23
ലേഖ കാക്കനാട്ട്................. പേജ് 24
രമാ പിഷാരടി .................... പേജ് 25
ഷഫീന സൈത്തൂൻ............ പേജ് 26
കൃഷ്ണകുമാർ മാപ്രാണം ..... പേജ് 27
ജബീറ .............................. പേജ് 28
കയ്യുമ്മു കോട്ടപ്പടി .............. പേജ് 29
നുഷര സി.എച്ച്. ................ പേജ് 30
ഡോ. രമ്യ രാജ് .................... പേജ് 31







# ഓരോ ചുംബനവും..

ഓരോ ചുംബനവും
അവസാനത്തെ ചുംബനമാണ്,
എഴുതപ്പെടാതെ പോയ കവിത
കോവണിയിറങ്ങിപ്പോകുമ്പോൾ.


ഓരോ വാക്കും
അവസാനത്തെ വാക്കാണ്,
ജനിക്കാത്ത ഭാഷ
ഭൂഗർഭത്തിൽ മിടിക്കുമ്പോൾ.

ഓരോ നിലവിളിയും
അവസാനത്തെ നിലവിളിയാണ്,
ആൾക്കൂട്ടത്തിന്റെ ആരവത്തിൽ
സത്യം മുങ്ങിപ്പോകുമ്പോൾ.

ഓരോ വിധിയും
അവസാനത്തെ വിധിയാണ്,
അനീതി ന്യായാധിപന്റെ
വേഷം കെട്ടുമ്പോൾ.



സച്ചിദാനന്ദൻ



വൈശാഖൻ


# വ്യാപാരകേരളവും മഷിപ്പച്ചയും

'മഷിപ്പച്ച' മാസികയുടെ ആദ്യരൂപം 'വ്യാപാരകേരളം' എന്ന പേരിലായിരുന്നത് ഞാനോർക്കുന്നു. ഒരു മുഖാമുഖത്തിന് മാസിക പ്രവർത്തകർ ആവശ്യപ്പെട്ടതും ആ ഇന്റർവ്യൂ മാസികയിൽ വന്നതും ഓർക്കുന്നു. വളരെ സവിശേഷതകളുള്ള ഒരു മാസികയാണ് 'മഷിപ്പച്ച' എന്ന് പല ലക്കങ്ങളും വായിക്കുമ്പോൾ ബോധ്യമാകും. മാസിക ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ സമ്മാനിക്കുന്ന ചടങ്ങുകളിൽ ഞാൻ സംബന്ധിച്ചിട്ടുമുണ്ട്. മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാരവും സി ആർ പി പണിക്കർ സ്മാരക കവിതാ പുരസ്കാരവും വിജയികൾക്ക് സമ്മാനിച്ച ചടങ്ങുകളായിരുന്നു അവ. അതുവഴി പുതുതലമുറയിലെ നിരവധി പേരെ മാസിക, വായനാ സമൂഹത്തിന് പരിചയപ്പെടുത്തിയത് സ്തുത്യർഹമാണ്.

വ്യാപാര സമൂഹത്തിന്റെ കലാസംസ്കാരിക മനസ്സിനെ കൂടുതൽ സമ്പന്നമാക്കുവാൻ ആവശ്യമായ ഊർജ്ജം പകരുകയെന്ന ലക്ഷ്യത്തോടെ പ്രസിദ്ധീകരണം ആരംഭിച്ച മാസിക, കാലംപോകെ 'മഷിപ്പച്ച' എന്ന പേര് സ്വീകരിച്ച് കൂടുതൽ ജനകീയമാകുകയായിരുന്നു. മാസികയുടെ മാതൃകാപരമായ പ്രവർത്തനങ്ങൾ അഭിനന്ദനങ്ങൾ അർഹിക്കുന്നു. 'മഷിപ്പച്ച' പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന ഓണപ്പതിപ്പിന് വിജയാശംസകൾ നേരുന്നു.



# ആർപ്പുവിളിച്ച് എതിരേൽക്കാം!



സി. രാധാകൃഷ്ണൻ

മനുഷ്യ ചരിത്രത്തിൽ ആദ്യമായി, അതും വെറും നാലഞ്ചു നൂറ്റാണ്ടുകൾക്കൊണ്ട്, ലോകത്തെ അടിമുടി മാറ്റിമറിക്കാൻ സയൻസിനു സാധിച്ചത് സ്വയം നവീകരിക്കാൻ അതിനു കഴിവുള്ളതുകൊണ്ടാണ്. ആയിരത്താണ്ടുകൾ നിലനിന്നിട്ടും മതങ്ങൾക്കോ തത്വശാസ്ത്രങ്ങൾക്കോ ഇതു സാധിക്കാതെപോയത് ഈ കഴിവ് ഇല്ലാത്തതിനാലും.

പക്ഷേ, എരിപൊരിവേനലിൽ കാട്ടുതീയെന്നപോലെ പടർന്ന സയൻസ് മനുഷ്യജീവിതത്തിന്റെ പല തലങ്ങളെയും പൊള്ളിക്കുകകൂടി ചെയ്തു. ആർത്തിയും ആസക്തിയും മൂല്യങ്ങളെ ചുട്ടെരിച്ചു. മഹായുദ്ധങ്ങൾ അരങ്ങേറ്റി. സ്വാർത്ഥ സാമ്രാജ്യങ്ങൾ പണിയാൻ ഉപധിയായി.

അങ്ങനെയാണ് സയൻസിന് അടിസ്ഥാനപരമായ ഒരു വഴിതിരിവ് അനിവാര്യമായത്. അതിപ്പോൾ അണിയറയിൽ ഒരുങ്ങുന്നു. നിൽപ്പു ശരിയാകുന്നതോടെ കാഴ്ചയും നേരെയാവുമല്ലോ. എന്നുവെച്ചാൽ മനുഷ്യകുലത്തിന് പരിപക്വമായ വിവേകത്തിന്റെ സുവർണകാലം വരുന്നു

വഴിമാറ്റത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുമുണ്ട്. ഗവേഷണത്തിന്റെ ഏറ്റവും പുതിയ മേഖലകൾ നോക്കുക. (നൊബേൽ സമ്മാനങ്ങളുടെ ദിശാമുഖം ഒരു ഏകദേശ സൂചകമാണ്.)

സയൻസിന്റെ എല്ലാ തുറകളിലും പരതണം എന്നും ഇല്ല.

ബയോളജിയുടെ അടിസ്ഥാനനിയമങ്ങളെല്ലാം കെമിസ്ട്രിയുടെ ഭാഷയിലേക്ക് പ്രരാവർത്തനം ചെയ്യാമെന്നും കെമിസ്ട്രിയുടെ അടിസ്ഥാനനിയമങ്ങളെല്ലാം ഇതുപോലെ ഫിസിക്സിലെ നിയമങ്ങളായി രൂപഭേദപ്പെടുത്താമെന്നും സ്റ്റെഫാൻ ഹോക്കിങ് (സമയത്തിന്റെ ലഘുചരിത്രം) വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. അതിനാൽ ഫിസിക്സിന്റെ പുതിയ പോർമുഖം നോക്കിയാൽ ധാരാളം മതി.

ഫിസിക്സ് നൊബേൽ ജേതാക്കൾ (അലൈൻ ആസ്പക്റ്റ്, ആന്റണി സീലിങ്കർ, ജോൺ ക്ളാസർ) ചെയ്തത് മൊത്തം പ്രപഞ്ചത്തിന്റെ ഊടും പാവും പുതുതായി ചികയുകയാണ്. പ്രപഞ്ചത്തിൽ എങ്ങുമുള്ള ഏതു ബിന്ദുവും എത്ര അകലെയുള്ള ബിന്ദുവുമായി ബന്ധപ്പെട്ടാണ് കിടപ്പെന്ന് അവർ കണ്ടെത്തി. അതിനാൽ, ഈ ബന്ധം ഉപയോഗിച്ച്, പ്രപഞ്ചത്തിന്റെ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തേക്ക് വരെ വിവരം അറിയിക്കാൻ ഒട്ടും സമയം വേണ്ട എന്നും ക്വാന്റം എന്റങ്ക്ൾമെന്റ് എന്ന് അറിയപ്പെടുന്ന അദ്ഭുതവേഴ്ച വിശ്വത്തിന്റെ ഏകത തെളിയിക്കുകയും ഒരു ഐശ്വര്യവും ഏകപക്ഷീയമായി നിലനിൽപ്പുള്ളതല്ലെന്നു തറപ്പിച്ചു പറയുകയും ചെയ്യുന്നു. യോഗം (ചേർന്ന് നിൽപ്പ്) ഉണ്ടെങ്കിലേ ക്ഷേമം സാധ്യമാകൂ എന്നു തന്നെ

ഫിസിക്സിലെ രണ്ട് പ്രാഥമിക ധാരണകൾ ഇതോടെ മാറി. ഐൻസ്റ്റൈൻ നിർദ്ദേശിച്ച പ്രപഞ്ചമാതൃകയുടെ ആണിക്കല്ലായ പ്രകാശവേഗ സ്ഥിരത എന്ന ആശയം അസാധുവായി. ക്വാന്റം തിയറിയെ പ്രതിരോധിക്കാൻ ആവിഷ്കൃതമായ, പ്രപഞ്ചത്തിന് പ്രാദേശികത ഉണ്ടെന്ന് സങ്കൽപ്പിക്കുന്ന ബെൽ തിയറത്തിനും നിലനിൽപ്പില്ലാതായി.


അതായത് വിഭാഗീയതകളുടെ എല്ലാ തടയണകളും തകർന്നു. സാകല്യ സമത്വം എന്ന സത്യം തെളിഞ്ഞു, കൺകാണപ്പെടുന്നതു മാത്രമല്ല പ്രപഞ്ചത്തിന്റെ യാഥാർഥ്യം എന്നും.

അങ്ങനെ മനുഷ്യനെ സുരക്ഷിതഭാവിയിലേക്കു നയിക്കാനുതകുന്ന അടിസ്ഥാനാവബോധം പിറക്കുന്നു. ഇനി എളുപ്പമാണ്.

ആകട്ടെ, എത്ര കാലം കഴിഞ്ഞാണ് കാര്യങ്ങൾ ശരിയാവുക എന്ന് അമ്പരക്കേണ്ട. ഏറെയൊന്നും വേണ്ടിവരില്ല. പോകുന്തോറും വേഗം വർദ്ധിക്കുന്ന പോക്കാണ്. കവിഞ്ഞാൽ പത്തോ നാല്പതോ വർഷം. ചിലപ്പോൾ അതിലും വളരെ കുറവുപോലും മതിയാവും

കാണുന്നവൻ കാഴ്ചയുടെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണെന്ന തിരിച്ചറിവാണ് പ്രധാനമായ മറ്റൊരു വഴിത്തിരിവ്. ഒരു സയൻസിനും മനുഷ്യനിരപേക്ഷമായ അസ്തിത്വം ഇല്ല. ജീവൻ വേറെ ജഡം വേറെ, ഞാൻ വേറെ മനസ്സ് വേറെ, ദ്രവ്യം വേറെ, ഊർജം വേറെ എന്നു തുടങ്ങി ഞാൻ വേറെ പ്രപഞ്ചം വേറെ എന്നുവരെയുള്ള ദ്വന്ദ്വ ഭാവനകൾ കടപുഴകുന്നു. ദക്കാർത്തെയുടെ (Descartes) കാലം തൊട്ടുള്ള അബദ്ധധാരണയാണ് ഇത്. ഫിസിക് പഠിക്കാൻ തുടങ്ങിയ കാലം മുതൽ ഇതിന്റെ സത്യാവസ്ഥയെപ്പറ്റി ഞാൻ സംശയാലുവായി. ഗീതക്ക് ഈ കാര്യത്തിൽ എന്തു പറയാനുണ്ടെന്നറിയാൻ ശ്രമിച്ചു (ഗീതാദർശനം). അതേത്തുടർന്ന് പ്രപഞ്ചത്തിന് ഒരു പുതുമാതൃക അവതരിപ്പിക്കുകയും ഉണ്ടായി. ഇതിന്റെയൊക്കെ വെളിച്ചത്തിൽ 'കാലം കാത്തുവെക്കുന്നത്' എന്ന നോവൽ കൂടി എഴുതിയ സന്ദർഭത്തിൽ നൊബേൽ സമ്മാനരൂപത്തിൽ ഫിസിക്സിന്റെ ദിശാമാറ്റം വെളിപ്പെടുന്നത് ഏറെ ചാരിതാർഥ്യജനകം. മനുഷ്യരാശി ആത്യന്തിക വിവേകത്തിലേക്കു ചുവടു മാറ്റുന്നല്ലോ. ആർപ്പുവിളിച്ച് എതിരേൽക്കാം. ●

# കൊന്തക്കണ്ണൻ



എല്ലാവർക്കും കിട്ടിയ കൂട്ടത്തിൽ എനിക്കും
സഹപ്രവർത്തകയുടെ സന്യാസിനീ
സ്വീകരണത്തിന്റെ
അമ്പതാം വാർഷികത്തിൽ
ഒരു കൊന്ത കിട്ടി.

പളുങ്കുമണികൾ ഹൃദയം പോലെ
വിശുദ്ധമായി തിളങ്ങുന്നു.
അറ്റത്ത് ശാന്തനായി
കുരിശിൽ കിടക്കുന്ന യേശു.
വിരലുകളിൽ ഭക്തിസാന്ദ്രമായി
കടൽ വന്നു മുത്തുന്നു.
പുതിയ വഴികൾ തുറക്കുന്നു.

കൊന്ത ജപങ്ങളെനിക്കറിയില്ല
കഴുത്തിലിടാൻ തോന്നിയില്ല
സൂക്ഷിച്ചു വെക്കാൻ പറ്റിയ ഇടമില്ല
മറ്റൊരാൾക്ക് സമ്മാനിക്കുന്നുമില്ല.

കുറച്ചു നാൾ സഞ്ചിയിൽ വെച്ചു
കുറച്ചുനാൾ ടി വി ക്കു ചോടെ വെച്ചു
കുറച്ചു നാൾ പൂജാമുറിയിലെ
ഷെൽഫിലും വെച്ചു
അവിടെയൊന്നുമല്ല വേണ്ടതെന്ന് മനസ്സു പറഞ്ഞു.



സന്ധ്യ ഇ



ഓടക്കുഴലൂതുന്ന
നീലകളേബരൻ
മയിൽപ്പീലി
വനമാല
കിങ്ങിണി
തരിവള
മോതിരം
ചിലമ്പ്

ആഭരണമായി കൊന്ത കൂടെയിട്ടപ്പോൾ
കണ്ണൻ പതിയെ കണ്ണിറുക്കി.
ഞാനിതങ്ങോട്ട് പറയാനിരിക്കയായിരുന്നു എന്ന മട്ടിൽ
ഇപ്പോഴെന്റെ കണ്ണനെന്തു സുന്ദരൻ



# ചരിത്രവഴിയിൽ മലയാള സിനിമ



സി ആർ രാജൻ

ശരീരങ്ങളുടെ ആഘോഷമാണത്രേ സിനിമ. ആയതിന്റെ പശ്ചാത്തലം ഒരുക്കുന്നവരും ഫ്രെയിമുകൾ ചിട്ടപ്പെടുത്തുന്നവരും വിശിഷ്ട കലാരൂപമായി പരിവർത്തനം ചെയ്യുന്നവരും ഉൾപ്പെടെ നൂറുകണക്കിന് പേർ പങ്കുചേരുന്ന ആഘോഷം. കോടികളുടെ നിക്ഷേപവും ഇതിനായി ചെലവഴിക്കപ്പെടുന്നു.

ഇങ്ങനെ വെള്ളിത്തിരയിൽ എത്തുന്ന സിനിമയുടെ അണിയറ രഹസ്യങ്ങളുടെ ചുരുളഴിഞ്ഞതാണ് സമീപകാലത്ത് ചൂടൻ വാർത്തയായിരിക്കുന്നത്. പൊതു

വേ സിനിമാലോകത്തെ സംബന്ധിച്ച് പ്രചരിച്ചിരുന്ന ഊഹാപോഹങ്ങൾക്ക് സാധുത നൽകുന്ന റിപ്പോർട്ട്, ഇത്തരം സംഭവങ്ങൾ ഒറ്റപ്പെട്ടതല്ലെന്നും സിനിമയിൽ ഏറെ സാധാരണമാണെന്നും അടിവരയിടുന്നു.

എല്ലാ മേഖലയിലും പുഴുക്കുത്തുകൾ ഉണ്ടല്ലോ എന്ന സാമാന്യവൽക്കരണത്തിന്റെ പരിധിയിൽ സിനിമ ഒതുങ്ങില്ല. മറ്റ് മേഖലകളിലേത് ഒറ്റപ്പെട്ട സംഭവമാണെങ്കിൽ സിനിമയിൽ മറിച്ചാണ്. ശരീരം പങ്കിടുന്നവർക്ക് മാത്രം അവസരം എന്ന അത്യന്തം വസ്തുതയാണ്. തന്നെയുമല്ല നിർബന്ധിക്കപ്പെട്ട് കീഴ്പ്പെടുന്നവരും ചതിക്കപ്പെട്ട് വീണുപോകുന്നവരും ഈ മേഖലയിൽ ഏറെയുണ്ടെന്ന വിവരമാണ് പുറത്ത് വന്നിരിക്കുന്നത്. സിനിമയിലെ പ്രമുഖരാണ് ഈ അവസ്ഥയ്ക്ക് പുറകിൽ എന്നത് ഗൗരവത്തിലെടുക്കേണ്ടതാണ്. മലയാള സിനിമാ വ്യവസായം ഏതാനും പേരുടെ കൈകളിൽ ഒതുങ്ങി കിടക്കുന്നു എന്ന യാഥാർത്ഥ്യം പ്രബുദ്ധ കേരളം ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്.

ബദൽ സിനിമയെന്ന നിർദ്ദേശമല്ല ഇതി



ഹീനമായ അവസ്ഥയിലേക്ക് സിനിമാ പ്രവർത്തനം തരംതാണത് ഒറ്റ ദിവസം കൊണ്ടല്ലെന്ന് ഏവർക്കുമറിയാം.

സിനിമ രൂപം കൊണ്ട നാൾ മുതൽ തന്നെ ഇത്തരം ചൂഷണങ്ങൾ നടന്നിട്ടുണ്ടാകാം. അന്നെല്ലാം പക്ഷേ ഒറ്റപ്പെട്ടതും ഒതുക്കത്തിൽ നടന്നിരുന്നതുമാണ്. പിന്നെ പിന്നെ അവകാശവും ആചാരവുമായി അതു മാറിയതിന്റെ അഴുകിയ മാലിന്യത്തിൽ പൂണ്ടു കിടപ്പാണ് ഇന്ന് മലയാള സിനിമ. ഇരകളും വേട്ടക്കാരും എന്ന് സിനിമാ പ്രവർത്തകരെ തരം തിരിക്കേണ്ടി വന്നിരിക്കുന്നു.

സ്വാഭാവികമായും വേട്ടക്കാർ ആൾബലമുള്ള വരും പണം മെത്തയിൽ ഉല്ലസിക്കുന്നവരും ആകുമല്ലോ. കീഴ്പ്പെടാൻ ഒരുങ്ങി ഇറങ്ങിയിട്ടുള്ളവർ അവരോട് സമരസപ്പെട്ടുപോകും. മികച്ച കലാപ്രവർത്തകർ ഈ അലിഖിത ആചാരം ഉൾക്കൊള്ളണമെന്നില്ല. അവരുടെ വിസമ്മതം അവസര നിഷേധത്തിന് ഇടയാക്കുന്നു എന്നത് സിനിമയിൽ ന് പരിഹാരമാകുന്നത്. ജനപ്രിയ സിനിമാ ഇൻഡസ്ട്രിയിലെ പ്രഭുവൽക്കരണം തടയേണ്ടതുണ്ട്. അതിനേക്കാൾ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്, സ്ത്രീയെ ശരീരമായി മാത്രം കാണുന്ന ദുഷ് പ്രവണതയിൽ നിന്നും സിനിമയെ മോചിപ്പിക്കുക എന്നത്. തൊഴിലിടത്തെ അരക്ഷിതത്വം, വേതനം നൽകാതെ കബളിപ്പിക്കൽ, ജോലി നിഷേധം തുടങ്ങി ഹേമ കമ്മീഷൻ ചൂണ്ടിക്കാണിച്ചിരിക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളിൽ നിന്നും സിനിമയെ മോചിപ്പിക്കേണ്ടതുണ്ട്.

സുപ്രധാനമായ മറ്റൊന്ന്: സിനിമയിൽ നിലനിൽക്കുന്ന എല്ലാ ദുഷ്പ്രവൃത്തികൾക്കും ചുക്കാൻ പിടിച്ചവരെ സംരക്ഷിക്കുന്ന നിലപാട് ബന്ധപ്പെട്ടവർ തിരുത്തണം ക്രിമിനലുകളെ വിചാരണ ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കണം. അങ്ങനെയാകട്ടെ ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിനു ശേഷമുള്ള മലയാള സിനിമാ ചരിത്രം.



# ഹോം നേഴ്സ്



സുരേന്ദ്രൻ മങ്ങാട്ട്

"യാത്ര പറയുന്നില്ല" മനസ്സിൽ അങ്ങനെ പറഞ്ഞു കൊണ്ടാണവൾ തന്റെ തോൾ ബാഗ് കയ്യിലെടുത്ത് ആ വലിയ വീടിന്റെ പടിയിറങ്ങിയത്. സാധാരണ ജോലിയിടങ്ങളിൽ നിന്നുള്ള മടക്കയാത്രകൾ അവളെയിത്ര വേദനിപ്പിക്കാറില്ലായിരുന്നു.

നാലഞ്ചുമാസത്തോളം ഇവിടെയായിരുന്നു. വൃദ്ധരെ പരിചരിക്കൽ, കിടപ്പുരോഗി ശുശ്രൂഷ, പ്രസവാനന്തര പരിചരണം തുടങ്ങിയ ജോലികളിൽ ഏർപ്പെട്ട് പല വീടുകളിൽ പല സ്വ ാവക്കാരോടൊപ്പം പല താളത്തിൽ അവൾ കഴിഞ്ഞു വന്നിട്ടുണ്ട്. ഓരോ വീടുകളിലേക്കും അവളെ നിയോഗിക്കുന്ന സ്ഥാപനം ആ വീട്ടുകാർ അടയ്ക്കുന്ന അവളുടെ മാസശമ്പളത്തിൽ നിന്ന് ചെറുതല്ലാത്ത ഒരു തുക കമ്മീഷൻ പിടിച്ച് ബാക്കി തുക അവൾ ലീവിന് നാട്ടിൽ പോകുമ്പോൾ കൃത്യമായി ഏൽപ്പിച്ചു കൊടുക്കാറുണ്ട്. ആ സ്ഥാപനത്തിൽ ഇതിനിടയിൽ പുതിയ ഹോം നേഴ്സുമാർ പലപ്പോഴായി വരികയും പോകുകയും ചെയ്തുവെങ്കിലും അവൾ അവിടെ തന്നെ തുടർന്നു.

സ്ഥാപനത്തിന്റെ നടത്തിപ്പുകാരായ ദമ്പതിമാർക്ക് അതുകൊണ്ടുതന്നെ അവളോട് ഒരു ഇഷ്ടക്കൂടുതൽ ഉണ്ടായിരുന്നു. മൂന്നു മാസത്തേക്ക് ആശുപത്രി വാസം കഴിഞ്ഞെത്തിയ വൃദ്ധയായ അമ്മയെ പരിചരിക്കാനാണ് നഗരത്തിൽ നിന്നും പത്തു പന്ത്രണ്ട് കിലോമീറ്റർ അകലെയുള്ള പട്ടാളക്കാരന്റെ കുടുംബവീട്ടിൽ അവൾ എത്തിയത്. ാര്യയും കുട്ടികളും സഹോദരിയും അവരുടെ കുട്ടികളും ചേർന്ന ശബ്ദായമാനത്തിനുള്ളിൽ നിശബ്ദതയെ പുൽകാനാഗ്രഹിച്ച വൃദ്ധ അസന്തുഷ്ടിയോടെ കിടന്ന കിടപ്പിലായിരുന്നു. അവളുടെ പരിചരണങ്ങളിൽ വൃദ്ധയുടെ നട്ടെല്ലിന് കരുത്ത് വന്നു, ശരീരത്തിന് കൂടുതൽ ചലനങ്ങളുണ്ടായി. ചുളിവുകളിലുടയാത്ത മുഖത്ത് പൂവിതൾ വിടരുന്ന പോലെ ചിരി പരക്കാൻ തുടങ്ങി.

ഓരോ പുതിയ ഇടങ്ങളിൽ എത്തുമ്പോഴും അവൾ ർത്താവിനെയും കൗമാരം കടന്ന കോളേജുകുമാരനായ മൂത്ത മകനേയും വിളിച്ചറിയിച്ചിരുന്നു. അവളുടെ ജോലിയോട് തികഞ്ഞ അവജ്ഞയും താല്പര്യമില്ലായ്മയും അവർക്കുണ്ടെങ്കിലും തങ്ങളുടെ ആവശ്യങ്ങൾ അവളിൽ നിന്ന് ലഭിക്കേണ്ട അവകാശങ്ങൾ എന്ന തരത്തിൽ അവർ ഉയർത്തുകയും പലപ്പോഴും ഭീഷിണിയിലവളെ നിശബ്ദയാക്കാറുമുണ്ട്. ആകെ ആശ്വാസം അവളെ കാത്തിരിക്കുന്ന ഹൈസ്കൂൾ വിദ്യാർത്ഥിയായ ഇളയ മകനാണ് . വണ്ടിപ്പെരിയാറിലെ മുത്തുസ്വാമിയുടെ ഹോട്ടലിൽ നിന്ന് അവന് ഏറ്റവും ഇഷ്ടപ്പെട്ട പൊറോട്ടയും ബീഫ് കറിയും വാങ്ങിക്കൊണ്ടു

വരുന്ന അമ്മയെയാണവൻ കാത്തിരിക്കുന്നത്. പാളക്കാരന്റെ മകൻ, അയാളുടെ കാറിൽ നഗരമധ്യത്തിലുള്ള ഹോം നേഴ്സിങ്ങ് സ്ഥാപനത്തിൽ അവളെയെത്തിച്ചു. വാഹനത്തിൽ നിന്നിറങ്ങി

പട്ടാളക്കാരന്റെ മകൻ അവളോട് യാത്ര പറഞ്ഞപ്പോൾ എന്തോ കണ്ണു നിറയുന്നപ്പോലെ. പിന്നെ ആ കാർ താനില്ലാതെ മടങ്ങി പോകുമ്പോൾ അതുവരെയില്ലാത്ത അസ്വസ്ഥതയവളെ പൊതിയാൻ തുടങ്ങിയിരുന്നു. തന്റെ ജോലി സ്ഥാപനത്തിലേക്കുള്ള നരച്ച, സിമന്റ് പൊളളച്ചടർന്ന ചവിട്ടുപടികൾക്ക് വല്ലാത്ത ഉയരമുളളതു പോലെയവൾക്ക് തോന്നി. കമ്മീഷൻ കഴിച്ചുള്ള രണ്ടുമാസത്തെ ശമ്പളം സ്ഥാപനത്തിൽ നിന്നും കൈപ്പറ്റി മടങ്ങുമ്പോൾ അവൾ കുഞ്ഞിനെപ്പോലെ കുളിപ്പിക്കുകയും വസ്ത്ര മുടുപ്പിക്കുകയും ചെയ്യാറുള്ള വൃദ്ധയുടെ മുഖം ചെമ്പകപ്പൂ നിറമാകുന്നത് അവളോർത്തു. ചില ഓർമ്മകൾക്ക് നിറവും ഗന്ധവും ഉണ്ടെന്നവൾ അത്ഭുതം കൂറിയതപ്പോഴായിരുന്നു.

പട്ടാളക്കാരന്റെ വീട്ടിൽ നിന്നും ബന്ധുക്കളുടെ സന്ദർശനത്തിന്റെ ഭാഗമായി ചെറിയ തുകകൾ സമ്മാനങ്ങളായി ലഭിച്ചിരുന്നു. മരണാസന്നയായി കിടന്ന തന്നെ വീടിനകത്ത് കാലുറച്ച് നടത്തിച്ച പരിചാരികയ്ക്ക് വൃദ്ധയും ചെറുതല്ലാത്ത ഒരു തുക സമ്മാനിച്ചിരുന്നു. ആറുമണിക്കൂർ ബസ് യാത്ര . വണ്ടിപ്പെരിയാറിൽ ബസ്സിറങ്ങി, മുത്തുസ്വാമിയുടെ കടയിൽ നിന്ന് പൊറോട്ടയും ബീഫ്കറിയും പാർസൽ വാങ്ങിയ ശേഷം അവൾ ഒരു ചായ വാങ്ങി കുടിച്ചു .ചുടു ചായയിൽ ഉള്ളിലെ ചൂടിനെ ശമിപ്പിക്കാൻ കഴിയുമെന്ന അബദ്ധ ധാരണയൊന്നും അവൾക്കുണ്ടായിരുന്നില്ല. തന്നെ വീട്ടിൽ കാത്തിരിക്കുന്നത് പ്രത്യേകിച്ച് ജോലിക്ക് പോകാൻ ഇഷ്ടമില്ലാത്ത, മദ്യപാനം ശീലമാക്കിയ ർത്താവും നിയന്ത്രണങ്ങളൊന്നുമില്ലാതെ വളർന്നുവരുന്ന രണ്ടു മക്കളുമാണ് .

കൊളുന്തു ഇലകൾ നുള്ളിയെടുക്കാൻ പാകമായ തേയില ചെടിക്കൂട്ടങ്ങൾക്കിടയിൽ സന്ധ്യാശോ ചാഞ്ഞുവീണു. ഇരുട്ട് പെരുത്ത് കയറുന്നതിനു മുമ്പ് അവൾ വീട്ടിലേക്കുള്ള ചെമ്മൺപാതയിൽ എത്തിയിരുന്നു . വീടിന്റെ മുൻവശത്ത് തിണ്ണയിൽ മൂത്തമകൻ ഇരിപ്പുണ്ടായിരുന്നു. മാസങ്ങൾ കാണുന്ന അമ്മയെ പരിഹാസത്തിന്റെ മുനയുള്ള ചോദ്യത്തോടെയവൻ എതിരേറ്റു,

കളക്ടറുദ്യോഗസ്ഥയ്ക്ക് ലീവ് കിട്ടാൻ ബുദ്ധിമുട്ട് ആയോ ഉള്ളിൽ തികട്ടിവന്ന ഗദ്ഗദത്തെ ഒതുക്കി അവൾ ഹൃദ്യമായി ചിരിക്കാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. പകരം വികാരരഹിതമായ വാക്കുകൾ പുറത്തു ചാടി, അച്ഛനെവിടെപ്പോയി ?

മറുപടി പെട്ടന്നായിരുന്നു. ഷാപ്പീന്ന് എത്താറായിട്ടുണ്ട്, ഇനിയങ്ങേർക്ക് എണ്ണിക്കൊടുക്കുന്ന കൂട്ടത്തീന്ന് മാറ്റി എനിക്കുള്ളത് വേറെ തരണം . കോളേജിലെ സീനിയർ ആയിട്ട് ബൈക്ക് ഇല്ലാതെ നാണംകെട്ടു വലഞ്ഞു. ബസ്സില് നെരങ്ങി മടുത്തു...

സ്വരത്തിൽ നിറഞ്ഞ, വിദ്വേഷത്തിന്റെ കലർപ്പിൽ അവൻ പറഞ്ഞു വന്നത് പൂർണ്ണമാക്കി. വീടുവീടാന്തരം നിരങ്ങി തിന്ന് നടക്കണ തള്ളേ, നിങ്ങക്കത് മനസ്സിലാവില്ല.


നാട്ടിടവഴിയിൽ നിന്നും നീണ്ട ചുമ, ഭർത്താവിന്റെ ഇരുൾ രൂപം .

അകത്തുനിന്നും ഇളയ മകൻ പുറത്തേക്കു വന്നു. അവൾ തോൾബാഗിൽ നിന്നും ഹോട്ടലിൽ നിന്ന് വാങ്ങിയ പാഴ്സൽ അവനെടുത്ത് കൊടുത്തു . അവൻ അതും വാങ്ങി അകത്തേക്ക് ഓടി . ഉമ്മറതിണ്ണയിൽ നിന്നും അകത്തേക്ക് അവൾ പ്രവേശിക്കുമ്പോൾ മൂത്തമകൻ സന്ധ്യാവിളക്ക് വയ്ക്കാറുള്ള ചുമരിലെ ചതുരദ്വാരത്തിൽ, വിളക്കിനടുത്ത് വെച്ച അവന്റെ സിഗാർ ലൈറ്റർ എടുത്ത് മുറ്റത്തേക്ക് ഇറങ്ങി, മെല്ലെ ഇരുളിലേക്കൂളയിട്ടു. അകത്തെ മുറിയിൽ അവളുടെ കയ്യിൽ നിന്നും പിടിച്ചെടുക്കും പോലെ നോട്ടുകൾ വാങ്ങി തുപ്പൽതൊട്ട് അയാൾ എണ്ണി നോക്കി .

ഇത്തവണ കുറേ ഉണ്ടാക്കിയല്ലോ, ആരുടെ കൂടെ കിടന്നു കൊടുത്തിട്ടാടീ...

അയാൾ കൈവീശി അവളുടെ മുഖത്തടിച്ചു. മുറിയിലെ മങ്ങിയ വെളിച്ചത്തിൽ അവൾ നിലത്ത് കൊഴിഞ്ഞുവീണു, പിന്നെ അവളിൽ നിന്ന് ഉരുൾപൊട്ടിയ നിലവിളി ആ വീടിനെ വലയം ചെയ്തുയർന്നു പൊങ്ങിയപ്പോൾ തൊട്ടടുത്ത അടുക്കള മുറിയിലിരുന്ന് അവളുടെ ഇളയ മകൻ തുറന്നു വെച്ച ഭക്ഷണ പൊതിയിലെ അവസാനത്തെ പൊറോട്ടയുടെ രുചി അറിയാനുള്ള തിരക്കിലായിരുന്നു. ●

കഥ



വി.പി.ജോൺസ്

# പ്രണയ ഭാരങ്ങൾ



**ആ**കാശമാർഗ്ഗത്തിൽ നിന്ന് തെന്നി വീണ് ഉടലാകെ ഒടിഞ്ഞുമുറിഞ്ഞ് അറ്റുപോയ ചിറകുകളിൽ ശരറാന്തലിന്റെ മങ്ങിയ വെളിച്ചം! അവൾ ചിറകുതളർന്ന പക്ഷി.

അയാൾ അവളുടെ പുഷ്പസദൃശമായ ഹൃദയലാവണ്യം വശ്യമായ മനക്കണ്ണിൽ ദർശിച്ചു. വസന്തം പൂത്തുല്ലസിക്കുമായിരുന്ന ഒരു ഗതകാല നിനവ്.

ഇപ്പോൾ രാവിനും പകലിനും ഇടയ്ക്കുള്ള ത്രിസ്സന്ധ്യയിൽ വർണ്ണശോഭ കലർന്ന നിദ്ര. അതു പകർന്നുതരുന്ന സുഖസുഷുപ്തിയിൽ അവളൊന്നു മയങ്ങുന്നു. നിശ്ശബ്ദതയുടെ അടക്കിപ്പിടിച്ച നിലവിളിയുടെ ഒച്ച പുറത്തു കേൾക്കുന്നുണ്ടായിരുന്നില്ല. വലംകയ്യിലെ തള്ളവിരല് ഹൃദയാന്തർഭാഗത്ത് അമർത്തിപ്പിടിച്ചുള്ള ഗദ്ഗദങ്ങൾ- വായു അതിനെ പതിയെ ഒപ്പിയെടുക്കുന്നു.

എന്നിട്ടും അവൾ പേടിസ്വപ്നങ്ങൾക്കു അശേഷം വശംവദയാകാതെ വായനയുടെ ലോകത്തു മനസ്സ് നട്ടു കിടന്നു.

വീണ്ടും നിശ്ശബ്ദതയുടെ പ്രകാശം പരന്നുപോകുന്നു ഇതിനിടയിൽ പൊടുന്നനെ ലിപി മയക്കത്തിൽ നിന്ന് പാതി ഉണർന്ന് ഒരു ദീർഘനിശ്വാസം വിട്ടു. അവൾ കണ്ണുകൾ പതിയെ അടച്ചുപിടിച്ച് ഈശ്വരകടാക്ഷത്തിനു ഹൃദയത്തെ ഒരുക്കി.

ഈശ്വര കടാക്ഷം ഏതു കഠിന പ്രതിസന്ധിയേയും മറികടക്കാൻ മനുഷ്യരെ സജ്ജരാക്കാതിരിക്കുമോ? ലിപിയുടെ ആത്മവിശ്വാസം പീലി വിടർത്തി.

തേജസ്സ് മുറ്റി നിൽക്കുന്ന ആ മിഴികളിൽ നിന്ന് ആശ്വാസ ബാഷ്പം മൊസേക്കു തറയിലേക്കു ഒലിച്ചിറങ്ങുന്നത് കണ്ടുവോ?

എന്തൊരു പരിതാപകരമായ അവസ്ഥയാണ് ലിപിയുടേത്. സങ്കടത്തോടെ എല്ലാം താൻ സഹിച്ചുപോ

കുന്നു എന്നാവാം അതിന്റെ അർത്ഥം. അത്രമേൽ പ്രത്യാശയും ഉണ്ട് അവൾക്ക് അതാ കണ്ണുകളിലെ തിളക്കത്തിൽനിന്നുതന്നെ തിരിച്ചറിയാം.

ഒരു ചെറുനോട്ടം, ഒരു ചെറുപുഞ്ചിരി, ഒരു ചെറുകരസ്പർശം, സുഗന്ധപൂരിതമായ ഒരു കണ്ണാട്ടം. അതുതന്നെ ധാരാളമാണവൾക്ക്.

തുടർന്ന് അവൾ ജനൽപാളികളിലേക്ക് കണ്ണോടിച്ചപ്പോൾ പുറത്ത് മയിൽപ്പീലിത്തുണ്ടുകളും കുഞ്ഞുകുരുവികളും കരിയിലകൾക്കുമീതെ പാറിനടക്കുന്നുണ്ടായിരുന്നു. അവളുടെ കണ്ണുകളിൽ ഇപ്പോൾ ജനിച്ചുവീണ നിലാവിന്റെ തളിരിലകൾ ചിരി നിറച്ചു.

ഒപ്പം സമീപത്തു പ്രത്യക്ഷപ്പെട്ട ഇരുൾവനങ്ങളിൽ നിന്ന് ഇടതൂർന്ന് വാർന്നുവീഴുന്ന മഞ്ഞുകണങ്ങൾ.

ആ പരമസാധുവായ യുവതിയുടെ ആർദ്രമായ മിഴിയിടങ്ങളിൽ നിന്നാണ് അവ പിറവിയെടുക്കുന്നതെന്ന് ആരെങ്കിലുമൊരാളെങ്കിലും തിരിച്ചറിയുന്നതുണ്ടോ? ഇല്ലല്ലോ? അതാണ് പരമദയനീയമായ ഒരു വശം.

വികാരഭേദങ്ങളുടെ നിണപ്പകർച്ച എന്തെന്ന് പിടികിട്ടാത്ത ഒരു തിരുമുടിഞ്ഞ കഥാകാരനാണ് സകല വേണ്ടാതീനങ്ങളും എഴുതിക്കൂട്ടുന്നത്.

ഓർമ്മയുടെ ഒരു ചെറു വിളക്ക് ഇതോടെ തെളിയാൻ തുടങ്ങി.

അവൾ തൂകുന്ന സങ്കടക്കണ്ണുനീര് യഥാർത്ഥത്തിൽ ആനന്ദബാഷ്പമാകുന്ന തുഷാര ബിന്ദുക്കളാണെന്ന് ഉദ്ഘോഷിക്കുകയാണ് ഈ കാട്ടുകള്ളൻ കഥാകാരൻ ചെയ്തുകളയുന്നത്.

എത്ര നിഷ്ഠൂരവും വിസ്മയജനകവുമായ ഒരു മുടിയൻ നിയോഗമാണ് ഇത്? ആരാണ് ഇയാൾക്കു ഈ അധികാരം നൽകിയത്?

എഴുത്തുകാർ ചിലപ്പോഴെങ്കിലും തനി പമ്പരവിഡ്ഢികളായി രൂപാന്തരം പ്രാപിക്കാറുണ്ട്.. ആ സന്ദിഗ്ദ്ഘട്ടങ്ങളിൽ അവർ കഥാപാത്രങ്ങളുടെ ഹൃദയാന്തർഭാഗങ്ങളിലേക്ക് ഊളിയിട്ടു ചെന്നു ഉൾരഹസ്യങ്ങൾ ചോർത്തിയെടുക്കാൻ പരിശ്രമിക്കുമ്പോൾ ഇതും ഇതിലപ്പുറവും സംഭവിക്കാൻ വല്ല ബുദ്ധിമുട്ടുമുണ്ടോ? മൗനവ്രതക്കാരായ കഥാപാത്രങ്ങൾക്ക് ഈ ദുർഘടാവസ്ഥകളിൽ അനുഭവപ്പെടുന്ന അസ്വാരസ്യവും അതൃപ്തികളും ഈ എഴുത്തു പരിഷകൾ നിർദ്ദാക്ഷിണ്യം അവഗണിച്ചുതള്ളുകയല്ലേ സാധാരണ പതിവ്? അതു തന്നെയല്ലേ കഥകളുടെയും ദാരുണാന്ത്യങ്ങൾക്കു നിമിത്തമാകുന്നതും? എത്രമേൽ കൗതുകമുള്ള കാര്യങ്ങളാണോ ഇവന്മാര് കല്പിച്ചുകൂട്ടി പൊട്ടിച്ചുകളയുന്നത്?

കിരീടം നഷ്ടപ്പെട്ട രാജാക്കന്മാർ പ്രജകളുടെ ദൃഷ്ടികളിൽ അപ്പാടെ നിസ്തേജരും നിന്ദാ പാത്രങ്ങളുമായി അതിവേഗം അധഃപതിച്ചുപോകുമത്രേ ! അധികാരം വിട്ടൊഴിഞ്ഞ മന്ത്രിയുടെ നിലയും ഇതിൽ നിന്നും അശേഷംപോലും ഭിന്നവുമല്ലപോൽ. ആരാലും ഒട്ടും വിലമതിക്കാൻ യോഗ്യനല്ലാത്ത ആ പാവം മനുഷ്യൻ ശിരോഭാരം താങ്ങാനാകാത്തെ തലയും താഴ്ത്തിപ്പിടിച്ചുകൊണ്ടുള്ള ആ നടത്തം എത്ര തന്മയത്വത്തോടെയാണ് കഥാകാരൻ കശ്മലൻ എഴുതി പിടിപ്പിച്ചിരിക്കുന്നത്?

തല മുറിയൻ എഴുത്തുകാരൻ അപ്രകാരമൊക്കയാണ് ഒരുതരം പരി ഗണനയും നൽകാതെ ആ നിർഭാഗ്യജന്മത്തെ അടയാളപ്പെടുത്തിയത്!

ലിപി വായനക്കിടയിൽ സ്വയം ചോദിച്ചുപോയി.

-എതു മഹാഗോളത്തിലെ ഫിലോസഫറാണ് ഈയാൾക്ക് ഇവ്വണ്ണമൊക്കെ വിഷയ വ്യതിയാനം നിർവ്വഹിക്കാൻ പ്രചോദനം നൽകിയത്? അല്ലെങ്കിൽപ്പിന്നെ എന്താ ഇതിനു പറയ്വാ?

ലിപി, തന്നെ അതിനുതക്ക മറുപടിയും ചികഞ്ഞു കണ്ടുപിടിക്കുന്നു.

പത്തുനൂറു കൊല്ലത്തെ പഴക്കമുള്ള ഒരു കഥയാന്നേ

സത്യമാണോ?

ആന്നേ -

പകലുപോലെ സത്യമാന്നേ. ലിപി പിന്നെയും സംശയം ചോദിക്കുന്നു. എങ്കിലും ഒരു സത്യമെങ്കിലും ഈ കഥാകാരൻ ഓർക്കേണ്ടതായിരുന്നു. അനിതര സാധാരണമായ ഉൾക്കാഴ്ച്ചയുള്ള ഒരു നേതാവായിരുന്നില്ലേ അദ്ദേഹം? അതെന്തുകൊണ്ടാണ് ജീവിത വ്യാഖ്യാതാവെന്ന് സ്വയം മേനി നടിക്കന്ന ഈ സർഗധനൻ വിട്ടുകളഞ്ഞത്?

അതല്ലേ അതിന്റെ രസം! അപ്പോൾ സംഗതി മറ്റെന്തോ ആണ് കാരണം!

മാനുഷികത്വത്തിന്റെ ഇഴബന്ധങ്ങൾ വക്കും പൊട്ടും തെറ്റാതെ കാത്തുസൂക്ഷിക്കാൻ ചില്ലറ ക്ലേശങ്ങളലല്ലോ സഹിക്കേണ്ടിവരുക?

ലിപി ക്ഷീണമൊക്കെ പാടെ മറന്നുപിടിച്ച് പുസ്തകത്തോടാരായുന്നു.

-പുസ്തകത്തിൽനിന്നും എന്തു മറുപടി കിട്ടാൻ?

സമൂഹത്തിൽ ഇപ്പോഴും പലയാളുകൾക്കും ഇദ്ദേഹത്തോട് ഇഷ്ടംകലർന്ന ബഹുമാനവുമല്ലേ ഉള്ളത്?

എന്നാൽ കഥാകാരനും ചില പ്രത്യേകതകളൊക്കെയുണ്ടെന്ന് ലിപിക്ക് മനസ്സിലാവായ്കയല്ല.

വാർദ്ധക്യം, ഗൃഹാതുരത്വം, ഓർമ്മ, മറവി, സാന്ത്വനം എന്നിവയുടെ ചുടുലാവകൾ നിരന്തരം ഒഴുകിപ്പരക്കാൻ തുടങ്ങുമ്പോൾ സംഗതി ശരേന്ന് ദോഷാവുകയാണ് പതിവ്.

പ്രകാശമാനമായിരുന്ന ആ കൃഷ്ണമണികൾ താഴോട്ടും മേലോട്ടുമായി ഇടവിടാതെ ഉരുണ്ടു കളിക്കുന്നത് ലിപി കൗതുകപൂർവ്വം നോക്കിക്കണ്ടു.

ഓരോരോ ഓർമ്മ തുടുപ്പുകളേയ്.

ഈ സമയത്താണ് നിരന്തര വായനയിലൂടെ താൻ മനസ്സിന്റെ അകത്തളങ്ങ ളിൽ വക്കുപൊട്ടാൻ അനുവദിക്കാതെ സൂക്ഷിച്ചുവച്ചിരുന്ന ഗീതാശ്ലോകം അവളുടെ അകക്കണ്ണിൽ നിന്ന് ഒലിച്ചിറങ്ങുന്നത്.

-കാമാത് - അഭിജായതേ ക്രോധഃ
ക്രോധാത് ഭവതി സമ്മോഹഃ
സമ്മോഹാത് സ്മൃതിഭ്രംശം
സ്മൃതി ഭ്രംശാത് ബുദ്ധിനാശം.
ബുദ്ധി നാശാത് വിനശ്യതി.

തന്റെ ആൺചങ്ങാതിയായ അയാളും ഇത്തരം കാര്യങ്ങളിൽ അമ്പേ നിസ്സാരക്കാരനൊന്നുമായിരുന്നില്ലല്ലോ? ഒരു ഒന്ന് ഒന്നര മടങ്ങ് നിപുണനുമാ യിരുന്നെന്നും പറയാം. അവൾ ഓർമ്മക്കാറ്റിൽ പിന്നെയും ഒന്നുലഞ്ഞു നിവർന്നു.

സ്ത്രീ-പുരുഷ ബന്ധങ്ങളിലെ അതീവ സങ്കീർണ്ണമായ പ്രശ്നങ്ങളെ അതിഗാഢമായി, എന്നാലോ തികഞ്ഞ ലാഘവബുദ്ധിയോടെ വിശകലനം ചെയ്യാൻ ഉത്സുകനായ ഒരു ബുദ്ധിജീവി. അപ്രകാരം അയാളെയണ്ടു വെറുതെ വിശേഷിപ്പിക്കാൻ പറ്റുമോ?

അവൾ സത്യം മാത്രം പറയാൻ ശ്രമിക്കുന്നു. 'വാസ്തവത്തിൽ അയാൾ ഒരു സ്യൂഡോ ഇന്റലക്ച്വൽ മാത്രമായിരുന്നില്ലേ? വലിയ ജാടക്കാരനായ ഒരു ഫേയ്ക്.

അനന്തരം അവൾ പിന്നെയും പുസ്തകത്തിൽ മാത്രം ശ്രദ്ധയൂന്നിക്കൊണ്ടിരിക്കേ,

പൊടുന്നനേ അയാൾ പാതിയുറക്കത്തിൽ നിന്ന് ഞെട്ടി ഉണർന്നു കഴിഞ്ഞിരുന്നു. നിദ്രാഭംഗത്തിന്റെ പുളിപ്പ് അയാളുടെ കൺതടങ്ങളിൽ വട്ടമിട്ടുനിന്നു. ഉറക്കച്ചടവിന്റെ കാർമേഘങ്ങൾ അയാൾക്കു ചുറ്റും പറന്നുനടന്നു. അയാൾ തെല്ലുമാത്ര വല്ലാതെ ക്ഷുഭിതനായി. എങ്കിലും പക്ഷേ ഉത്തരക്ഷണത്തിൽതന്നെ അയാൾ മഹാത്യാഗി എന്നു സ്വയം ഭാവിച്ചു മനസ്സ് നിവർത്തിപ്പിടിച്ച്, സ്വന്തം അസഹിഷ്ണുതയെ പുതിയ ടർക്കിഷ് ടവ്വലുകൊണ്ട് നന്നായി പൊതിഞ്ഞു പിടിച്ചു. പിന്നീട് മലച്ച മിഴികളോടെ അവൾക്കുനേരെ ഒന്നു കണ്ണു തിരിച്ചു.

-ഒന്നു നേരെ ചൊവ്വെ കിടന്നുതിരിയാൻ പോലും കഴിയുന്നില്ലെങ്കിലും എത്രയധികം ഗ്രന്ഥങ്ങളാണ് ഇവൾ ദിവസംപ്രതി വായിച്ചുകൂട്ടുന്നത്.

തുടർന്നയാൾ ഇങ്ങനെ നീട്ടിപ്പരത്തി ചിന്തിക്കുന്നു.

ഇവൾക്കു ലിപി എന്നു പേരു വച്ചത് ആരായിരിയ്ക്കാം? മാതാപിതാക്കൾ; അതല്ലെങ്കിൽ മുത്തശ്ശി-മുത്തച്ഛൻമാരിൽത്തന്നെ ആരെങ്കിലും ഒരാൾ ആയിരിക്കുമോ?

ദൂരവ്യാപകമായ ഫലങ്ങളുളവാക്കിയ ആ ദീർഘദൃഷ്ടിയെ അകമഴിഞ്ഞ് ആർക്കും അഭിനന്ദിക്കാതിരിക്കാനാവില്ല.

ആളും പേരും തമ്മിൽ എന്താ ഒരിണക്കം?

കാലവർഷപ്പേമാരിയിൽ കുട്ടനാട്ടെ തറവാട്ടുപുരയിൽ പെറ്റുവീണ ഇവളെ 'മാരി' എന്നു വിളിക്കുകയായിരുന്നു കൂടുതൽ ഉചിതം!

ഈയൊര് പ്രത്യേക നിമിഷത്തിൽത്തന്നെ തന്റെ ഇളം മയിൽപ്പീലികൾ ശിശിരത്തിലെ മഞ്ഞുകണങ്ങൾപോലെ മൊസേയ്ക്ക് തറയ്ക്കകത്തേയ്ക്കു ഒഴുകിപ്പരക്കുന്നതവൾ ഹൃദയത്തിൽ അറിഞ്ഞു.

പ്രണയം ദയാരഹിതമെന്നുള്ളതുപോലെ ഭയരഹിതവുമാണെന്ന വാസ്തവം അവൾക്ക് ഈയൊര് നിമിഷംകൊണ്ടുതന്നെ പൂർണ്ണമായും ബോധ്യമായി. മനുഷ്യർക്ക് ജരാനരകൾ ബാധിക്കുമ്പോഴാണ് പ്രണയസസ്യങ്ങളിൽ പുതുപുത്തൻ പൊടിപ്പുകൾ മുളയെടുക്കുകയെന്നത് ആർക്കാനുമുണ്ടോ ഊഹിക്കാനാവുന്നു? പ്രണയം മറ്റൊരർത്ഥത്തിൽ ഒരു ചതിയനും കൂടിയല്ലേ?

അങ്ങനെയൊക്കെയാണ് ലിപി ഇപ്പോൾ നിരൂപിച്ചുകൂട്ടുന്നത്. തുടർന്ന് അവൾ തന്റെ കേവലമായ ഭയാശങ്കകൾ ആകാശത്തിന്റെ പവിത്രമായ മാറിടത്തിലേക്ക് മിഴികൾ വീശി പ്രകാശനം ചെയ്തു.

വാഗ്ദാനങ്ങളിൽ അഭിരമിക്കുന്ന നിരർത്ഥക വചസ്സുകൾ, പ്രേമബന്ധുരമായ കമിതാക്കൾക്കിടയിൽ നേരിട്ടു വന്നു രൂപം കൊ

ള്ളുന്നതായി മനഃശാസ്ത്ര വിശാരന്മാർ എഴുതി നിറക്കുന്നു. ആരാണ് ഇതൊക്കെ ഗൗനിക്കാൻ പോകുന്നു? പക്ഷേ അന്ധമായ പ്രണയം അപകടകരമായ ദുരന്ത ത്തിൽതന്നെയല്ലേ സ്വാഭാവികമായി സമാധി അടയുക! അതല്ലാതെ മറ്റെന്തു

ന്യായങ്ങളായിരിക്കും ഈ ദുരഭിമാന മർഡറുകൾക്കു പിറകിൽ?

ലിപിയുടെ ആധുനിക ചിന്താശകലങ്ങൾ അവിടമാകെ പടർന്നു പര ക്കുമ്പോഴാണ്, അയാൾ തിടുക്കപ്പെട്ട് ശയനമുറിയുടെ വാതായനങ്ങൾ തള്ളി ത്തുറന്നു പുറത്തുകടക്കുന്നത്?

എന്നിട്ട് ശയ്യാവലംബിയായ ലിപി കഴിച്ചുകൂട്ടുന്ന ഇടമുറി മറികടന്ന്, ധടുതിയിൽ അലമാരി വലിച്ചുതുറന്ന് അലക്കിത്തേച്ച വസ്ത്രങ്ങൾ ധൃതിയിൽ എടുത്തണിഞ്ഞു അയാൾ.

അവൾ ഇക്കാര്യത്തിൽ അശേഷംപോലും ശ്രദ്ധിക്കാതെ, ജനൽപ്പൊഴി കളിലൂടെ മന്ദംമന്ദം വന്നുവീണുകൊണ്ടിരിക്കുന്ന ചന്ദ്രകിരണങ്ങളിൽ സമ്പൂർണ്ണമായി മനസ്സും ദേഹവുമർപ്പിച്ച് ശീതാംശുക്കളെ തലോടി കിടന്നു.

ഇപ്പോൾ അവളുടെ ഹൃദയം പനിരീരമലർപോലെ വിടർന്ന് പരന്നു സൗരഭ്യം പൊഴിച്ചു. മനസ്സ് ധവളാഭവും ചന്ദനശീതളവുമായി മാറി. തന്റെ കൈകാലുകളെ തെല്ലും ചലിപ്പിക്കാൻ കഴിയുന്നില്ലെങ്കിലും അവളുടെ മുഖം പൗർണ്ണമിപോലെ പ്രസന്നാഭമായിരിക്കുന്നു. ആരോടുംപോലുമില്ല അവൾക്കു പരിഭവം. വായനയിലും പ്രാർത്ഥനയിലും സദാ മുഴുകുക എന്നതു മാത്രമാ ണവളുടെ ദിനചര്യ. ആഹാരംപോലും നാമ മാത്രവും.

പ ഇതിനിടയ്ക്കയാൾ മോടിയായി വസ്ത്രധാരണം ചെയ്ത്ത് പുറത്തേക്കി റങ്ങുന്ന കാഴ്ച്ചയാണ് അവളുടെ നേത്രവട്ടത്തു പറന്നുപതിക്കുന്നത്.

അവൾ സ്വാഭാവികമായും ഒരക്ഷരം ഉരിയാടാൻ തുനിയാതെ നിശ്ശബ്ദം നിർവികാരയായി ആ കാഴ്ച്ച നോക്കിക്കണ്ടു കിടന്നു.

എങ്കിലും ആ മനസ്സ് മന്ത്രിച്ചു: – ഇത് എന്തിനുള്ള പുറപ്പാടാണിയാൾ? തന്റെ സന്ദേഹം വെളിക്കു ചാടാതിരിക്കാൻ അവൾ പ്രത്യേകം ശ്രദ്ധിച്ചു ശങ്കയുടെ കാറ്റിനെ ആയാസപ്പെട്ടു പിടിച്ചുകെട്ടി.

അയാൾ ദീർഘകാലമായി തന്റെ കരചരണങ്ങളും, മെയ്യും മനസ്സും, മാധുര്യവും, കണ്ണീരും, കിനാവും, പൂക്കാലവും പൂവാടിയുമൊക്കെയായിത്ത ന്നെയായല്ലേ ഇക്കണ്ട കാലമൊക്കെയും കഴിച്ചുകൂട്ടിയത്? തനിക്കയാൾ താങ്ങും തണലും താഴ്‌വാരവും മറ്റുമായിരുന്നില്ലേ പോയകാലങ്ങളിലെന്നും? അല്പം താൻ പോരിമയും, പൊങ്ങച്ചവും, ബുദ്ധിജീവി നാട്യവും ഒക്കെ ഉണ്ടെന്നല്ലേ ഉള്ളൂ? എങ്കിലും തന്നോടയാൾക്കു ഇപ്പോഴും അളവറ്റ സ്നേഹവും കാരുണ്യവും, ആർദ്രതയുമൊക്കെ ഉണ്ടെന്നുള്ളത് ഒരു സത്യം തന്നെയല്ലേ?

അവൾ അയാളെ പ്രണയവും അനുകമ്പയും വഴിഞ്ഞൊഴുകുന്ന മിഴികളോടെ ഉറ്റു നോക്കി. അവളുടെ മിഴികൾ കണ്ണീരണിയുന്നത് അയാൾ കണ്ടു.

– ഒരുപക്ഷേ പറഞ്ഞാലൊടുങ്ങാത്തത്ര ശരണക്കേടായിട്ടുണ്ടാകുമോ താനയാൾക്ക്?

അവൾ വെറുതെ ശങ്കിക്കുന്നു. അതോർത്തപ്പോൾ അവളുടെ നയനങ്ങൾ പിന്നെയും നനഞ്ഞു കുതിർന്നു. ഹൃദയം അകാരണമായിനൊന്തുപോകുന്നു.–

–പോയി എവിടേക്കിലും ചെന്നിരുന്ന് അല്പം ആശ്വാസം കൊള്ളട്ടെ പാവം.

ആ മനുഷ്യൻ നന്നായി ഒന്നുറങ്ങിയിട്ടു തന്നെ എത്ര ദിവസങ്ങളായി?

അവൾക്കയാളോടു എന്തെന്നില്ലാത്തവിധം സഹതാപവും അനുകമ്പയും

തോന്നി.

അയാൾ അവളോടു താനൊന്നുപുറത്തു പോവുകയാണെന്ന് ആംഗ്യം കാട്ടി.

തുടർന്ന് അവൾ തന്റെ ആർദ്രനയനങ്ങൾ മച്ചിലേക്ക് നീട്ടി വീശി.

ഉത്കണ്ഠാഭാരത്താൽ ആ മെലിഞ്ഞു പോയ ഉള്ള് പാടേ ഒന്നുലഞ്ഞുവോ, എന്തോ?

–ഈശ്വരാ ഒരാപത്തും പറ്റാതെ ഉടൻതന്നെ ഒന്നു തിരിച്ചുവന്നാൽ

മതിയായിരുന്നു. ഇപ്പോൾ അവളുടെ തേങ്ങലുകൾ നിലച്ചു. ഹൃദയം ആനന്ദനിർഭരമായി.

അനന്തരം അവൾ പ്രാർത്ഥനയിലേക്കും പുസ്തകവായനയിലേക്കും മന സ്സിനെ സഞ്ചരിപ്പിക്കാൻ തുടങ്ങി.

●

# ഏറ്റവും കൂടുതൽ വേദനിക്കുന്നവർ

കവിത



സ്റ്റെല്ല മാത്യു



കൂടുതൽ വേദനിക്കുന്നവർ ആരാണെന്ന്
ചിന്തിച്ചുനോക്കി.

ഞാനാണെന്ന്
ഞാനെന്നോട് പറഞ്ഞു.
അപ്പോൾ
ചുറ്റുപാടു ശബ്ദങ്ങളും  അതാവർത്തിച്ചു.

ഇല കമിഴ്ന്നുവീണ കരച്ചിൽ കേട്ടു .
കാറ്റിന്റെ കത്തിയേറ്റ്
മരം പിളർന്നു.
മിന്നൽ ചുവട്ടിൽ തീയിട്ടു,
 നടുവ് പൊട്ടിയടർന്ന്,
താഴ് വരയും
എന്നോളം.. ആകാമോയെന്ന് ചോദിച്ചു.

ഉറുമ്പും
ഗൗളിയും
മാനും മയിലും ഭൂമിയുടെ അനന്തത കാണിച്ചു.

അവശേഷിച്ച
എന്നെ കാണാനൊരു ഭൂമിക്കണ്ണിനെ സൃഷ്ടിച്ചു.
അവളെന്നെ പച്ചയാക്കി
തണുപ്പാക്കി,
വൃക്ഷമാക്കി.
വേരൂന്നിയപ്പോൾ അനാദിയായി.
അണ്ണാറക്കണ്ണനും പക്ഷിയും കൂട്ടിരുന്നു.
വേദനയുടെ ചിലന്തികൾ
കൂടു മറന്നു.
മറ്റൊരുവനെയും കണ്ടെത്തുന്നതുവരെ
ഒരു പൂവ്
വിടരുന്ന ഒച്ചയിലും
ഞാൻ  ഞെട്ടിയെഴ്ന്നേൽക്കും.

# പലമ



രാജൻ സി എച്ച്

നമ്മൾ ഒരേ ഭൂമിയിൽ താമസിക്കും
പല ഗോളങ്ങളിൽ ജീവിച്ചുകൊണ്ട്.

നമ്മൾ ഒരേ ലോകത്തിൽ താമസിക്കും
പല കാലങ്ങളിൽ ജീവിച്ചുകൊണ്ട്.

നമ്മൾ ഒരേ സ്വപ്നത്തിൽ താമസിക്കും
പല ജന്മങ്ങളിൽ ജീവിച്ചുകൊണ്ട്.

നമ്മൾ ഒരേ രാഷ്ട്രത്തിൽ താമസിക്കും
പല രാഷ്ട്രീയങ്ങളിൽ ജീവിച്ചുകൊണ്ട്.

നമ്മൾ ഒരേ ദേശത്തിൽ താസിക്കും
പല ദേശീയതയിൽ ജീവിച്ചുകൊണ്ട്.

നമ്മൾ ഒരേ വീട്ടിൽ താമസിക്കും
പല മുറികളിൽ ജീവിച്ചുകൊണ്ട്.

നമ്മൾ ഒരേ ദേഹത്തിൽ താമസിക്കും
പല ആത്മാക്കളിൽ ജീവിച്ചുകൊണ്ട്.

നമ്മൾ താമസിക്കും ഓരോ അണുവിലും
പല ഗണങ്ങളിലെന്നതു പോലെ

നമ്മൾ താമസിക്കും ഓരോ മരണത്തിലും
പലമയിലെന്നതു പോലെ ജീവിതത്തിൽ.



കവിത

# ഇന്നലെകൾ



ഹാജറ കെ എം

ഒന്നു ചിരിക്കണമെന്നുണ്ട്
പഴയതു പോലെ
ഓണനിലാവിന്റെ
കുസൃതിക്കണ്ണുകളിൽ നോക്കി
പുലരാൻ കാത്തു വച്ച
ഓണസമ്മാനത്തെപ്പറ്റി
ഒരു വായ്ത്താരി പാടണമെന്നുണ്ട്.....

നൂറു പൂക്കൾ കട്ടെടുത്ത
ഇന്നലെകളെ കുറിച്ച്
ഒരു കാവ്യം രചിക്കണമെന്നുണ്ട്

എന്നിട്ടും
ഹൃദയം പിന്നിലേയ്ക്കെവിടെയോ
മുഖം തിരിച്ചിരിക്കുന്നതു പോലെ........

അല്ലെങ്കിൽ
വിങ്ങലുകൾ
ആരും കാണാതിരിക്കാൻ
പാടുപെടുന്നതു പോലെ

കാലത്തിന്റെ വൈകൃതത്തിൽ
വിറങ്ങലിച്ചു നിൽക്കുമ്പോൾ
ഇവിടെയെന്തോണം
എന്നാരോ കദനം പാടുന്നുവോ ?

ഉണ്ടായിരുന്നൊരു നല്ല
കാലത്തിന്റെ കൂട്ടിക്കൂട്ടി വച്ച
ഓർമപ്പൊട്ടുകളിൽ
മെല്ലെ തലോടവെ,

ആരോ പറയുന്നതു പോലെ
ഇന്ന് എത്ര ഉണ്ടായിട്ടുണ്ടെങ്കിലും
ഇന്നലെയുടെ ഇല്ലായ്മകളിലായിരുന്നുവത്രേ
ജീവിതം വർണാഭമായിരുന്നത് ......



# ഞാനും അയാളും ചിരപരിചിതരായിരുന്നു



മനീഷ

ഞാനും അയാളും പരിചിതരായിരുന്നു.
നിരത്തുവക്കിലെ,
ആളൊപ്പത്തിനേക്കാൾ
മുതിർന്ന
രക്ത മന്ദാരത്തിനോളം.
പുലർക്കാറ്റിൽ
ഇളം റോസ് ഇതളുകൾ
വിടർത്തി, വെയിലുമ്മകളിൽ തെല്ലു വാടി..
കറുപ്പിന്റെ മാറിലേക്ക്
അടർന്നു വീണ അനേകായിരം
രക്തമന്ദാരയിതളുകൾ
സാക്ഷി..

തീവണ്ടിയാപ്പീസിനും നഗരത്തിനും
ഒരേതിരക്ക് വന്ന കാലം.
തലപ്പൊക്കത്തിലൊരു
ഭക്ഷണശാല നിരത്തുവക്കിലുയർന്നു.
മുൻപിൽ നിറയെ പൂച്ചെടികളുള്ള
എപ്പോഴും കൊതിപ്പിക്കുന്ന
കാപ്പി മണം
പരത്തുന്ന
കണ്ണാടി ചില്ലുകളുമുള്ള
ഭക്ഷണശാല.
ആ സിമന്റ് മുറ്റവും,നിരത്തും
അതിരുപങ്കിടുന്നിടത്താണ്
അയാളെ ആദ്യം കണ്ടത്.
രക്തമന്ദാര തൈ നടുകയായിരുന്നു
നിരത്തു വക്കിലയാൾ..

തീവണ്ടിയിറങ്ങി തിടുക്കത്തിൽ നടക്കുന്ന
അനേകരിൽ ഒരുവൾ..
അതായിരുന്നു ഞാൻ.
കണ്ണിലാകെ കാരുണ്യം
നിറച്ചുവെച്ചൊരു കടൽ
മെലിഞ്ഞ ഉടലിനു
ഭാരമെന്നപോലൊരു
യൂണിഫോം.
നരച്ച താടി..
അയാൾക്ക് മുടിയുണ്ടോയെന്ന്
എനിക്ക് അറിയില്ല.
ഞാനയാളെ തൊപ്പിയൂരി
കണ്ടിട്ടേ ഇല്ലല്ലോ.

അയാൾ രക്തമന്ദാരം നനക്കുന്ന
രാവിലെകളിൽ
തിടുക്കനടത്തത്തിൽ
ഞങ്ങൾ പരസ്പരം ചിരിച്ചു.
പിന്നെ പിന്നെ കൈയിൽ
ഒരു ബോർഡ് കണ്ടു.

അത് നീട്ടി ഏവരെയും
ക്ഷണിച്ച്..
വൈകുന്നേര തിരക്കിൽ
വിസിലൂതി
വണ്ടികൾക്ക് വഴികാട്ടി ..
എത്ര വസന്തം..
എത്ര വേനൽ..

രക്തമന്ദാര ചോട്ടിൽ
ബോധമറ്റു കിടക്കുമ്പോഴും
കയ്യിൽ മീൽസ് റെഡി
എന്ന ബോർഡ് ഉണ്ടായിരുന്നു.
പിന്നെ ഞാൻ അയാളെ കണ്ടിട്ടേ ഇല്ല..
അയാൾ മരിച്ചുവോ?
അയാൾക്ക് പേരുണ്ടോ?
അയാൾക്ക് മുടിയുണ്ടോ
എന്ന് എനിക്ക് അറിയാത്തത് പോലെ
ഇതും എനിക്ക് അറിയില്ല.
ഒന്നുമൊന്നും അടയാളം
വെക്കാതെ മണ്ണടിയുന്ന
വെറും മനുഷ്യരിൽ
ഒരാളായിരുന്നല്ലോ അയാൾ.. ഞാനും!
അതെ..
ഞാനും അയാളും
ചിരപരിചിതരായിരുന്നു.



# ജീവപര്യന്തം



പി. സജീവ്കുമാർ

നമ്മളെല്ലാം ഇന്ന് ,
തുറന്ന ജയിലിലാണ്.
സഞ്ചാര സ്വാതന്ത്ര്യം ഉണ്ടാകിലും
ഉപഗ്രഹങ്ങൾ ഇടവിടാതെ
പിന്തുടരും
മൊബൈൽ നെറ്റ് വർക്കുകൾ
റൂട്ട്മാപ്പുകൾ ചികഞ്ഞു
കൊണ്ടേയിരിക്കും,
ഓരോ യാത്രയിടങ്ങളിലും
അനേകം ക്യാമറക്കണ്ണുകൾ
നിരീക്ഷിച്ചു,
കൊണ്ടേയിരിക്കും .
വാക്കുകളാൽ വാചാലമെങ്കിലും



പലയിടങ്ങളിലും വാക്കുകൾ
അടർത്തിമാറ്റപ്പെടും.
വിപരീതങ്ങൾ വിക്ഷേപിക്കപ്പെടും.
എഴുതിയ വരികൾക്ക്
മറതീർക്കാൻ
സൈബറിടങ്ങളിലടക്കം
കോർപ്പറേറ്റ് സാങ്കേതിക വിദ്യകൾ
പട നയിച്ചെത്തും.
ചിന്തകൾ സ്വന്തമെന്നു ആഹ്ലാദിക്കെ
നിർമിതബുദ്ധി പരിഹസിക്കും.

ഇഷ്ടം പോലെ വേഷഭൂഷകൾ
അണിയാമെന്നിരിക്കിലും
ചില കളങ്ങളിൽ, നിർത്താൻ
ആരൊക്കെയൊ ശ്രമിക്കും.
അടുക്കളയിലും
തീൻ മേശയിലെ പാത്രങ്ങളിലും
ചില സൂക്ഷ്മനോട്ടങ്ങളെത്തും.
അതെ ഞാനും, നിങ്ങളും
തുറന്ന ജയിലിലാണ്,
അവകാശസംഹിതകൾ
നഷ്ടം വന്ന തുരുത്തിലാണ്.
ജീവപര്യന്തം
സ്വാതന്ത്ര്യത്തിന്റെ നാനാർത്ഥങ്ങൾ
തിരയുകയാണ്.
ഇതാണ്
യാഥാർഥ്യമെങ്കിലും
നമ്മുടെ സ്വപ്നങ്ങളിൽ
പൂർണ്ണസ്വരാജ് ഉയരുന്നുണ്ട്,
വസന്തം,പൂക്കൾ ഉതിർക്കുന്നുണ്ട്,
നമ്മുടെ കാതുകളിൽ
മാറ്റത്തിന്റെ കടലിരമ്പങ്ങളുണ്ട്.

കവിത

# ഓണച്ചിന്ത്



ചിരിതൂകി വന്നെത്തി, ഓണപ്പുലരിയെൻ
ഹൃദയാങ്കണത്തിലെ മുക്കൂറ്റിയെന്ന പോൽ
ഉയരുന്നു പൂവിളി, ആത്മഹർഷങ്ങൾ തൻ
അലകളായ്,അറിയാത്തൊരീണമായി

നിലമിഴികളിൽ നീലാഞ്ജനം ചാർത്തി
ഒരു കുഞ്ഞുകാക്കപ്പൂ കൺതുറന്നു.
പൂർണമാകാത്തൊരു പൂക്കളം പോലെയാ-
വാതിലിനപ്പുറം ചാരി നിന്നു.

ഏതോ നിലാവിൻ വിശുദ്ധിപോൽ തുമ്പയും
തൂവെള്ള ചുറ്റി ഒരുങ്ങി നിന്നു
ആടിത്തിമിർക്കുവാനൂഞ്ഞാലുതേടുമോ-
രാവണി തെന്നലായ് പൂത്തു നിന്നു.

ഓർമ്മകൾക്കേതോ നിറച്ചാർത്തു തുന്നുവാൻ
ഓണക്കിളിയൊരു പാട്ടുപാടി
എതിരേല്ക്കുവാനൊരു മാവേലിയെന്നതും
എരിയുന്ന സ്വപ്നത്തിൻ ബാക്കിയല്ലേ...?



ലേഖ കാക്കനാട്ട്

# പാതി

പാതിയെന്നിലിരിപ്പുണ്ട് വാശികൾ
പാതിയെന്നിൽ ദയയുണ്ട് സങ്കടം
പാതിയെന്നിലുടവാളെടുക്കുന്നു
ദേവി, കാളി, മഹാദുർഗ്ഗ, ചാമുണ്ഡി
പാതിയെന്നിൽ നിശ്ശബ്ദമിരിപ്പുണ്ട്
ചാരുകേശി, സഹന, സാരംഗിയും
പാതിയെന്നിൽ കുടുങ്ങിക്കിടപ്പുണ്ട്
പാഴ്നിലാവിന്നിരുണ്ടഭൂഖണ്ഡങ്ങൾ
പാതിയെന്നിൽ സമുദ്രമിരമ്പവേ
പാതിയെന്നിൽ തടാകാർദ്രസ്പന്ദനം!



രമാ പിഷാരടി

പാതിയെന്നിൽ തകർന്നങ്ങിരിപ്പുണ്ട്
ഭൂമിയൊന്നങ്ങ് പിഞ്ഞിയ പട്ടുപോൽ
പാതിയെന്നിൽ പിടഞ്ഞ് വീഴുന്നുണ്ട്
പോർമുഖത്തിലെ യുദ്ധകാലപ്പൊരുൾ
പാതിനിർത്തിയെഴുതാൻ മടിക്കുന്ന
പേനയൊന്നുണ്ട് ധ്യാനമാർന്നങ്ങനെ
പാതിയിൽ ഞാനുറങ്ങിക്കിടക്കുന്നു
പാതിയിൽ ഞാനുലഞ്ഞലറീടുന്നു
പാതിയാവഴി ഞാൻ നടന്നീടുന്നു
പാതിയിൽ വച്ച് പിന്നോട്ട് പോകുന്നു
രണ്ടിലും നേരതുണ്ടെങ്കിലും എന്റെ-
ചിന്ത പൊട്ടിത്തെറിച്ച് പോയീടുന്നു

വേരതിൽ നിന്ന് ഭൂമി ചുംബിക്കുന്നു
ഞാനിലപ്പച്ചയായുണർന്നീടുന്നു
പാതിഭൂമി ജലം കവർന്നീടുന്നു
പാതിഭൂമി മണ്ണായി മാഞ്ഞീടുന്നു
പാതിയെന്നിലുണർന്ന കണ്ണീരല-
മൂടിനിൽക്കും മുഖം ചിരിപ്പൂവിതൾ..

# അഘോരികൾ



ഷഫീന സൈത്തൂൻ

കരിരാവ്,
തീപിടിച്ച് പ്രണയചില്ലകൾ!
താന്ത്രികവിധിപ്രകാരം
ആഭിചാരകർമ്മത്തിന് കളമൊരുങ്ങി.
കാളീപൂജയ്ക്ക് രതിനിർവേദ നേരം!
ഉടലുടുപ്പുകളായ് വിറകുകൊള്ളികൾ!
ജീർണ്ണശരീരമേറ്റുവാങ്ങാൻ,
ശ്മശാന ഭൂമികയിൽ
ശൈവമന്ത്രങ്ങൾ ചിതറി!
രാവാകെ ആവാഹനക്രിയകളുടെ ജയഭേരികൾ!
ദാഹം പൂണ്ട്,
ചുണ്ടുകൾ-
നഗ്നമേനികളിലാകെ
രക്തചിത്രങ്ങളുടെ പൊട്ടുതൊട്ടു.
തനുവിൽ ഉറഞ്ഞുകൂടിയ
സ്രവങ്ങളെല്ലാം സർപ്പനാവുകൾ  നക്കിത്തുടച്ചു.
രജസ്വലയായവളുടെ
അശുദ്ധി
മറികടന്ന്
ചടുലമായ കാലുകൾ-
കുരുതിക്കളങ്ങളിൽ പിണഞ്ഞുരുണ്ടു.
ഹൃദയത്തെയവർ ചവച്ചുതുപ്പി!
ബോധത്തെ ശൂലംകൊണ്ടു
കുത്തിയെടുത്തു മാറിലണിഞ്ഞു!
കീറിയ ഉടലുകളെ നിർദാക്ഷിണ്യം
ഹോമാഗ്നിയിലെറിഞ്ഞു!
സൃഷ്ടിയൊടുങ്ങി,
സ്ഥിതിയും,,,,
സംഹാരത്തിൽ
കാളിക്ക് നിർവൃതി,,,
മോക്ഷപ്രാപ്തി.!
പ്രണയഭസ്മം ചൂടിച്ച്
കാമതന്ത്രവിധിപ്രകാരം ചിന്തകളില്ലാത്ത
ദേഹികളായ് മരണപ്പെട്ടവളൊക്കെ
കാഴ്ച്ചമറന്ന്
ഘടിക്കാര സൂചികളിലേക്ക്
വരച്ചു വയ്ക്കപ്പെട്ടു.
ഉയിർമാംസം തിന്ന് ഇന്ദ്രിയങ്ങളിൽ
പെണ്മയെത്തളച്ച്  അവളിടങ്ങളിൽ
ഉടൽഭോഗികൾ  ആനന്ദനടനമാടി.
ചുടലക്കളങ്ങളിൽ നെയ്പകർന്ന്
ചുട്ടെരിച്ചുകൊന്ന പെണ്ണുങ്ങളുടെ
മാത്രം അഘോരികളുടെ  ലോകമെന്ന്
ഇവിടം അടയാളപ്പെട്ടു.
ആൺമയുടെ
തുടരടയാളങ്ങൾ



കവിത

# മഞ്ഞക്കിളി

”ഓണത്തിനമ്മയ്ക്കൊരു സമ്മാനമയച്ചിടാം
ഒക്കുകില്ലെനിയ്ക്കമ്മേ നാട്ടിലേക്കെത്തീടുവാൻ”

ഓമനമകൻ മറു-
നാട്ടിലൊരുദ്യോഗത്തിൽ
ഒഴിവില്ലൊരിക്കലും
അമ്മയെ കാണാനെത്താൻ

”ഓണത്തിനമ്മയ്ക്കൊന്നും വേണ്ടെന്റെയുണ്ണി-നിന്നെ
ഒന്നുകാണുവാനാശ-
യുണ്ടെനിയ്ക്കത്രയേറെ”

”ഒക്കുകില്ലെനിയ്ക്കത്ര
തിരക്കുണ്ടമ്മേയിപ്പോ-
ളൊരിക്കലെത്താമെന്നേ
പറയാൻ കഴിയുള്ളൂ”

കദനഭാരം വിങ്ങും
വൃദ്ധയാം മാതാവിന്റെ
കവിളിലൂടൊഴുകുന്നു
കണ്ണുനീരരുവികൾ

ഓണത്തിനെന്തായാലു-
മെത്തീടും മഹാബലി
ഓമനമകനൊട്ടും
നേരമില്ലത്രേ വരാൻ!

ഓണമായ് , മഞ്ഞക്കിളി
ചിലച്ചു മുറ്റത്തെത്തി
ഓണമുണ്ണാനുണ്ടമ്മേ
വന്നിടാം ഞാനും അരികിൽ.!



കൃഷ്ണകുമാർ മാപ്രാണം

# ഇഷ്ടവസന്തങ്ങൾ ഒലിച്ചുപോകയാൽ



ജബീറ


കവിത

ഇലവരിഞ്ഞിപ്പുഴയ്ക്കിരുപുറവും
ഇലക്കാടും
പൂപ്പാടവും
നട്ട നമ്മൾ
എത്ര പെട്ടെന്നാണ്
കിളികളായും
മീനുകളായും
മൺപാവകളായും
പരിണമിച്ചത്!

മഴ മുറിച്ചിട്ട
പുഴയുടെ
സംഹാരതാണ്ഡവത്തിൽ
തളരാതിരിക്കുവാൻ
എത്ര കൈകളാണ്
തമ്മിൽ കോർത്ത്
പാലങ്ങളാവേണ്ടത് !

ഇഷ്ടവസന്തങ്ങളെയെല്ലാം
ഇന്നലെകൾക്ക്
വിട്ടുകൊടുത്ത്
വീണ്ടുമൊരു ജീവിതത്തിലേക്ക്
പിറന്നുവീഴുമ്പോൾ
ഏതു വരികൾകൊണ്ടാണ് എന്നെ
എഴുതിത്തുടങ്ങേണ്ടത്?

എത്രയാഴത്തിൽ ഞാൻ വീണുപോയാലും
നിന്റെ ചങ്കിലെ ഒരുതരി വെളിച്ചംമതി
എനിക്ക്
പുറത്തേക്കുള്ള
വഴിതെളിയുവാൻ.



# ആയിരത്തിയൊന്നു രാവുകൾക്ക് ശേഷം



കവിത

നിറവർണ്ണങ്ങൾ മറയാതെ
പൊഴിയണമെങ്കിൽ
മനം നിറയെ നനയണം.

സൗരഭ്യം മായാതെ
നിറയണമെങ്കിൽ
പൂവുള്ളത്തിൽ
മനം കുളിർക്കെ നിറയണം.

ചിരിപ്പൂവിൽ ചിരിയറിഞ്ഞു
നിറയണമെങ്കിൽ
കറയില്ലാത്ത ഹൃദയ-
ത്തിന്റെ പൂട്ടു തുറക്കണം.

സ്വപ്ന മിഴികളിൽ നിദ്ര
പുൽകണമെങ്കിൽ
അകക്കാമ്പിൽ
തേനുറവ നിറയണം

പ്രിയനേ, ഹൃദയത്തിൽ
ചേർത്ത് ചൂടണമെങ്കിൽ
മനംനിറയെ റൂഹ് നിറയണം
ലയം കൊള്ളണം



കയ്യുമ്മു കോട്ടപ്പടി



# ഓണം

നുഷറ. സി എച്ച്


സമത്വ സുന്ദരമായൊരു
സ്വപ്നത്തിൻറെ നിനവിൽ
ചിണുങ്ങി, ചാറി പെയ്യുന്ന,
ചെറുചാറ്റൽ മഴയിൽ
ചിങ്ങമാസം വിരുന്നെത്തി.
ചെമ്പരത്തിയും,ചെത്തിപൂവും
ചെഞ്ചോപ്പണിഞ്ഞു വരവേറ്റു.
മുക്കുറ്റിയും, തുമ്പയും
മന്ദമാരുതനൊപ്പം നൃത്തമാടി.
ഓണവെയിലിനെയുറ്റു നോക്കി
ഓലഞ്ഞാലിക്കിളി ആർപ്പു വിളിച്ചു.
ഓർമയിലെ ഓണത്തിനിപ്പുറം
പൂക്കൂടകളിൽ ജമന്തിയും
ചെട്ടിയും വാടാർമല്ലിയും
വില്പനക്കായൊരുങ്ങി നിന്നു.
ഓണപ്പൂക്കളത്തിൽ നിന്നും
തൊടിയിടങ്ങളിൽ നിന്നും
തുമ്പയും, മുക്കുറ്റിയും
കാഴ്ചയിൽ മാഞ്ഞു പോയി.
കാലങ്ങൾ പടികടക്കുമ്പോൾ
തിരികെ കിട്ടാത്ത ഓർമകളായ്
പിന്നിലാഴത്തിൽ മറഞ്ഞുപോയ്.
ബാല്യത്തിൽ നിറഞ്ഞ
ഓണവും, ഓണപ്പൂക്കളവും,
ഇന്നീ വെറും ജീവനറ്റ,
തരി സുഗന്ധമില്ലാത്ത,
കച്ചവടക്കൂടയിൽ വാടിത്തളർന്ന
പൂക്കളാൽ പുറംമോടി മാത്രമായ്.
നമ്മളില്ലാതെ ഞാനും നീയുമായി
ജാതി കോടിയുടുത്തപ്പോൾ
ഒരുമയുടെ ഓണങ്ങളുറങ്ങി
എങ്കിലുമൽപം ഇന്നും ബാക്കി



കവിത

# രണ്ടു ചിന്തകൾ





ഡോ. രമ്യ രാജ്

ഒന്ന് മറ്റൊന്നിൽ നിന്ന് പൊട്ടിത്തെറിച്ചതാവണം
ഒന്നിൽ ചവിട്ടി നിന്ന് മറ്റേതിനെ മെരുക്കാൻ കഴിയണം
തികച്ചും ലോലമായൊരു സ്‌ പർശം കൊണ്ട്
ചിറകുകളുടെ മൂർച്ച കൊണ്ട്,
കൊമ്പു കോർക്കലുകളിൽ ഇമ്പമില്ലെന്ന്
പറഞ്ഞതാരാണ്....?
ഒന്ന് മറ്റൊന്നിന് പഴുതടച്ച തുടർച്ചയാവുന്നില്ലേ...
പാലം പണിയുന്ന മനക്കരുക്കൾ....
ഒരിക്കൽ പിറന്നാൽ
കണ്ണികൾ തേടിക്കൊണ്ടിരിക്കുന്ന തുറന്ന ജാലകങ്ങൾ
ഇവിടെ വാതിലുകൾ ഒരനാവശ്യമാണ്
എപ്പോൾ വേണമെങ്കിലും തിരിച്ചുപോകാൻ
ജാലകങ്ങൾ തന്നെ പര്യാപ്തം

ലേഖനം

# കുനേത്ര യുദ്ധത്തിന്റെ ബാക്കിപത്രം

## (സച്ചിദാനന്ദൻ മാഷുടെ കവിതയിലൂടെ)



ദർശന

സച്ചിദാനന്ദൻ മാഷ് സാർവദേശീയതയുടെ കവിയാണ്. അദ്ദേഹത്തിന്റെ തൂലികത്തുമ്പിലൂടെ ലോക ജനതയുടെ മനസ്സുകളിലേക്ക് എത്തിപ്പെടാത്ത വിഷയങ്ങൾ അപൂർവ്വമാണ്. അദ്ദേഹത്തിന്റെ കുനേത്ര എന്ന കവിത എക്കാലത്തും പ്രസക്തമാണ്. പ്രത്യേകിച്ചും ശാന്തിയുടെയും സമാധാനത്തിന്റെയും പാതകളിൽ നിന്നും വ്യതിചലിച്ച് മനുഷ്യർ തങ്ങളുടെ അപഥസഞ്ചാരം തുടർന്നുകൊണ്ടേയിരിക്കുമ്പോൾ. സമകാലികമായ സം വവികാസങ്ങളിലൂടെ കടന്നു പോകുമ്പോൾ നമ്മൾ അത് അനു വിച്ചുകൊണ്ടിരിക്കുന്നു .

യുദ്ധം വല്ലാത്തൊരു അരക്ഷിതാവസ്ഥയാണ് സൃഷ്ടിക്കുന്നത്. ഓരോ രാജ്യങ്ങളും പ്രത്യക്ഷത്തിലല്ലെങ്കിലും പരോക്ഷമായി പുകയുന്ന അഗ്നിപർവ്വതങ്ങളാണ് . എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കാവുന്നവ . പൊട്ടിത്തെറിപ്പിക്കാവുന്ന വ. മനുഷ്യർ ഒരേസമയം ക്രൂരന്മാരും നിസ്സഹായരുമാകുന്ന അവസ്ഥ. എത്ര പ്രശാന്തവും പ്രകൃതിരമണീയവുമായ ഇടങ്ങളെയാണ് ഒരു തീപ്പൊരി ക്ഷണനേരം കൊണ്ട് കൽക്കൂമ്പാരങ്ങളാക്കി മാറ്റുന്നത്.. എത്ര പൊടുന്നനെയാണ് നാം തനിച്ചായിപ്പോകുന്നത് . എത്ര പെട്ടെന്നാണ് നമ്മുടെ ജീവിതങ്ങൾ ചിതറിപ്പോകുന്നത്. യുദ്ധമെന്തെന്ന് ഇപ്പോൾ ജീവിച്ചിരിക്കുന്ന ഒരു തലമുറ അറിഞ്ഞിട്ടില്ലാത്ത ഒരു നാട്ടിലിരിക്കുമ്പോൾ പറഞ്ഞു കേൾക്കുന്നതെന്തും കെട്ടുകഥകളായി മാത്രം കാണുന്ന ഒരു ജനതയുടെ മുന്നിലേക്ക് ഈ കവിതയെത്തുമ്പോൾ അത് ആഴത്തിൽ വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.

സാധാരണയായി പദ്യത്തിലും ഗദ്യത്തിലും സച്ചിദാനന്ദൻ മാഷ് മനോഹരമായ കവിതകൾ എഴുതിയിട്ടുണ്ട്. എന്നാൽ വികാര തീവ്രമായ വിഷയങ്ങളെ അവതരിപ്പിക്കുന്നതിന് ഗദ്യരൂപമാണ് കൂടുതൽ ചേരുന്നത് എന്ന് തോന്നുന്നു.

ഏതൊരു യുദ്ധത്തിനും ഒരു ഒടുക്കമുണ്ടാകും. എന്നാൽ ചില രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ കാലാകാലങ്ങളായി നിലനിന്ന് പോരുന്നവയാണ്. അത്തരം യുദ്ധമാണ് പലസ്തീനും ഇസ്രയേലും തമ്മിലുള്ളത്.. ഈ യുദ്ധത്തിന്റെ തീഷ്ണഫലങ്ങൾ ഏറ്റവും കൂടുതൽ അനു വിക്കുന്നത് രണ്ട് രാജ്യങ്ങൾക്കും ഇടയിൽ കിടക്കുന്ന അതിർത്തി പ്രദേശങ്ങളിലെ ജനങ്ങളാണ്. ഇതൊരു മനുഷ്യവാസമുള്ള പ്രദേശം തന്നെയായിരുന്നോ എന്ന് തോന്നിപ്പിക്കുമാറ് നിരനിരയായ ഇടിഞ്ഞു പൊളിഞ്ഞ കെട്ടിടങ്ങൾ. തകർന്നടിഞ്ഞ തെരുവുകൾ.

സച്ചിദാനന്ദൻ മാഷുടെ കുനേത്ര എന്ന കവിത ഈ രൂക്ഷമായ യുദ്ധത്തിന്റെ കെടുതികളിലേക്കാണ് വായനക്കാരനെ കൊണ്ടുപോകുന്നത്. ഇന്ന് നാം കാണുന്ന പലസ്തീൻ ഇതിനുമുമ്പ് എന്തായിരുന്നു എങ്ങനെയായിരുന്നു എന്നതിനുമപ്പുറം യുദ്ധം എങ്ങനെ എപ്പോൾ എന്തിന് എന്ന ഒരു വിഷയത്തിലേക്ക് അവലോകനത്തിന്റെ ദൈർഘ്യം വർദ്ധിക്കും എന്ന യം മൂലം ഞാൻ കടന്നു കയറുന്നില്ല.

കുനേത്ര ഇസ്രായേലുകാർ ബോംബിട്ട ഒരു ഗ്രാമമാണ്. സ്വസ്ഥവും ശാന്തവുമായ ഒരു അന്തരീക്ഷത്തിൽ നാം എങ്ങനെ ജീവിച്ചിരുന്നുവോ അങ്ങനെ അവിടുത്തെ ജനങ്ങളും ജീവിച്ചിരുന്നു. എന്നാണ് കവിത തുടങ്ങുന്നത്.

ഇത് പ്രശാന്തമായ ഒരു നാട്ടിൻപുറമായിരുന്നു. കുട്ടികൾ ഈ തെരുവുകളിൽ ജലം

പോലെ ഓടിക്കളിച്ചിരുന്നു.ഇദ് ബിലെ ചുക ന്ന ഒലീവുപോലെ തുടുത്ത കവിളുകളുള്ള സ്ത്രീകൾ വിരിപ്പുകളിൽ പൂക്കൾ തുന്നിയിരുന്നു.വീഞ്ഞു രണികൾ ഒമാർ ശർമീനിയുടെ പാട്ടുകൾപോലെ ആനന്ദത്താൽ നിറഞ്ഞിരുന്നു. ഓരോ വീട്ടിലും ഖലീൽ ജിബ്രാന് ഒരു മുറിയും ഒരു പേനയുമുണ്ടായിരുന്നു.

ഏതൊരു നാടും പോലെ സമൃദ്ധിയുടെ സന്തോഷത്തിന്റെ ചിഹ്നങ്ങളായിരുന്നു അവിടെയും. ഓരോ വീട്ടിലും ഖലീൽ ജിബ്രാന് ഒരു മുറിയും പേനയും ഉണ്ടായിരുന്നു എന്നു കവി ചേർത്തുവയ്ക്കുമ്പോൾ ഇവിടെയാണ് അറബ് കാത്തലിക് വംശീയതകൾ തമ്മിലുള്ള സ്പർദ്ധ പിന്നീട് എത്രമാത്രം വർദ്ധിച്ചുപോയി എന്നതിന്റെ സൂചന നൽകുന്നത്. ഒമർ ശർമീനി അറബ് ക്ലാസിക്കൽ ഗായകനാണ്. ഖലീൽ ജിബ്രാനെയാകട്ടെ സാഹിത്യ രാഷ്ട്രീയ രംഗത്തെ ഒരു വിമതൻ ആയിട്ടാണ് അറബ് ലോകം കണക്കാക്കി പോന്നിരുന്നത്.

ചോറും കുബ്ബൂസും ഫത്തൂഷും അറബികളുടെ ഇഷ്ടവി വങ്ങളാണ്. അവ തീൻ മേശയിൽ ഹൂറികളുടെ വിരലുകൾ കാത്തിരുന്നു. എന്നാൽ യുദ്ധം പൊടുന്നനെ കടന്നെത്തുന്ന അദൃശ്യനായ ഒരു കൊലയാളിയെ പോലെയാണ്. ഒറ്റ നിമിഷം കൊണ്ട് അതെല്ലാം തകർക്കുന്നു. അതിന് പള്ളിമേൽക്കൂരകളെന്നോ ആശുപത്രി വാർഡുകളെന്നോ പച്ചചായമടിച്ച വീടുകളെന്നോ ചുമർചിത്രങ്ങളെന്നോ ഹൃദയങ്ങളും പ്രണയങ്ങളുമെന്നോ വ്യത്യാസമില്ല. നിമിഷനേരം കൊണ്ട് എല്ലാം പൊടിയും കൽകൂമ്പാരവും ആക്കി മാറ്റുന്നു.

ഉരുകിയ ലോഹവും പൊടിഞ്ഞ കോൺക്രീറ്റും കറുത്ത ചോരയും മുറ്റങ്ങളിൽ ബാക്കിയാക്കുന്നു . അടർന്ന കല്ലുകൾക്കിടയിൽ നിന്നെത്തിനോക്കുന്ന പോപ്പിച്ചെടിയും പൈൻ മരത്തിലെ പച്ചക്കിളിയും മാത്രം ബാക്കിയായി. കർബലയുടെ ഓർമ്മയും മദീനായിലേക്കുള്ള പലായനവും മാത്രം ബാക്കിയായി. ഈന്തപ്പനകളിലെ കാറ്റും വീഞ്ഞുയന്ത്രങ്ങളുടെ തേങ്ങലും മാത്രം ബാക്കിയായി.

കവി പറയുന്നു, എങ്കിലും അവശേഷിക്കും ജീവന്റെ ഒരംശം എവിടെയെങ്കിലും അടർന്ന കല്ലുകൾക്കിടയിൽ നിന്നെത്തി നോക്കുന്ന പോപ്പിച്ചെടിയായി. പൈൻ മരത്തിലെ പച്ചക്കിളിയായി.ഈ യുദ്ധത്തിന്റെ ീകരതയെയും പലായനത്തിന്റെ അനിശ്ചിതത്വത്തെയും കവി സൂചിപ്പിക്കുന്നത് രണ്ടു വാക്കുകളിലൂടെയാണ്. അതിൽ ഒന്നാണ് കർബല. ബാഗ്ദാദിൽ നിന്നും 100 മീറ്റർ അകലെ ഇറാക്കിൽ സ്ഥിതിചെയ്യുന്ന കർബല മക്കയ്ക്കും മദീനക്കും ശേഷം ഷിയാമുസ്ലിങ്ങളുടെ പുണ്യസ്ഥലമാണ്. ഇസ്ലാമിക ചരിത്രത്തിലെ ഒരു ദുരന്തപൂർണമായ അധ്യായമാണ് കർബല മുന്നോട്ടുവയ്ക്കുന്നത്. ഇമാം ഹുസൈൻ ഷ്റീ നിന്റെ (ഹുസൈൻ ബിൻ അലി– മുഹമ്മദ് നബിയുടെ പൗത്രനും അലിയുടെ പുത്രനും )ജന്മസ്ഥലം. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം കൊണ്ട് (കു)പ്രസിദ്ധമായ ഇടം കൂടിയാണ് ഇത്. കരാർ ലംഘനങ്ങളുടെ ബാക്കിപത്രമാണ് കർബല യുദ്ധം.

മറ്റൊന്ന് മദീനയിലേക്കുള്ള പലായനമാണ്. മുഹമ്മദ് നബിയുടെ മക്കയിൽ നിന്നും മദീനയിലേക്കുള്ള പ്രസിദ്ധമായ ഹിജ്റയെ ഓർമിപ്പിക്കുക കൂടി ചെയ്യുന്നുണ്ട് ഈ കവിതയിലൂടെ കവി. ഓരോ യുദ്ധവും ഉടമ്പടികളുടെ ലംഘനമാണ്. അത് അവശേഷിപ്പിക്കുന്നത് നിന്ദ്യമായ കൊലപാതകങ്ങളും നിലയ്ക്കാത്ത പലായനങ്ങളുമാണ്. . മദീനയിലേക്കുള്ള പലായനം സമാധാനപൂർണ്ണമായ ജീവിതം തേടിയുള്ള യാത്രയാണ് . പലായനം ചെയ്യപ്പെടുന്ന ഓരോ മനുഷ്യന്റെ ഉള്ളിലും ഈ ഒരു സമാധാനം തേടലാണ്.

ഈന്തപ്പനകളിലെ കാറ്റും വീഞ്ഞ് യന്ത്രങ്ങളുടെ തേങ്ങലും അവസാനത്തെ ബാങ്ക് വിളിയുടെ മുഴക്കവും യുദ്ധം അവശേഷിപ്പിച്ച ശൂന്യതയിലെ ബാക്കിപത്രങ്ങളാണ്.

കവി ചോദിക്കുന്നു

ഹേ, അമ്ലം കുടിച്ച അഭയാർത്ഥിവംശമേ സ്വന്തം സഹനം നിന്നെ ഒന്നും പഠിപ്പിച്ചില്ലെന്നോ?

എത്തിച്ചേർന്നവർ പുറപ്പെടുകമാത്രം ചെയ് തവരിൽനിന്ന് മണ്ണും സ്വപ് നവും തട്ടിപ്പറിക്കുമോ?

സഹനത്തിന്റെ കണ്ണുനീർ മാത്രം കുടിക്കാൻ വിധിക്കപ്പെട്ടവരാണ് അ യാർത്ഥി വംശങ്ങൾ. അധിനിവേശങ്ങൾ നടത്തുന്നവർക്ക് വേണ്ടി തങ്ങളുടെ മണ്ണും സ്വപ്നവും അവർക്ക് വിട്ടു നൽകേണ്ടി വരുന്നു. എല്ലാം ഉപേക്ഷിച്ച് പലായനങ്ങൾ നടത്തേണ്ടി വരുന്നു. പക്ഷേ കവി ഇവിടെ അവരോട് ചോദിക്കുന്നത് ഇത്രയും സഹനം നിന്നെ ഒന്നും പഠിപ്പിച്ചില്ലേ എന്നാണ്. മനുഷ്യന്റെ ക്രൂരത സൃഷ്ടിച്ച പുതിയൊരു ഗോത്രമാണ് അ യാർത്ഥി വംശം എന്നു പറയാം. ഇവിടെ ഞാൻ ഓർത്തു പോവുകയാണ് അപ്പക്കാലിപ്റ്റോ എന്ന ക്ലാസിക് സിനിമയിൽ കഥാനായകൻ അ യാർത്ഥികളെ കാണുമ്പോൾ അവരുടെ ഗോത്രത്തിന്റെ തലവൻ അയാളോട് പറയുന്ന ഒ

രു വാചകമുണ്ട് . അവരുടെ കണ്ണുകളിലേക്ക് നോക്കരുത് എന്ന് . അതിൽ  യം മാത്രമേ കാണാനാകൂ . ആ  യം നമ്മെയും കീഴ്പ്പെടുത്തും എന്ന മുന്നറിയിപ്പ്. പിറന്ന മണ്ണും സ്വപ്നവും നഷ്ടപ്പെടുത്തിക്കൊണ്ടുള്ള പലായനം മാനവരാശിയുടെ മുന്നോട്ടുള്ള കുതിപ്പിലെ കറുത്ത പാതകളാണ്.

പലസ്തീനിലെ കുട്ടികളുടെ ശവകുടീരങ്ങൾക്ക് പിറകിൽനിന്ന് കവിക്ക് കേൾക്കാനാകുന്നത് ഡോളർ ചിരികളാണ്. മുതലാളിത്ത സാമ്രാജ്യ വ്യവസ്ഥകളുടെ സമ്പദ് വ്യവസ്ഥകളുടെ സ്വാധീനം തകർന്നടിഞ്ഞ ഓരോ മണ്ണിലും കാണാം. എങ്കിലും അതിനും അപ്പുറത്തേക്ക് തകർന്നടിഞ്ഞ തറക്കല്ലുകളിൽ നിന്നും ഒരു കൈ , ഒരു കണ്ണ്, ഒരു പുഷ്പം , ഒരു പ്രതിജ്ഞ, ഉയർന്നു വരും എന്ന് കവി പ്രതീക്ഷിക്കുന്നു. അവർ അവശിഷ്ടങ്ങളിൽ നിന്ന് പാടും.

മഹമൂദ് ദാർവിഷ് പലസ്തീനിന്റെ ദേശീയ കവിയാണ്. യുദ്ധമുനമ്പിൽ നട്ടംതിരിയുന്ന പലസ്തീൻ ജനതയ്ക്ക് ആശ്വാസമായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ. അദ്ദേഹത്തിന്റെ വരികളാണ് നീ ഒരു രാഷ്ട്രമായിരുന്നു ഇന്ന് നീ പുകയുടേതാണ്  എന്നത്. തകർന്നടിഞ്ഞ ഓരോ രാജ്യങ്ങളും പുക മാത്രമായി അവശേഷിക്കുന്നു.

ജീവനത്തിന്റെ വൈരുദ്ധ്യങ്ങളിലേക്കാണ് കവിത വിരൽ ചൂണ്ടുന്നത്. ജീവന്റെ പാട്ടു പാടുമ്പോൾ ജീവിതം തന്നെ ഇല്ലാതാകുന്ന അവസ്ഥ. മണലാരണ്യത്തിൽ ഇരുന്ന് മഴയുടെ പാട്ടുപാടുക പോലെയാണ് യുദ്ധ ൂമിയിൽ സ്വസ്ഥതക്കും സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കുന്നത്. അപ്പത്തിന് കൈ നീട്ടിയാൽ കിട്ടുന്നത് വെടിയുണ്ടയാണ് . പൂവിന് കൈ നീട്ടിയാൽ കത്തിയാണ് കിട്ടുന്നത്. നാടിനുവേണ്ടി കൈനീട്ടുമ്പോൾ ചോരയിലേക്കാണ് വലിച്ചെറിയപ്പെടുന്നത്. സ്വസ്ഥമായി ഉറങ്ങാനാകാതെ എത്രയോ രാവുകൾ ഉറക്കമൊഴിച്ചിരിക്കുമ്പോൾ കാണാനാകാത്തത് പലതും കാണേണ്ടിവരുന്ന നിസ്സഹായത. തുറക്കാത്ത ഗുഹയ്ക്ക് മുന്നിൽ മന്ത്രം മറന്ന ആലിബാബയെ പോലെ ഇനിയൊരൊറ്റ ജിന്നു പോലും രക്ഷിക്കാൻ ബാക്കിയില്ലാതെ യുദ്ധം കവർന്നെടുത്ത  ൂമിയിൽ വിമോചനത്തിനായി വിലപിക്കുന്ന നിസ്സഹായത. അത് എത്രമാത്രം വേദനാജനകമായിരിക്കും. ആശങ്കാ രിതമായിരിക്കും.

ഷഹരസാദ കഥകളെല്ലാമൊഴിഞ്ഞ തന്റെ മോഹനശിരസ്സ് സുൽത്താന്റെ ദാഹിക്കുന്ന വാളിനു നീട്ടിക്കൊടുക്കുന്നു  എന്ന വരികളിലൂടെ കവി സൂചിപ്പിക്കുന്നത്

ആയിരത്തൊന്ന് രാവുകൾ ഉറങ്ങാതിരുന്നു കഥ പറയാൻ ഷഹരസാദയല്ലവർ എന്നാണ്. കൈകാലുകൾ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടവർ.. വീണുകിടക്കാൻ തകർന്നടിഞ്ഞ മണ്ണല്ലാതെ മറ്റൊന്നും ഇല്ലാത്തവർ. പ്രാർത്ഥനയുടെ പ്രതീകമായ കുരിശുപോലും നിരർത്ഥകമാകുന്നു. ഒരിക്കലും അവസാനിക്കാത്ത യുദ്ധം തുടരുന്ന  ൂമിയിൽ അല്ലെങ്കിൽ തന്നെ നിലമുഴുതതുകൊണ്ട് എന്താണ് പ്രയോജനം എന്ന ഒരു ചോദ്യം ഇവിടെ ഉയരുന്നുണ്ട്.

സമാധാനത്തിന്റെ ഒലിവു മരങ്ങൾ യുദ്ധങ്ങളെ കുറിച്ച് സംസാരിക്കുന്നു. ഗോതമ്പ് വയലുകൾ ആയുധങ്ങൾ ഒളിപ്പിക്കുന്ന ഇടങ്ങൾ. ദേവദാരു വൃക്ഷങ്ങൾ ശത്രുക്കളെപ്പോലെ തുറിച്ചുനോക്കുന്നു ഏത് നിമിഷവും അവയ്ക്ക് പിന്നിലൊരു ശത്രു മറഞ്ഞിരിപ്പുണ്ടെന്ന്  ീതി വളർത്തുന്നു. മുന്തിരി പിഴിയുമ്പോൾ പോലും രക്തം വരുന്നു.

ഞങ്ങളുടെ ശ്വാസകോശങ്ങളിൽ വറ്റിപ്പോയ പഴങ്കഥകളുടെയും നാടോടിപ്പാട്ടുകളുടെയും മൗനം പെരുകിപ്പെരുകി നിറയുന്നു .

ധമനികളിൽ വരണ്ട പുഴകളുടെ ചേറും മണലും വന്നടിയുന്നു. നഷ്ടപ്പെട്ട വീടിന്റെ മുറ്റങ്ങളും ചുവരുകളും മജ്ജയിൽ പൊന്തിക്കിടക്കുന്നു .

യുദ്ധം എത്ര ഭീകരമായ അവസ്ഥയാണ്. എങ്കിലും തങ്ങളുടെ ശ്വാസകോശങ്ങളിൽ വറ്റി പോയ പഴങ്കഥകളുടെയും നാടോടി പാട്ടുകളുടെയും മൗനം പെരുകിപെരുകി നിറയുന്നുണ്ട് . ധമനികളിൽ വരണ്ട പുഴയുടെ ചേറും മണലും വന്നടിയുന്നുണ്ട് . നഷ്ടപ്പെട്ട വീടിന്റെ ചുമരുകളും മുറ്റങ്ങളും മജ്ജയിൽ പൊന്തി കിടക്കുന്നുണ്ട് എന്ന വരികളിലൂടെ കവി നൽകുന്നത് പ്രതീക്ഷകളാണ്. പോയ കാലത്തിന്റെ നഷ്ട സ്മൃതികളെ തകർന്നടിഞ്ഞവരുടെ മനസ്സിലേക്ക് അവശേഷിപ്പിക്കുന്ന പ്രത്യാശയുടെ പ്രതീകങ്ങളാണ്. വിമോചനത്തിന്റെ പാത ഇനിയും അകലെയല്ല എന്ന ഒരു സ്വപ്നമാണ് ഒരു പ്രതീക്ഷയാണ് അവസാന വരികൾ പകർന്ന് നൽകുന്നത്. അതങ്ങനെ തന്നെയാകട്ടെ എന്നു തന്നെയാണ് ഈ കവിതയിലൂടെ കവി വായനക്കാരുടെ മനസ്സിൽ മന്ത്രിക്കുന്നതും..



# അവർ



**അനിൽ കുമാർ എസ്.ഡി.**

ഒരു വ്യക്തിയുടെ ജീവിതത്തിൽ സമൂഹത്തിന് എന്ത് അധികാരമാണുള്ളത്. ഒരാളുടെ സ്വകാര്യതയിൽ എന്തിനാണ് മറ്റുള്ളവർ ഇത്രയും ഉൽക്കണ്ഠപ്പെടുന്നതും ഇടപെടുന്നതും. വ്യക്തികളെ വേട്ടയാടി കുറ്റം കണ്ടു പിടിക്കുന്നത് ഒരു രോഗമല്ലേ. ഈ രോഗം സമൂഹത്തിലും വ്യക്തികളിലും ആഴത്തിൽ വേരോടിയിട്ടുണ്ടല്ലോ. രജനിയുടെ കഥയും, ഞാനും രജനിയുമായി തിരുവനന്തപുരം എ റണാകുളം സൂപ്പർ ഫാസ്റ്റിൽ വച്ച് ഈ വ്യാഴാഴ്ച കണ്ടു മുട്ടിയ സംഭവവും നിങ്ങളുമായി പങ്കുവയ്ക്കുന്നത് എന്റെ ഈ ആശയ സംഘർഷം കുറയ്ക്കുന്നതിനായാണ്. നിങ്ങൾ വായനക്കാരൻ തന്നെ കോടതിയാവുന്ന ഈ അന്യായത്തിൽ പ്രതിയായ എന്നെ പരിചയപ്പെടുത്തി തുടങ്ങാം.

എന്റെ പേര് ആനി. K. S. E. B യിൽ എക്സിക്യൂട്ടീവ് എൻജിനീയർ. തിരുവനന്തപുരത്ത് നിന്നും എറണാകുളത്തേക്ക് മാറ്റമായിട്ട് ആറ് മാസമായി. വയസ് 54. രണ്ട് മക്കൾ. മൂത്തവൻ എൻജിനീയർ. വിപ്രോയിൽ ജോലി. ബാംഗ്ളൂരിൽ താമസം. ഇളയവൻ എം. ബി. എ കഴിഞ്ഞു. ചെന്നൈയിൽ ജോലി. രണ്ട് പേരും അവിവാഹിതർ. ഞാൻ 26 വർഷം മുമ്പ് വിവാഹം കഴിച്ചു. ആറ് വർഷം മുമ്പ് വിവാഹമോചനം നേടി. ഭർത്താവ് രാമചന്ദ്രൻ നായർ. സ്ക്കൂൾ ടീച്ചറായിരുന്നു. രണ്ട് വർഷം മുമ്പ് ആത്മഹത്യ ചെയ്തു. രണ്ട് കുട്ടികൾ ജനിച്ചെങ്കിലും ഞങ്ങളുടെ ദാമ്പത്യം ഒരു വലിയ പരാജയമായിരുന്നു. ഒരു വിവാഹം കൊണ്ട് ലക്ഷ്യമിടുന്ന ഒരു കാര്യങ്ങളും ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടായില്ല. അങ്ങേർക്ക് പ്രത്യക്ഷമായി മറ്റ് ദുശ്ശീലങ്ങൾ ഒന്നുമില്ല. തെളിച്ചു പറയാം , പെണ്ണുപിടി , വെള്ളമടി മുതലായവകൾ ഇല്ല. എന്നാൽ മരിച്ചു പോയ ഒരു ജന്തുവിന്റെ കൂടെ കഴിയുന്ന എന്റെ മനസ്സിന്റെ ഭാരം നാൾക്കുനാൾ കൂടിവന്നു. ഈ ബാധ്യത ഒരിക്കലും ഒഴിവാകുന്നുമില്ല.

ഇങ്ങനെയൊരു ഭാരത്തിന്റെ കൂടെ കഴിയുക ഭീകരമാണ്. പത്ത് വർഷത്തെ നിരന്തര ശ്രമത്തിനൊടുവിൽ 20 വർഷം നീണ്ട ഈ വൃത്തികെട്ട ബന്ധം അവസാനിപ്പിച്ചു. പിന്നീട് എന്നേക്കാൾ 6 വയസ്സിന് ഇളപ്പമുള്ള പ്രേംജിത്തിനെ കെട്ടി. അയാൾ ഒരു മെഡിക്കൽ ഡിസ്ട്രിബ്യൂട്ടറാണ്. കോട്ടയം സ്ഥലം. വിവാഹമോചിതൻ. നിങ്ങൾ ചിരിക്കും ,അയാൾക്ക് ഇല്ലാത്ത ദുശ്ശീലങ്ങൾ ഇല്ല. പെണ്ണുപിടിയും വെള്ളമടിയും സഹിയ്ക്കാനാവാതെ ആദ്യ ഭാര്യ ഓടി രക്ഷപെടുകയായിരുന്നു. എല്ലാം അറിഞ്ഞു തന്നെയാണ് ഞാൻ കെട്ടിയത്. ഇപ്പോൾ അഞ്ച് വർഷമായി. സ്വഭാവം പഴയതു തന്നെ. എന്നാലും ഒരു ഒതുക്കം. അത്രമാത്രം. എന്റെ ആവശ്യവും അത് തന്നെയായിരുന്നു. ‘പ്രേംരാജിനെ കല്യാണം കഴിക്കാൻ ഞാൻ

തയാറാണ്. എന്നാൽ കലാപരിപാടികളിൽ ബോധപൂർവ്വമായ ഒരു ഒതുക്കം വേണം. പൂർണ്ണമായി നിർത്തണമെന്ന് ഞാൻ പറയില്ല. നാട്ടുകാരെക്കൊണ്ട് പറയിക്കരുത്. ഒളിസേവകൾക്ക് ഒരു ഒളിയും മറയും. '

ഞാൻ പറഞ്ഞ കാര്യങ്ങൾ കഴിഞ്ഞ 5 വർഷമായി പ്രേംരാജ് പാലിക്കുന്നു. എന്റെ ആവശ്യവും എന്റെ അത്യാവശ്യവും തിരിച്ചറിയുന്നതിനാൽ അവന്റെ ആവശ്യങ്ങളിൽ ഞാൻ കൈകടത്തുന്നില്ല. ഒരു സ്ത്രീ പുരുഷ ബന്ധത്തിൽ ഇതിൽക്കൂടുതൽ സത്യസന്ധത വേണമെന്ന് പറയുന്നത് ഊളത്തരം.

രജനിയുടെ കഥ കുറച്ച് സങ്കീർണ്ണമാണ്. അവളുടെ കുടുംബ പശ്ചാത്തലം ലേശം മോശമായിരുന്നു. ചൂണ്ടിക്കാണിക്കുവാൻ ഒരു അച്ഛൻ ഉണ്ടായിരുന്നുവെന്ന് മാത്രം. അമ്മയുടെ സ്വഭാവവും അത്ര വെടിപ്പല്ലായിരുന്നു. അഞ്ച് പെണ്ണുങ്ങളുള്ള കുടുംബം. ഒരു ഗതിയും പര ഗതിയുമില്ലാതെ കിടന്നപ്പോഴാണ് ദിവാകരന് രജനിയിൽ കമ്പം വന്നത്. ദിവാകരൻ ഒന്ന് കെട്ടിയതാണ്. നാട്ടിലെ ഷാപ്പ് മുതലാളിയാണ്. ഭാര്യ മരിച്ചു. അസാധാരണ മരണമായിരുന്നു. രണ്ട് പെൺമക്കളുണ്ട്. ചെറിയ കുട്ടികൾ. ദിവാകരൻ ചവിട്ടിയാണ് ഭാര്യയെ കൊന്നതെന്ന് നാട്ടിൽ ഒരു കഥയുണ്ട്.

ഈ കഥ ഇങ്ങനെ പോകുമ്പോഴാണ് ദിവാകരന് രജനിയിൽ പൂതി കയറുന്നത്. ആർക്കും പൂതി കയറുന്ന ഒരു പെണ്ണായിരുന്നല്ലോ രജനി. അഞ്ച് പെൺമക്കളും ഒഴിയാത്ത ബാധ്യതകളും ഉള്ളതിനാൽ രജനിയുടെ പുടവകൊട ഭംഗിയായി നടന്നു. വീട്ടുകാരും ദിവാകരനും സന്തോഷിച്ചപ്പോൾ കാൽപനികമായ ഒരു വ്യഥ രജനിയെ വേട്ടയാടി. എങ്കിലും ദിവാകരന്റെ കൊട്ടാരത്തിലെ ജീവിതം രജനിയെ കൂടുതൽ സുന്ദരിയാക്കി.

അഞ്ചു വർഷത്തിന് ശേഷമാണ് ഞെട്ടിക്കുന്ന ഒരു വാർത്ത ഞങ്ങളുടെ ഗ്രാമത്തെ വിഴുങ്ങുന്നത്. കോടകലക്കുവാനും ചാരായം നേർപ്പിക്കുവാനും നിന്ന ചാത്തുണ്ണിയുടെ കൂടെ രജനി ഒളിച്ചോടി.

നാട്ടുകാർ ഈ വാർത്തകേട്ട് ഞെട്ടി. കോന്ത്രപ്പല്ലും വള്ള മീശയും കറുത്ത ഉരുണ്ട ശരീരവും കോങ്കണ്ണുമുള്ള ചാത്തുണ്ണിയുടെ കൂടെ സ്വർഗ്ഗം പോലുള്ള ഒരു വീട് കളഞ്ഞിട്ട് ചാടിപ്പുറപ്പെടണമെങ്കിൽ ഓളുടെ തലയിലെ ഞരമ്പ് കത്തിപ്പോയതായിരിക്കുമെന്ന് ഓരോ ഏലപ്പാറക്കാരും വിശ്വസിച്ചു.

ദിവാകരനും കിങ്കരന്മാരും ഓളെയും ചാത്തുണ്ണിയേയും കൊന്ന് കത്തിച്ച് കളഞ്ഞ് കാണുമെന്ന് ഏലപ്പാറക്കാർ ഇന്നും വിശ്വസിക്കുന്നു. ദിവാകരൻ മര്യാദക്കാരനായതിനാൽ മറ്റ് മൂന്ന് പെണ്ണുങ്ങളേയും കെട്ടിച്ചു. ഒന്നിനെ രജനിക്ക് പകരം സ്വന്തം കിടക്കയിലേക്ക് കൊണ്ടും പോയി. കെട്ടിയ മൂന്നെണ്ണവും രണ്ട് മൂന്ന് വർഷത്തിനകം കെട്ട് പറിച്ചെറിഞ്ഞ് ദിവാകരന്റെ സംരക്ഷണയിലുമായി. ഇതിന്റെ ഉള്ളറക്കഥകൾ ഏലപ്പാറക്കാരുടെ കള്ളിന്റെ ചൊരുക്കുകൾ കൂട്ടി.

നിങ്ങൾക്ക് ഊഹിക്കാവുന്ന നാറ്റക്കഥകൾ നീട്ടുന്നില്ല. തിരുവനന്തപുരം ബസ്സ് ഏകദേശം അടൂരെത്തിയപ്പോൾ എനിക്ക് രജനിയുടെ അടുത്ത് സീറ്റ് കിട്ടി.

ഞാൻ രജനിയുടെ മുഖത്തേക്ക് പാറി നോക്കി. അവൾ എന്നെയും. കാലം അവളെ കൂടുതൽ സുന്ദരിയാക്കിയിരിക്കുന്നു. അവളുടെ മാദക ചുണ്ടിനടുത്തേക്ക് തല ചരിച്ച് പതിയെ ഞാൻ ചോദിച്ചു

'രജനിയല്ലേ?'

,'അതെ ,ഏലപ്പാറ രജനി ,ദിവാകരന്റെ ഭാര്യ

എന്റെ കരുത്ത് ചോർന്നു തുടങ്ങി

' ആനിക്ക് എന്തോ ചോദിക്കണമെന്നുണ്ടല്ലോ? ചോദിച്ചോളൂ. '

'ദിവാകരന്റെ ആക്രമണം. '

'ഒരിക്കൽ ഉണ്ടായി. ചാത്തുണ്ണിയുടെ കൈക്കരുത്ത് അറിഞ്ഞപ്പോൾ നിന്നു. '

'ചാത്തുണ്ണി? '

'എന്നേ വലിച്ചെറിഞ്ഞു. '

'എന്തിന്? '

'ചിവിട്ടു പടികൾ ചവിട്ടിക്കയറാൻ മാത്രം. '

'ഇപ്പോൾ?'

'ഒരു 26കാരനുമായി ലിവിംഗ് ടുഗെദർ'

'മക്കൾ?'



'ചാത്തുണ്ണിയിൽ ഒന്ന്

പിന്നെ വന്ന ഡോക്ടറിലും ഒന്ന്. '

'ഇങ്ങനെ ജീവിക്കുന്നതിൽ '

'ജീവിക്കുന്നതിൽ സന്തോഷിക്കുന്നു. ഞാൻ എങ്ങനെ ജീവിക്കണമെന്ന് ഞാൻ തീരുമാനിക്കുന്നു. '

'സമൂഹം ,മക്കൾ'

'സമൂഹം വെറും കാഴ്ചക്കാർ. കാഴ്ചകൾ കണ്ട് കൈയടിക്കുവാൻ മാത്രം വിധിക്കപ്പെട്ടവർ. മക്കൾ എന്നെ അംഗീകരിക്കുമ്പോൾ മാത്രം എന്റെ മക്കൾ. ' 'ചാത്തുണ്ണി പ്രശ്നം ഉണ്ടാക്കിയോ? '

'ഭയക്കുന്ന പെണ്ണിനെ മാത്രമേ പുരുഷൻ കീഴ്പ്പെടുത്തൂ. ഭയക്കാത്ത പെണ്ണ് ആരെയും ഭരിക്കും. '

'ഒരു ചോദ്യം ?'

'ആനി ,എത്ര വേണമെങ്കിലും ആയിക്കോളൂ. '

'ദിവാകരനെ ഉപേക്ഷിച്ച് ചാത്തുണ്ണിയുടെ കൂടെ പോയതെന്ത്? ഏലപ്പാറക്കാർക്ക് ഇന്നും സംശയമാണ്. '

'ആനിക്കും?'

'അതെ '

'പുരുഷനെ അടുത്ത് അറിയുന്നവൾ സ്ത്രീ മാത്രം. തന്റെ പുരുഷനെ ഒരു സ്ത്രീ തെരഞ്ഞെടുക്കുന്നത് എന്തിനെന്ന് സൃഷ്ടാവിന് പോലും അറിയില്ല. സൃഷ്ടിയുടെ പൂർണ്ണതയാണ് സ്ത്രീ. വികാരങ്ങളുടെ ആഴക്കടലും. '

'എഴുതാറുണ്ടോ? '

'ഉണ്ട്'

'എന്ത്?'

'ജീവിതം '

'എങ്ങനെ'

'കഥയായി ,കവിതയായി ,കാമമായി ,ഒരു പുഞ്ചിരിയായി പോലും '

' അപ്പോൾ എഴുത്തുകാരി ലജ്ജ '

'അതും ഞാൻ തന്നെ '

' അൽഭുതം '

' ഓരോ ജീവനും അൽഭുതം. ഓരോ മനുഷ്യനും അൽഭുതം. സ്ത്രീ അൽഭുതങ്ങളുടെ ആകാശത്തിലെ അൽഭുതം. '

'ഞാൻ കൈയിലൊന്ന് തൊട്ടോട്ടേ '

' തൊട്ടോളൂ ,എന്നിട്ട് കവിളിൽ ചെറുതായി ഒന്ന് മുത്തിക്കോളൂ. '

' ഞാൻ ധന്യയായി '

' സ്ത്രീ സ്വയം ധന്യയാവുന്ന അക്ഷയ പാത്രമാണ് ആനീ. '

' ഫോൺ നമ്പർ '

' സ്ത്രീകൾക്ക് കൊടുക്കാറില്ല '

'എന്തുകൊണ്ട് '

'ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയെ സഹിക്കുന്നതിന് പരിധിയുണ്ട്. പുരുഷന് ആ പരിധിയില്ലാത്തതിനാൽ എനിക്ക് പുരുഷ സുഹൃത്തുക്കൾ മാത്രം. '

'വിവാഹത്തെക്കുറിച്ച് രജനിയുടെ അഭിപ്രായം. '

' ആനിയുടേത് തന്നെ. മടുക്കുമ്പോൾ വലിച്ചെറിഞ്ഞ് പ്രേം രാജിനെപ്പോലെ പുതിയത് വാരിപ്പുണരണം. '

'സമൂഹം അപഹസിക്കില്ലേ. '

'നാം നമ്മുടെ സമൂഹത്തെ പുനർനിർമ്മിക്കണം. '

'സ്ത്രീ പുരുഷ ബന്ധം വെറും കാമത്തിൽ ഉറച്ചതാണോ? '

'പുരുഷന് ആയിരിക്കാം ,ആണ്. സ്ത്രീക്ക് അതിനും മേലേയാണ് '

'കാമമോ?'

'ആനീ, കാമവും ഭോഗവുമല്ല ,തലോടലിലും പ്രേമാർത്തമായ നോട്ടങ്ങളിലുമാണ് സ്ത്രീ പൂർണ്ണയാകുന്നത്. '

'സെക്സ് ? '

'പുരുഷന്റെ മാനസിക വിഭ്രാന്തി. ലിംഗത്തിലൂടെ രതി നുണയുന്ന കീടം പുരുഷൻ. സ്വത്വത്തിലൂടെ രതിമൂർച്ചയിലെത്തുന്ന ദേവത സ്ത്രീ. '

"പ്രേമം?'

'പുരുഷന് ഉൾക്കൊള്ളാനാവാത്ത മൃദുലമായ രൂപം. പുരുഷന് ചുറ്റിപ്പിടിയ്ക്കാനാവാത്ത വഴുവഴുപ്പുള്ള മേനി. സ്ത്രീയിൽ അലിഞ്ഞു ചേർന്ന രക്തം പ്രേമം. '

'ഇനിയും വിവാഹം കഴിക്കുമോ ?'

'അറിയില്ല ആനി ,പക്ഷേ ഇനിയും പൂവിടും ,എല്ലാ ഋതുക്കളിലും. '

'എവിടേക്ക് പോകുന്നു. '

'സ്ത്രീയുടെ യാത്രകൾ തന്നോട് മാത്രം പറഞ്ഞ രഹസ്യങ്ങൾ, ഇനി ഞാൻ ഉറങ്ങട്ടേ ആനീ ,'

പിന്നെ ഞങ്ങൾക്കിടയിൽ മൗനമായിരുന്നു. ഇനി രജനിയെക്കുറിച്ച് ഞാൻ പറയുന്നതിനേക്കാൾ നിങ്ങൾ മനസ്സിലാക്കുന്നതല്ലേ യഥാർത്ഥകഥ മിത്രമേ. ●

# കണ്ണേ കനിയേ...



ഗ്രീഷ്മ അമൽ

**ഇ**തെനിക്കായി മാത്രമുള്ളയിടമാണെന്നല്ലേ നീ പറയാറ്....

എന്നിട്ടോ ഇങ്ങോട്ടൊന്നു നോക്കിയിട്ട് എത്ര ദിവസമായി....??? അതിനർത്ഥം ഇത്രയും ദിനങ്ങൾ നീയെന്നെ ഓർത്തിരുന്നില്ല എന്നുതന്നെയല്ലേ...

ഞാനൊരു വിഡ്ഢി ദിനരാത്രങ്ങൾ മുഴുവൻ നിനക്കായി കാത്തിരുന്നു...

ഒരു വാക്കിനായി കാതോർത്തിരുന്നു...

വെറുതെ...

സ്വയം നോവാനായി മാത്രം....!

നിന്നിൽ നിന്നുമൊരു മടക്കം സാധ്യമാവില്ലയെന്നു അലമുറയിടുന്ന എന്റെ ഹൃദയമേ...

നിന്നോടാണ് എനിക്കേറെ പുച്ഛം......!

ഗ്രൂപ്പിൽ വന്ന അവളുടെ കുറിപ്പിലെ പരാതി തന്നോടാണെന്നു കണ്ട നന്ദന്റെ ചുണ്ടിൽ കുസൃതിച്ചിരിയാണ്. കനിക്കേറെ പ്രിയപ്പെട്ട ഒറ്റ നുണക്കുഴി വിരിയിച്ചുള്ള അവന്റെ ചിരി. പാക്ക് ചെയ്ത് വെച്ചിരിക്കുന്ന ബാഗ് ഒന്നുകൂടി പരിശോധിച്ച് എല്ലാം എടുത്തു വെച്ചെന്നു ഒരിക്കൽ കൂടി ഉറപ്പിച്ചിട് അവൻ കിടക്കയിലേക്ക് ചാഞ്ഞു. അവനിലെ പുഞ്ചിരിക്ക് കാരണമായവളെക്കുറിച്ച് ഓർത്തുകൊണ്ട്. ഫോണിൽ നിന്നും അവരുടെ പ്രിയപ്പെട്ട പാട്ടും അവിടെ അലയടിച്ചു.കണ്ണേ കനിയേ ഉന്നെ കൈവിടമാട്ടേൻ....

നന്ദനും മെല്ലെ മൂളി.

രണ്ടു വർഷങ്ങൾക്ക് മുൻപ് വയനാട്ടിൽ നടന്നൊരു സാഹിത്യ ക്യാമ്പിൽ വച്ചാണ് കനിയെ പരിചയപ്പെടുന്നത്. സ്കൂൾ കാലം മുതലേ എഴുതുമായിരുന്നെങ്കിലും എഴുത്ത് കാര്യമായി എടുത്തു തുടങ്ങിയ സമയത്താണ് ക്യാമ്പിലേക്ക് എത്തുന്നത്. സ്റ്റേജിൽ നിന്ന് സ്വയം പരിചയപ്പെടുത്തുന്ന പരിപാടിയുണ്ടായിരുന്നു. സ്റ്റേജിൽ മൈക്കെടുത്തു സ്വയം പരിചയപ്പെടുത്തി ഒന്ന് രണ്ട് രചനകളുടെ പേരും പറഞ്ഞപ്പോഴാണ്, താഴെ നിന്നും തന്റെ ഒരു കവിത ചൊല്ലുന്നത് കേട്ടത്. ഒരു മാത്ര ഞെട്ടിയെങ്കിലും ആ സ്വരമാധുരിയിൽ താനും ലയിച്ചു പോയി. രാധ - മാധവ പ്രണയത്തെകുറിച്ചെഴുതിയ ഒരു കവിതയായിരുന്നത്. നന്നായി ചൊല്ലിയല്ലോ.



ഞാൻ ആദ്യമായിട്ടാണ് എന്റെ കവിത മറ്റൊരാൾ ചൊല്ലി കേൾക്കുന്നത്   സ്റ്റേജിൽ നിന്ന് ഇറങ്ങിയ പാടെ ആ കുട്ടിയുടെ അടുത്തേക്ക് ചെന്നു നന്ദൻ. .അർത്ഥവത്തായ മനോഹരമായ വരികൾ ആയിരുന്നു മാഷേ.. എനിക്കൊരുപാട് ഇഷ്ടമായി ആ കവിത. ഞാൻ കനി   ഒരു ചെറിയ ചിരിയോടെ അവൾ കൈ നീട്ടി. നന്ദകിഷോർ   ചിരിയോടെ അവനും.

ക്യാമ്പിലെ ദിനങ്ങൾ വളരെ മനോഹരമായിരുന്നു. ചർച്ചകളും നിരൂപണങ്ങളും മത്സരങ്ങളും ഒക്കെയായി മൂന്ന് ദിവസങ്ങൾ വളരെ പെട്ടെന്ന് കടന്നു പോയി. ഈ ദിവസങ്ങൾക്കിടയിൽ തങ്ങളുടെ അ ിരുചികൾ പലതും ഒന്നാണെന്നു അവർ തിരിച്ചറിഞ്ഞു. ആ മൂന്ന് ദിനങ്ങൾ കഴിയുമ്പോഴേക്കും എല്ലാവരുടെയും നന്ദൻ അവൾക്കു മാത്രം കണ്ണേട്ടനായി.

അതെന്താ ഈ കണ്ണേട്ടൻ   അവൻ ആകാംക്ഷയോടെ ചോദിച്ചു.

കണ്ണേ കനിയേ ഉന്നെ കൈവിടമാട്ടേൻ.. അവൾ ഭംഗിയായി ആ രണ്ട് വരികൾ ഒന്നു മൂളി. എനിക്ക് ഈ പാട്ട് വലിയ ഇഷ്ടമാണ്. അതുകൊണ്ടാണ് കനിക്കൊപ്പം കണ്ണനെ തന്നെ ചേർത്തുവച്ചത്. ഒരു കള്ളച്ചിരിയോടെ അവൾ തിരിഞ്ഞു നടക്കുമ്പോൾ ആ ചിരി നന്ദനിലേക്കും പടർന്നിരുന്നു.

ഒടുവിൽ യാത്ര പറഞ്ഞിറങ്ങുമ്പോൾ അവൾ ആവശ്യപ്പെട്ടത് ഒരേ ഒരു കാര്യമാണ്. വല്ലപ്പോഴും ഒരു കത്ത്. അതെന്താടോ കത്ത്..? ഇത്രയേറെ ഇന്റർനെറ്റും ഫോണും ഒക്കെ ഉള്ള സമയത്ത് ആരെങ്കിലും കത്തയക്കുമോ? നന്ദൻ അവളെ കളിയാക്കിക്കൊണ്ട് ചോദിച്ചു.

എല്ലാവരും ചെയ്യുന്നപോലെ നമ്മളും ചെയ്താൽ അതിൽ എന്താ ഒരു രസം. ഘലലഭ യല റശള്ളലൃലിഭ..! ഒരു ചിരിയോടെ അവൾ ഒരു കവറവനെ ഏൽപ്പിച്ചു. എന്നാൽ ശരി. ഭൂമി ഉരുണ്ടതല്ലേ എവിടെയെങ്കിലും ഒക്കെ വച്ച് കണ്ടുമുട്ടാം. അല്ലേ...! അവൾ വണ്ടിയിലേക്ക് കയറി. കണ്ണിൽ നിന്നും മറയുവോളം അവൻ അവളെ നോക്കി നിന്നു.

വീട്ടിലെത്തിയ പാടെ അവൻ ആ കവർ പൊട്ടിച്ചു നോക്കി. ംഗിയായി മേൽവിലാസം എഴുതിയ കുറച്ച് ഇല്ലെന്റ്. ഈ പെണ്ണിന്റെ ഓരോ വട്ട് അവനൊരു ചിരിയോടെ തന്നെ ആ മേൽവിലാസത്തിലൂടെ വിരലോടിച്ചു.

അതിനുശേഷം ഇടയ്ക്കിടെ കത്തുകളിൽ കൂടി മാത്രം അവർ സംസാരിച്ചു. ക്യാമ്പിന്റെ ാഗമായി രൂപീകരിച്ച വാട്സ്ആപ്പ് ഗ്രൂപ്പിൽ ഇടയ്ക്കിടയ്ക്ക് രചനകൾ പോസ്റ്റ് ചെയ്യുമെങ്കിലും അതിന്റെ വിമർശനങ്ങളും ആസ്വാദനങ്ങളും എല്ലാം അവർ പങ്കുവെച്ചത് കത്തുകളിലൂടെ മാത്രമാണ്. അവൾക്ക് ചുറ്റുമുള്ള പുല്ലിന്റെയും പൂവിന്റെയും വിശേഷങ്ങൾ വരെ അവൾ കത്തുകളിൽ നിറച്ചിരുന്നു. കഴിഞ്ഞ കുറച്ച് കത്തുകളിൽ നിറഞ്ഞു നിന്നിരുന്നത് അവളുടെ പുതിയ വെള്ളികൊലുസാണ്. നിറയെ മണികളുള്ള വെള്ളികൊലുസ് കുട്ടിക്കാലം മുതലേ അവളുടെ ആഗ്രഹമായിരുന്നു. അടുത്തിടെയാണ് അത് അവൾ നേടിയത്. പിന്നീടുള്ള ദിവസങ്ങളിൽ ഗ്രൂപ്പിൽ അവളുടെ രചനകളിൽ മൊത്തം നിറഞ്ഞു നിന്നതതാണ് അവളുടെ കൊലുസ്. ഒരു കവിതക്കൊപ്പം അതിന്റെ ഒരു ചിത്രവും ഒരിക്കൽ അവൾ പങ്കുവെച്ചത് കണ്ടിരുന്നു. വളരെ ംഗിയുള്ള ഒരു കൊലുസ് മുത്തുകൾക്ക് പകരം പണ്ടത്തെ മാങ്ങാമാലയോടോ പാലക്കാമാലയോടോ ഒക്കെ സാദൃശ്യം തോന്നുന്ന വ്യത്യസ്തമാർന്ന ഒരു ഡിസൈനാണ്. വളരെ മനോഹരമായൊന്ന്. അല്ലെങ്കിലും അവളുടെത് എല്ലാം വ്യത്യസ്തങ്ങളായിരുന്നു.

അപ്രതീക്ഷിതമായി വന്ന ചില തിരക്കുകൾ കത്തെഴുതുന്നതിനു തടസമായി. അതൊന്നു പറയാൻ ഫോൺ വിളിച്ചിട്ട് അവളൊട്ട് എടുത്തുമില്ല. ഒന്ന് രണ്ട് കത്തുകൾക്ക് മറുപടി അയക്കാൻ എനിക്ക് സാധിച്ചില്ല. അതിന്റെ പരി വമാണ് ഇപ്പോൾ ഇട്ടിരിക്കുന്ന ഈ കുറിപ്പ്. അവൾ അറിയുന്നുണ്ടോ ഇതിലേറെ താൻ അവളെ മിസ്സ് ചെയ്യുന്നുണ്ടെന്ന്. അവളെ ഒന്നു കാണാൻ പോകണം എന്ന് വിചാരിച്ചത് കൊണ്ടാണ് പിന്നെ കത്തുകൾക്ക് ഒരു ഇടവേള കൊടുത്തത്. അവൾ ആഗ്രഹിച്ച ചില പുസ്തകങ്ങൾ അവൾക്കായി കരുതി നാളെ വൈകുന്നേരം യാത്ര തിരിച്ചാൽ പിറ്റേന്ന് പുലർച്ചെ വയനാട് എത്താം.

നേരത്തെ തീരുമാനിച്ച പ്രകാരം വൈകുന്നേരത്തോടെ നന്ദൻ യാത്ര തിരിച്ചു. ഏറെനാളത്തെ കാത്തിരിപ്പിനുശേഷം തന്റെ പ്രിയപ്പെട്ടവളെ ഒരു നോക്ക് കാണാൻ. വിചാരിച്ചതിലും നേരത്തെ കല്പറ്റയിൽ എത്തി അവിടെ റൂമെടുത്തു. രാവിലെ പത്തുമണിയോടെ മേപ്പാടിക്ക് തിരിക്കാമെന്ന് കരുതി അവൻ കിടന്നു. യാത്രാ ക്ഷീണം പെട്ടെന്ന് തന്നെ ഉറക്കത്തിലേക്ക് നയിച്ചു.

ഒരു ദുസ്വപ്നം കണ്ടു ഞെട്ടി എഴുന്നേറ്റ നന്ദൻ ചുറ്റും നോക്കി. നന്നായി നേരം പുലർന്നിരിക്കുന്നു. അകാരണമായ ഒരു ീതി തന്നെ പൊതിയുന്നത് അവനറിഞ്ഞു. ഇനി ഒരു ഉറക്കം സാധ്യമല്ലെന്ന് മനസി

ലായ നന്ദൻ ടീവി ഓൺ ചെയിതു. അതിലെ ദൃശ്യങ്ങൾ ഒരു ഞെട്ടലോടെയാണ് അവൻ കണ്ടത്.

വയനാട് ചൂരൽമലയിൽ മണ്ണിടിച്ചിൽ തെല്ലു മുമ്പ് സ്വപ്നത്തിന്റെ രൂപത്തിൽ തന്നെ പൊതിഞ്ഞ ഭീതി ശക്തമാകുന്നത് അവൻ അറിയുന്നുണ്ടായിരുന്നു. സ്ഥലകാലബോധം വീണ്ടെടുത്ത നന്ദൻ പെട്ടെന്ന് ഫോൺ എടുത്തു അവളുടെ നമ്പറിലേക്ക് വിളിച്ചു. എന്നാൽ കോൾ കണക്റ്റ് ആവുന്നുണ്ടായിരുന്നില്ല. ക്യാമ്പിൽ വിളിച്ചു പരിചയപ്പെട്ട ഒന്ന് രണ്ട് സുഹൃത്തുക്കളെ പിന്നെ വിളിച്ചു നോക്കി. അവർ വാർത്തകൾ അറിഞ്ഞു വരുന്നതേ ഉണ്ടായിരുന്നുള്ളൂ. എന്ത് ചെയ്യണമെന്ന് അറിയാതെ നന്ദൻ തളർന്നിരുന്നു. അവിടേക്കുള്ള ഗതാഗതം ഏകദേശം പൂർണമായി നിലച്ച അവസ്ഥയാണ്. മുന്നിൽ കാണുന്ന ദൃശ്യങ്ങളിൽ പകച്ച് നന്ദനിരുന്നു. പലതവണ അവളുടെ നമ്പർ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും നിരാശയായിരുന്നു ഫലം.

മണിക്കൂറുകൾ കൊഴിഞ്ഞു കൊണ്ടിരുന്നു. നന്ദന്റെ ഫോൺ പലതവണ അവളെ തേടിയെങ്കിലും നിരാശ മാത്രം ബാക്കിയായി. അവിടേക്ക് എത്തിപ്പെടാൻ ശ്രമിച്ചെങ്കിലും അതിനു സാധിച്ചില്ല. ഏറെ ശ്രമപ്പെട്ടാണ് അവിടെയുള്ള ഒരു രക്ഷാസംഘത്തിന്റെ ഒപ്പം നന്ദൻ ചൂരൽമലയിലെത്തിയത്.

അവിടെ കണ്ട കാഴ്ചകൾ അവനെ പാടെ തകർത്തു കളഞ്ഞു.

കനിയുടെ അക്ഷരങ്ങളിൽ നിറഞ്ഞു നിന്നിരുന്ന അവളുടെ ഗ്രാമം, അവൾ പഠിച്ച വിദ്യാലയം,ചാലിയാർ... ഇതൊക്കെ ഒരു ചിത്രം പോൽ അവന്റെ മുമ്പിൽ തെളിഞ്ഞു. മുന്നിൽ വെറും മൺ കൂനകൾ മാത്രം. അവന്റെ ഉള്ളം അലമുറയിട്ട് കരഞ്ഞു. എല്ലാം നഷ്ടപ്പെട്ടവനെപോലെ തകർന്ന് അവനാ മണ്ണിലിരുന്നു. ഉള്ളിലെവിടെയോ തെളിഞ്ഞ പ്രതീക്ഷയുടെ ഒരു കണം. രക്ഷാദൗത്യത്തിന്റെ ഭാഗമായി അവനും അവളെ തേടി. നിമിഷങ്ങളും മണിക്കൂറുകളും ദിവസങ്ങളും കടന്നുപോയി.

നാലാംനാൾ ഏറെനേരത്തെ തിരിച്ചിലിനൊടുവിൽ തളർന്ന നന്ദൻ ഒടിഞ്ഞു കിടക്കുന്ന ഒരു മരക്കൊമ്പിൽ ചാരിനിന്നു. പോക്കറ്റിൽ നിന്നും മൊബൈൽ ഫോൺ എടുത്തപ്പോൾ വണ്ടിയുടെ താക്കോൽ താഴെ വീണുപോയി. താക്കോൽ എടുത്തു നിവരുമ്പോളാണ് ഒരു കടലാസുതുണ്ട് അവന്റെ കണ്ണിൽപ്പെടുന്നത്.

തന്റെ കൈപ്പട....

താൻ കനിക്ക് അയച്ച കത്ത്. അവൻ അവിടെ ഇരുന്ന് ആ കല്ലും മണ്ണും നിക്കി പരിശോധിച്ചു. തകർന്നൊരു തടി പെട്ടിക്കുള്ളിൽ താൻ കനിക്ക് അയച്ച കത്തുകളും അവളുടെ ഡയറിയും വെള്ളികൊലുസ്സും. വിറക്കുന്ന കൈകളോടെ നന്ദൻ അവയെടുത്തു.

നിറമിഴികളോടെ അവയെ നോക്കിയിരുന്നു. മെല്ലെ ആ ഡയറി തുറന്നു. നിറയെ ചിത്രപണികൾ നടത്തിയ ഒരു പേജിൽ ംഗിയായി എഴുതിയിരുന്നു. അവക്കേറെ പ്രിയപ്പെട്ട ആ ഈരടികൾ..

കണ്ണേ കനിയേ.. ഉന്നെ കൈവിടമാട്ടേൻ..

അവളുടെ പാട്ട് അവന് ചുറ്റും അലയടിച്ചു. ആദ്യം കണ്ട നിമിഷം മുതലുള്ളതെല്ലാം അവന്റെ ഉള്ളിലൂടെ കടന്നു പോയി. അവളുടെ ചിരി, കുറുമ്പ് നിറഞ്ഞ മുഖവും, ക്യാമ്പിൽ വെച്ച് ചിലരോട് നന്ദൻ സംസാരിക്കുമ്പോൾ വീർത്ത മുഖവുമായി നിന്നതുമൊക്കെ ഒരു ചിത്രംപോലെ അവനിൽ തെളിഞ്ഞു. ഒരു ഇളംകാറ്റ് അവനെ പുണർന്നപ്പോൾ ഒരിക്കലവൾ എഴുതിയ വരികൾ അവനോർത്തു.

അകലെയാണെങ്കിലും മനസുകൊണ്ട് ഞാൻ കണ്ണേട്ടനെ എത്രയോ വട്ടം കെട്ടിപിടിച്ചിട്ടുണ്ടെന്നോ..? ആ നുണക്കുഴി കവിളിൽ എത്ര ഉമ്മകൾ തരാറുണ്ടെന്നോ.. നിങ്ങൾ ഇതൊക്കെ അറിയാറുണ്ടോ..!


അൽപ്പനിമിഷത്തിനുശേഷം അവ നെഞ്ചോട് ചേർത്ത് അവൻ ഉറക്കെ കരഞ്ഞു. ആർത്തിരുമ്പി പെയ്ത മഴയിൽ അവന്റെ ശബ്ദം ലയിച്ചു.. അവന്റെ കണ്ണീരും...

# യക്ഷിക്കഥകൾ മുതൽ ഇതിഹാസങ്ങൾ വരെ



ഡോ. പി.വി. കൃഷ്ണൻനായർ

പത്തു പുരാണ ശ്രേണികളിലെ മികച്ച കഥകളുടെ സമാഹാരമായ '100 മിത്തുകൾ – പുരാണ കഥാസാഗരം' എന്ന അപൂർവ ഗ്രന്ഥത്തെ സഹൃദയ സമക്ഷം ഞാൻ അവതരിപ്പിക്കുന്നത് സന്തോഷത്തോടേയും ധന്യതയോടേയുമാണ്. പുനരാഖ്യാന കർത്താവായ ഫ്രാങ്കോ ലൂയിസ് മികച്ച മാധ്യമ പ്രവർത്തകനെന്ന നിലയിൽ വിശ്രുതനാണ്. ദീപിക, രാഷ്ട്രദീപിക, കേരള കൗമുദി എന്നീ മുന്തിയ പത്രങ്ങളുടെ അമരത്ത് കർമനിരതനാകാനും മികവിനു നിരവധി പുരസ്കാരങ്ങൾ നേടാനും ഫ്രാങ്കോയ്ക്ക് അവസരങ്ങൾ ലഭിച്ചു. ആ കർമകാണ്ഡങ്ങളിലെ ഉതിർമണികളാണ് '100 മിത്തുകൾ.'




ഭാഷയുടേയും മിത്തിന്റേയും ഉദയം ഒന്നിച്ചാണെന്നു കവികളും ചിന്തകരും പറയുന്നു. മിത്തുകൾ മനുഷ്യന്റെ നാനാമുഖമായ ജീവിത വ്യവഹാരങ്ങളേയും ഉൾക്കൊള്ളുന്നു. മനുഷ്യൻ അഭിമുഖീകരിക്കുന്ന നൈസർഗിക പ്രതിഭാസങ്ങളെ വ്യഞ്ജിപ്പിക്കുന്നതും അവതന്നെ. യക്ഷിക്കഥകൾ മുതൽ ഇതിഹാസങ്ങൾ വരേയും മന്ത്രങ്ങൾ മുതൽ മുദ്രാവാക്യം വരേയും വളർന്നുവന്ന ഒരു വിപുല മണ്ഡലം മിത്തിന്റെ പരിധിക്ക് അധീനമായിരിക്കുന്നു. വിവിധ രാജ്യങ്ങളിൽ, വ്യത്യസ്ത കാലങ്ങളിൽ, വിവിധ രൂപഭാവ വിധേയമായി വികസിച്ച മിത്തുക്കളുടെ സ

മാഹാരമാണ് ഈ ഗ്രന്ഥം. പൗരാണിക സംസ്കാരത്തിന്റെ ഭാഗമായിരുന്ന കഥകളാണിവ. പ്രകൃതി ശക്തികളെ വ്യക്തികളാക്കുക എന്ന ധർമവും അവയിൽ പലതും നിർവഹിക്കുന്നു. മിത്തും കർമവും സാമൂഹ്യ ജീവിതവും കെട്ടുപിണഞ്ഞു കിടക്കുന്നു. പഴയ മനുഷ്യരും പ്രകൃതിയും ഒന്നായിരുന്നു. കാലിൽ തട്ടുന്ന കല്ലും കൊടുങ്കാറ്റും ആകാശവും മേഘവും മരവുമെല്ലാം അവർക്ക് ജീവനുള്ള സൃഷ്ടികളായി അനുഭവപ്പെട്ടു. അങ്ങനെ അവർ കഥകൾ ചമച്ചു. ആ കഥകൾ മാനുഷിക വികാരങ്ങളുടെ അഗാധ തലങ്ങളിൽനിന്ന് പൊട്ടിമുളച്ചവയാണ്. ഈശ്വരന്മാർ, നൈസർഗിക പ്രതിഭാസങ്ങൾ, വിശ്വാസങ്ങൾ തുടങ്ങി പലതിനെപ്പറ്റിയുമുള്ള പ്രാകൃത മനുഷ്യന്റെ അവിശ്വസനീയ പ്രസ്താവനകളാണ് മിത്തുകളെന്നു നിഘണ്ടുക്കൾ അർത്ഥം പറയും. കെട്ടുകഥകളും ഐതീഹ്യങ്ങളും മിത്തിന്റെ ഘടകങ്ങളായി വ്യാപിക്കുന്നുണ്ട്. എവിടെ മനുഷ്യനുണ്ടോ, അവിടെയെല്ലാം മിത്തുകളുണ്ട് എന്ന സത്യത്തിന് ഈ ഗ്രന്ഥം നിദർശനമാണ്. വ്യത്യസ്ത സാമൂഹ്യ ഘടനയിൽ മിത്തുകൾ ഭിന്നമാവാം. പഞ്ചതന്ത്രം, വടക്കൻ പാട്ട്, അറബി, ഈസോപ്പ് എന്നീ വിഭാഗങ്ങളിലുള്ള കഥകൾ പരിശോധിച്ചാൽ നമുക്കതു മനസിലാകും.

ഇന്നു സാംസ്കാരിക നരവംശ ശാസ്ത്രം എന്നൊരു വിഷയം വളർന്നുവന്നിട്ടുണ്ട്. മനുഷ്യ സംസ്കാരത്തെ പഠിക്കാൻ മിത്തുകളേയും അവർ അന്വേഷണ വിഷയമാക്കുന്നുണ്ട്. മഹാഭാരതം, രാമായണം, ഗ്രീക്ക്, ബൈബിൾ കഥകൾ നിരവധി മാനങ്ങളുള്ളവയാണ്. ക്ലാസിക്കുകളുടെ സ്വഭാവംതന്നെ അതാണല്ലോ. ഇറ്റാലിയോ കാൽവിനോ എന്ന സാഹിത്യകാരൻ 'വൈ വി റീഡ് ക്ലാസിക്സ്' എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം വിശദീകരിക്കുന്നുണ്ട്. ലോഞ്ചിനസിന്റെ 'ഉദാത്ത സിദ്ധാന്തം' ഇവിടെ ചാർതാർത്ഥ്യമടയുന്നു.

ലോകോൽപത്തി, മനുഷ്യസൃഷ്ടി, ജനനമരണങ്ങൾ, പ്രേതങ്ങൾ, സൂര്യചന്ദ്രന്മാർ, ഗ്രഹണം, കാലാവസ്ഥ, പക്ഷിമൃഗാദികൾ, വൃക്ഷങ്ങൾ, വിളവ് എന്നിങ്ങനെയുള്ള മേഖലകളിലൂടെ മിത്തുകൾ വ്യാപരിക്കുന്നുണ്ട്. മിത്തുകളെക്കുറിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ഗ്രന്ഥം നല്ലൊരു ഗൈഡായിരിക്കും. പ്രഗൽഭ പണ്ഡിതനായ മാക്സ് മുള്ളർ, മനഃശാസ്ത്രജ്ഞനായ ഫ്രോയ്ഡ്, യുങ് ചിന്തകരായ ഹെഗൽ, ലിവിബ്രൂൾ, ബർഗ്സൺ, സാഹിത്യ ചിന്തകരായ വിക്കോ, റാൻസം, സുസൻ കെ. ലാംഗർ എന്നിവരെല്ലാം മിത്തുകളെക്കുറിച്ച് ഗഹനമായ പഠനങ്ങൾ നടത്തിയവരാണ്.

'മിത്തും മനുഷ്യരും' എന്ന മൗലിക ഗ്രന്ഥം ചിന്തകൻകൂടിയായ എം. ഗോവിന്ദൻ രചിച്ചിട്ടുണ്ട്. ഡോ. എം. ലീലാവതി, എം.എൻ. വിജയൻ, സച്ചിദാനന്ദൻ തുടങ്ങിയവരുടെ പ്രൗഢരചനകളും നിനവിൽ വരുന്നു.

ഇന്ത്യൻ, ഗ്രീക്ക്, റോം സംസ്കാരങ്ങൾ മിത്തുകളുടെ രത്നഖനികളാണ്. സംസ്കൃതം, ഗ്രീക്ക്, ലാറ്റിൻ എന്നീ ഭാഷകളുടെ ക്ലാസിക്കൽ സ്വഭാവം സർവവിദിതമാണല്ലോ. '100 മിത്തുകൾ' എന്ന ഈ ഗ്രന്ഥം ആ തത്വം ഒന്നുകൂടി ഉറപ്പിക്കുന്നു.

മഹാഭാരത കഥകൾ, രാമായണ കഥകൾ, ഭാഗവതം കഥകൾ, പഞ്ചതന്ത്രം കഥകൾ എന്നിവ ഏറെ വൈവിധ്യമുള്ളവയും ചാരുതയാർന്നവയും രസകരവുമാണ്. ഇന്ത്യൻ ജനതയുടെ, സമൂഹത്തിന്റെ സംസ്കാരത്തിനു രൂപം നൽകിയത് അവയാണ്. മിത്തുകളും മതവും അന്യോന്യം ഏറെ ബന്ധപ്പെട്ടതാണെന്ന് ഈ പുസ്തകം നമ്മെ ബോധ്യപ്പെടുത്തും. പലേടത്തും അവ വേർതിരിക്കാൻ വയ്യാത്ത വിധം ഒന്നായി നിൽക്കുന്നു.

കവിതയിൽ പുരാണ കഥകളുടെ സ്വാധീനം വളരെയേറെയാണ്. മിത്തോളജിക്കൽ, റിയലിസ്റ്റിക് എന്നീ പേരുകളിൽ

ഒരു കാവ്യവിമർശന സമ്പ്രദായംതന്നെ വികസിച്ചിട്ടുണ്ട്. വിൽബർ സ്കോട്ട് എന്ന പണ്ഡിതൻ എഡിറ്റു ചെയ്ത 'ഫൈവ് അപ്രോച്ചസ് ടു ലിറ്ററി ക്രിട്ടിസിസം' എന്ന ഗ്രന്ഥത്തിലെ പ്രധാനമായ ഒരു വിമർശന പദ്ധതി ഇതാണ്. പരിഷ്കൃത മനുഷ്യന്റെ ഉള്ളിൽ ഒരു പ്രാകൃത മനുഷ്യൻ ഒളിച്ചിരിപ്പുണ്ടെന്നു മനഃശാസ്ത്രജ്ഞരും നരവംശശാസ്ത്രജ്ഞരും കണ്ടെത്തിയിട്ടുണ്ട്. പുതിയ കാലത്തുനിന്ന് മിത്തുകളെ ക്രോഡീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുമ്പോൾ അറിവിന്റെ പുതിയ വെളിച്ചങ്ങളെ തേടേണ്ടിവരും. എന്റെ സുഹൃത്ത് ഫ്രാങ്കോ ലൂയിസ് ആ വഴിക്ക് അധികം നടക്കുന്നില്ല.

കഥ പറയലാണ് പ്രധാനമായും അദ്ദേഹത്തിന്റെ ലക്ഷ്യം. കഥ കേൾക്കാനുള്ള വെമ്പൽ മനുഷ്യരാശിയുടെ സഹജഭാവമാണ്. ആധുനിക കവിതയുടെ മേശാന്തിയായ അയ്യപ്പപ്പണിക്കൽ 'കുടുംബപുരാണം' എന്ന കവിതയിൽ ഇങ്ങനെ പാടുന്നു:

'രസകരമാകിയ കഥകൾ പറയണ-
മതിനാണല്ലോ മാനുഷജന്മം
കഥകൾ കേൾപ്പോരുടെ കാതിൻനീളം
കവിയുടെ നാവിനുമുണ്ടെന്നാകിൽ
മുഷിവറിവില്ലാ, കേൾക്കുന്നവരും
പറയുന്നവരുമൊരേ ചരടാകും.'

പണിക്കർ ലളിതമായി വിവരിച്ച കഥപറച്ചിലിന്റേയും കഥാസ്വാദനത്തിന്റേയും രഹസ്യമറിയുന്ന വ്യക്തിയാണു ഫ്രാങ്കോ ലൂയിസ് എന്ന് ഈ കഥാപുസ്തകം വായിക്കുന്നവർ സമ്മതിക്കും.

കഥയില്ലാത്ത ജീവിതം കാമ്പില്ലാത്ത ജീവിതമാണ്. കഥ പറഞ്ഞും കേട്ടും നാം ജീവിതത്തെ കഥയുള്ളതാക്കുന്നു. ജീവിതത്തിലെ മഹാസത്യങ്ങളുടെ പ്രകാശനങ്ങളെല്ലാം കഥയായി ത്തീർന്നതിന്റെ കാരണവും മറ്റൊന്നല്ല. യേശുവും സെൻബുദ്ധിസ്റ്റുകളും ശ്രീരാമകൃഷ്ണനും കഥകളിലൂടെ മഹത്തായ സന്ദേശങ്ങൾ നൽകിയതിനു കാരണം വേറെയൊന്നാകുമോ? അപ്രത്യക്ഷ യാഥാർത്ഥ്യങ്ങളുടെ നേരെ തുറക്കുന്ന അന്തർനേത്രമാണ് കഥ. അതുകൊണ്ട് കഥ കളിയല്ല, കാര്യമാണ്. അല്ലെങ്കിൽ, കാര്യമേറെയുള്ള കളിയാണു കഥ. (മനുഷ്യനും കഥയും. പ്രൊഫ. എം. തോമസ് മാത്യു).

ഈ ദർശനം ഉൾക്കൊണ്ടാണ് ഫ്രാങ്കോ ലൂയിസ് പുരാണ കഥാസാഗരത്തെ നമ്മുടെ ദൃഷ്ടിക്കു ഗോചരമാക്കുന്നത്. അതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നു. ലളിത ഭാഷയിലാണ് പുരാണാഖ്യാനം. കഥകൾ ദൃശ്യവത്കരിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. 'നാടകാന്തം കവിത്വം' എന്നാണല്ലോ ആചാര്യമതം.


വൈവിധ്യമാണ് ഈ ഗ്രന്ഥത്തിന്റെ പ്രധാന മേന്മ. 'പ്രതിജനഭിന്ന വിചിത്ര മാർഗ'മായ ജീവിതത്തിന്റെ എല്ലാ തലങ്ങളേയും അത് ഉൾക്കൊള്ളുന്നു. ഇതിഹാസ കഥകളും പഞ്ചതന്ത്രം കഥകളും അറബിക്കഥകളും വടക്കൻപാട്ടുകഥകളും ബൈബിൾ കഥകളും ഭിന്നമായ ജീവിതസത്യങ്ങളേയും സാഹിത്യഭൂമികകളേയും ആശ്ലേഷിക്കുന്നവയാണ്. പ്രതിപാദ്യ വിഷയമനുസരിച്ച് ഫ്രാങ്കോ ലൂയിസിന്റെ ആഖ്യാനരീതിയും മാറുന്നുവെന്നത് ശ്രദ്ധേയമാണ്. 'സ്റ്റൈൽ ഈസ് സബ്ജക്റ്റ്' എന്ന ചൊല്ല് ഇവിടെ സാർത്ഥകമാകുന്നു. തനിക്കു നന്നായി കഥ പറയാനറിയാമെന്ന് ഫ്രാങ്കോ ഈ ഗ്രന്ഥത്തിലൂടെ വിളംബരം ചെയ്യുന്നു. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രഫഷണലുകൾക്കും പ്രഭാഷകർക്കുമെല്ലാം പ്രയോജനകരമായ കഥകൾ. ഈ മഹോദ്യമത്തിന് ഞാൻ അദ്ദേഹത്തെ സർവാത്മനാ അഭിനന്ദിക്കുന്നു.

# പി.ശ്രീധരൻ: ധിക്കാരിയുടെ കാതലുള്ള പത്രപ്രവർത്തകനും സാമൂഹ്യവിമർശകനും



ഈ.ഡി.ഡേവീസ്

സ്വയംനിർമ്മിത പ്രതിഭാശാലികൾക്ക് അല്ലെങ്കിൽ സെൽഫ് മെയ്ഡ് മേന്മാർക്ക് മിക്കപ്പോഴും അവരർഹിക്കുന്ന ആദരവൊന്നും ലഭിക്കാറില്ല. സാഹിത്യത്തിലാണെങ്കിൽ അവരെഴുതുന്നതൊന്നും യഥാകാലം സഹൃദയസമക്ഷം വന്ന് അംഗീകരിക്കപ്പെടാറുമില്ല. പക്ഷേ, അവരെ പൊതുവിൽ ധിക്കാരികളുടെ വംശമാണെന്നു നിസ്സംശയം വിശേഷിപ്പിക്കാം. അതിലെ നിസ്വാർത്ഥസേവകരെപറ്റി ആലോചിക്കുമ്പോൾ പലർക്കും രക്തസാക്ഷിയുടെ മാനസികാവസ്ഥയാണുള്ളത്. സ്വയം, തന്റെ ചെറിയൊരിടത്തിൽ കിടന്ന് അവിടമാകെ പൊന്നാക്കി എരിഞ്ഞുതീരുന്നവർ. അങ്ങനെയൊരാളാണ് എക്സ്പ്രസ് എന്ന തൃശൂർ നാട്ടുപത്രത്തിന്റെ പത്രാധിപരായിരുന്ന പി.ശ്രീധരൻ.




1944-ൽ കെ.കൃഷ്ണൻ സ്ഥാപിച്ച ഈ പത്രത്തിന് ഒരു കാലത്ത് 'തിരുവമ്പാടി ദേശാഭിമാനി' എന്നു പേരുണ്ടായിരുന്നു. ജനകീയ പത്രപ്രവർത്തനത്തോടുള്ള പ്രതിജ്ഞാബദ്ധതയെ ആശ്ലേഷിച്ച് ഉരുത്തിരിഞ്ഞുവന്ന വിശേഷണമാണത്. കമ്മ്യൂണിസ്റ്റുകാരുമായി നാഭിനാളബന്ധമുണ്ടായിട്ടൊന്നുമല്ല അത്തരമൊരു വിശേഷണം എക്സ്പ്രസ് പത്രത്തിന് പതിഞ്ഞത്. ആ എക്സ്പ്രസ്സിന്റെ പത്രപ്രവർത്തനമൂശയിൽ രൂപപ്പെട്ടതാണ് പി.ശ്രീധരന്റെ തീക്ഷ്ണമായ ഗദ്യരചനാശൈലി. അദ്ദേഹം ഏറെ സാഹിതീയലേഖനങ്ങൾ എഴുതിയിട്ടില്ലെങ്കിലും അദ്ദേഹം നടത്തിയ സാഹിതീയപത്രപ്രവർത്തനത്തിന്റെ മൂല്യം വളരെ വലുതാണ്. എളുപ്പത്തിൽ അനുകരണീയമല്ലാത്ത പദസംയോഗങ്ങളും വാങ്മയദൃശ്യങ്ങളും അവിടെ സന്നിഹിതമാണ്. തനിമയാർന്നതും അർത്ഥസാന്ദ്രവുമാണ് ആ ശൈലി. അദ്ദേഹം എഴുതിയ സാഹിതീയസാംസ്കാരികവൈജ്ഞാനികമൂല്യമുള്ള രചനകളുടെ സമാഹാരമാണ് 'പി. ശ്രീധരന്റെ ലേഖനങ്ങൾ' എന്ന പുസ്തകം.

പ്രതിഭാശാലിയായ പത്രപ്രവർത്തകനും സാഹിത്യ-സാംസ്കാരിക വിമർശകനുമായി തീരുന്നൊരാൾക്ക് സ്വാഭാവികമായും വലിയ വായനയുടെ പിൻബലം ഉണ്ടായേ തീരൂ. അതേ പി.ശ്രീധരൻ വലിയ വായനക്കാരൻ തന്നെ ആയിരുന്നു. ലോകസാഹിത്യത്തിലെ മഹത്തായ പുസ്തകങ്ങളുടെ കൂട്ടുകാരനായിരുന്നു. എന്നാൽ 'പി.ശ്രീധരന്റെ ലേഖനങ്ങൾ' എന്ന പുസ്തകം നല്ല പത്രപ്രവർത്തകർ പോലും ശ്രദ്ധിച്ചിട്ടില്ല. എന്നാൽ ആ പുസ്തകം സാന്ദ്രമായ മൊഴിയഴകുള്ള തൂലികാചിത്രങ്ങൾ

കൊണ്ടും പ്രശ്നാധിഷ്ഠിത വിശകലനങ്ങൾ കൊണ്ടും വളരെ സമ്പന്നമാണ്. ആക്ഷേപഹാസ്യത്തിന്റെ ഭാവനകൾ നിറഞ്ഞതാണ്. സവിശേഷനിരീക്ഷണങ്ങൾ ഉൾകൊള്ളുന്നതാണ്.

പത്രപ്രവർത്തകന്റെ സ്വാതന്ത്ര്യം എന്താണെന്ന് ആ എഴുത്തുകളിൽ നിന്നു ഏറെ വ്യക്തമാണ്. വാക്കുകളാൽ ഇടിമുഴക്കം ഉണ്ടാക്കുന്നതാണ് ആ രചനാശൈലി. മറ്റുള്ളവരെ വിമർശിക്കുന്നതുപോലെ തന്നെ താൻ വിമർശിക്കപ്പെടുന്നതിലും ആഹ്ലാദം കണ്ടെത്തിയ വലിയ മനുഷ്യനായിരുന്നു പി. ശ്രീധരൻ. അതായത് പി. ശ്രീധരന്റെ ഏറ്റവും വലിയ വിമർശകൻ പി. ശ്രീധരൻ തന്നെയായിരുന്നു. ഇതാണ് ഉൽപതിഷ്ണുതാപരമായ സംസ്കാരത്തിന്റെ ശൈലി. സ്വയം തിരുത്തി മുന്നോട്ടുപോകുന്നവർ.

ഗ്രന്ഥകാരന്റെ ലോകസാഹിത്യപരിചയം ഓരോ സന്ദർഭത്തിലും ഇതിലെ ലേഖനങ്ങളിൽനിന്നു വായിച്ചറിയാനാകുന്നതാണ്. വൈശാഖൻ എഴുതിയ 'ജീവിതപാഠങ്ങൾ' എന്ന ആമുഖവും സക്കറിയ എഴുതിയ 'ഒരു നല്ല കാലത്തിന്റെ ഓർമ്മയ്ക്ക്' എന്ന അവതാരികയും കൃതിയിലെ ആശയങ്ങൾക്ക് ആഴക്കാഴ്ച നല്കുന്നു. പി. ശ്രീധരന്റെ എഴുത്തുകളെ വൈശാഖൻ നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്. "അസന്നിഗ്ദ്ധമായ നിലപാട് എടുക്കേണ്ട സന്ദർഭങ്ങളിൽ അർത്ഥശങ്കയ്ക്ക് ഇടമില്ലാത്തവിധം ശ്രീധരൻ കാര്യങ്ങൾ പറയുന്നു. ചില സന്ദർഭങ്ങളിൽ നർമ്മവും ആക്ഷേപഹാസ്യവും സമർത്ഥമായി ഉപയോഗിച്ചുകൊണ്ട് താൻ എവിടെ നില്ക്കുന്നു എന്ന് ഊഹിക്കുവാൻ വായനക്കാർക്ക് സ്വാതന്ത്ര്യം നല്കുകയും ചെയ്യുന്നു. എഴുത്തിന്റെയും വായനയുടെയും ജനാധിപത്യത്തെക്കുറിച്ച് വ്യക്തമായ ധാരണയുള്ള ഒരു പത്രപ്രവർത്തകന്റെ സാന്നിദ്ധ്യം ഓരോ വരിയിലും നാം അറിയുന്നു." പി. ശ്രീധരന്റെ ലേഖനങ്ങൾ എന്ന കൃതിക്ക് 6 ഭാഗങ്ങളുണ്ട്. 1. അന്വേഷണം, 2. പുസ്തകക്കാഴ്ച, 3. അഭിമുഖം, 4. ആദരാർപ്പണം, 5. എഴുത്തുകുത്ത്, 6. കവിതകൾ എന്നിങ്ങനെ.

'മീഡിയയും സാഹിത്യവും' എന്ന ലേഖനം അവസാനിപ്പിക്കുന്നത് പത്രങ്ങൾ നടത്തേണ്ട സ്വയം വിമർശനത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടാണ്. ലേഖനത്തിൽ മറ്റൊരിടത്തു പറയുന്നു. "ഇന്നും നമ്മുടെ മിക്ക ലേഖകന്മാരെയും വാർത്തയെഴുതാനിരിക്കുമ്പോൾ സ്വാധീനിക്കുന്നതും നായാടുന്നതും വർണ്ണനകളും ഉല്ലേഖാദി അലങ്കാരങ്ങളുമാണ്. അക്ഷരങ്ങൾ കൂട്ടിവായിക്കാനറിയുന്നവർ തൊട്ട് അക്ഷരലക്ഷേശ്വരന്മാർ വരെയുള്ളവർക്കുള്ളതാണ് പത്രമെന്ന് അവർ മറന്നുപോകുന്നു. ഇംഗ്ലീഷിൽ വാർത്തക്ക് സ്റ്റോറി എന്ന് പറയുന്നു എന്നുവെച്ച് നാം വാർത്തയെ സ്റ്റോറിയാക്കി മാറ്റുന്നു." ഇന്ന് പത്രറിപ്പോർട്ടുകൾ കൂടുതൽ കൂടുതൽ സ്റ്റോറി എന്ന പൊതുപ്രയോഗത്തെ സാധൂകരിക്കുന്നതായി മാറിയിട്ടുണ്ട്. വസ്തുതകളുടെ പിൻബലം ഒട്ടും ഇല്ലാതായിവരുന്നു.

'എം.എൻ.റോയിയുടെ ഇന്ത്യൻ സ്വപ്നങ്ങൾ' എന്ന ലേഖനം തൂലികാചിത്രങ്ങൾ വരക്കുന്നതിലെ ശ്രീധരന്റെ സാമർത്ഥ്യം വ്യക്തമാക്കുന്നതാണ്. ഒറ്റ വാചകത്തിൽ തന്നെ ശ്രീധരൻ എന്തെന്തു കാര്യങ്ങൾ പറയുന്നു എന്നു ശ്രദ്ധിക്കുക. "ചോര മണക്കുന്ന വിപ്ലവത്തിലും അതിന്റെ ആധികാരിക പ്രത്യയശാസ്ത്രമായ കമ്മ്യൂണിസത്തിലും വിശ്വസിച്ച റോയ്, എങ്ങനെ പിന്നീട് നാല്പതുകളിൽ ഹ്യൂമനിസത്തിന്റെയും ന്യൂഹ്യൂമനിസത്തിന്റെയും വക്താവായിത്തീർന്നു എന്നത് ലോകമെമ്പാടുമുള്ള ബുദ്ധിജീവികളെ വിസ്മയിപ്പിക്കുന്ന ഒരു വിരോധാഭാസമായിരുന്നു." ആ ലേഖനം അവസാനിപ്പിക്കുന്നതു ശ്രദ്ധിക്കുക. ശ്രീധരൻ എന്താണ് റോയിയിലൂടെ വായനക്കാരോട് പറയാൻ ശ്രമിക്കുന്നതെന്നും വളരെ സുവ്യക്തമാണ്. "റോയിയുടെ ഹ്യൂമനിസ്റ്റ് സങ്കല്പത്തിന് അധികാരം പിടിച്ചെടുക്കാനുള്ള, വ്യവസ്ഥാപിതമാക്കാനുള്ള അജണ്ട ഉണ്ടായിരുന്നു. സോക്രട്ടീസിലൂടെ ബുദ്ധൻവഴി യേശുവിലൂടെ വളർന്ന് ഗാന്ധിജിയിലെത്തിയ ഹ്യൂമനിസം വെറും ഹ്യൂമനിസം ആയിരുന്നു. അധികാരം പിടിച്ചെടുക്കലും സ്ഥാപിക്കലും അവരുടെ അജണ്ടയിൽ ഉണ്ടായിരുന്നില്ല."

'കത്തി ജ്വലിച്ച സ്വർണ്ണവില്ല്' എന്നാണ് സുഭാഷ് ചന്ദ്രബോസിനെക്കുറിച്ചെഴുതിയ ലേഖനത്തിന്റെ തലവാചകം. ബോസിനെപറ്റി പ്രമുഖ കമ്മ്യൂണിസ്റ്റ് ചിന്തകനായ ഹിരൺ മുഖർജി എഴുതിയ ഗ്രന്ഥമാണ് ആൗ്യിശിഴ ഴീ ഹറലി യീ . ആ 'കത്തിജ്വലിച്ച സ്വർണവില്ലി'നെക്കുറിച്ച് മൂന്നുവാചകത്തിൽ പി.ശ്രീധരൻ ഉണ്ടാക്കിയ വാങ്മയചിത്രം ഇതാണ്. "ഒരിന്ത്യക്കാരന് സ്വപ്നം കാണാവുന്നതിൽ വെച്ച് ഏറ്റവും മികച്ച വിദ്യാതിലകമായ ഐ.സി.എസ്. ബിരുദം ഉപേക്ഷിച്ചുകൊണ്ടാണ് 23 കാരനായ ബോസ് കോൺഗ്രസ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. കാഴ്ചയിൽ തേജോമയനായ സുഭാഷ് കാര്യശേഷിയിലും കർമ്മരംഗത്തും ഒരു ജ്വലനശക്തിയായിരുന്നു. സി.ആർ. ദാസി

ന്റെയും, ഗാന്ധിജിയുടെയുമൊക്കെ നേതൃത്വത്തിൽ ആകൃഷ്ടനായി രാഷ്ട്രീയത്തിൽ പ്രവേശിച്ച ബോസ്, അവരുടെയൊക്കെ ജനപ്രീതിയെപോലും ഉൾക്കൊള്ളാൻ കഴിയുന്നതിലും അപ്പുറമായിരുന്നു."

'താരാപഥങ്ങളിൽ ശിരസ്' എന്ന ലേഖനത്തിൻ ഡോ. ബി.ആർ. അംബേദ്കറെക്കുറിച്ച് ചിത്രീകരിക്കുന്നതു ശ്രദ്ധിക്കൂ; "അഗാധമായ നിയമപാണ്ഡിത്യവും അത്ഭുതകരമായ വചോവിലാസവും അകളങ്കമായ ആത്മാർത്ഥതയും അദ്ദേഹത്തെ സമൂഹമധ്യത്തിൽ അനിഷേധ്യനും അധൃഷ്യനും ആക്കിത്തീർത്തു. ഹരിജനസേവനത്തിന്റെ അഗ്നിപരീക്ഷണത്തിലൂടെ ഇന്ത്യൻരാഷ്ട്രീയത്തിൽ ഇതിഹാസമെഴുതിച്ചേർത്ത ഗാന്ധിജിയെപ്പോലും വെല്ലുവിളിക്കാൻ അംബേദ്കർ മടിച്ചില്ല." ഇങ്ങനെ ഈ പുസ്തകത്തിൽനിന്ന് എത്രയോ വിശകലനങ്ങളും വാങ്മയചിത്രങ്ങളും എടുത്തുപറയാനുണ്ട്.

വിമർശകനായ ചങ്ങമ്പുഴ കൃഷ്ണപ്പിള്ളയെ ശ്രീധരൻ അവതരിപ്പിക്കുന്നു. "മലയാളസാഹിത്യത്തിലെ അനുകരണക്കാരെയും അപഹരണക്കാരെയും ചങ്ങമ്പുഴ കണക്കിന് കശക്കിയിട്ടുണ്ട്." മഹാകവി വള്ളത്തോളിന്റെ 'സ്ത്രീ' എന്ന ഖണ്ഡകാവ്യത്തിന് ഇ.എം.എസ്. എഴുതിയ അവതാരിക അപഗ്രഥിച്ചുകൊണ്ട് അറിയപ്പെടാത്ത ഇ.എം.എസിനെ കാണിച്ചുതന്നു. പിൽക്കാലത്ത് വളരെ വ്യത്യസ്തനായ ഇ.എം.എസിനെ കാണിച്ചുതരുന്നു. "ഒരു കമ്മ്യൂണിസ്റ്റുകാരന്റെ കമ്മിറ്റ്മെന്റ് അവതാരികിൽ ഉടനീളമുണ്ട് എന്നു വിശേഷിപ്പിച്ചുകൊണ്ട് ഇ.എം.എസ് എഴുതിയ ഒരു വാചകം അവസാനഭാഗത്ത് ഉദ്ധരിച്ചിട്ടുണ്ട്. അതിനാണ്;" പുരുഷമേധാവിത്വത്തിൽനിന്ന് സ്ത്രീകളെ രക്ഷിക്കണമെങ്കിൽ അവരെ സാമ്പത്തിക അടിമത്തത്തിൽനിന്ന് വിടുവിക്കണം. സാമൂഹ്യമായും രാഷ്ട്രീയമായും സ്ത്രീപുരുഷന്മാർ തമ്മിലുള്ള അസമത്വം നീങ്ങണമെങ്കിൽ സാമ്പത്തികമായി അവർ തമ്മിൽ സമത്വം സ്ഥാപിക്കണം. പുരുഷന്മാർ പുറത്തുപോയി പണം സമ്പാദിക്കുകയും, സ്ത്രീ വീട്ടുകാരിയായി ഇരിക്കുന്ന കാലത്തോളം സ്ത്രീ പുരുഷന്റെ അടിമയായിത്തന്നെ ഇരിക്കുമെന്ന് മാർക്സും ഏംഗൽസും പറഞ്ഞതാണ് മഹാ

കവിയുടെ ഈ വരികൾ വായിച്ചപ്പോൾ എനിക്ക് ഓർമ്മ വന്നത്" 1944-ൽ എഴുതിയ അവതാരികയാണിത്.

മുണ്ടശ്ശേരിയും മന്ദാക്രാന്തയും, നമ്പ്യാരും മുഖപ്രസംഗവും, ഒരു കുയ്യാനയും കുറെ പുയുക്കളും ഒരേയൊരു ബ്ലിറ്റ്സ് ഒരേയൊരു കരഞ്ചിയ, ആഭാസരാഷ്ട്രീയത്തിന്റെ കൊടിയേറ്റം, എന്റെ കുഞ്ഞുണ്ണിമാസ്റ്റർ, ഒരേയൊരു കൃഷ്ണൻനായർ, ഇനിയൊരു വി.കെ.എൻ... അതുവേണ്ട, മലയാളത്തിന്റെ വിജയപർവം, വിമർശകന്റെ ക്യാൻവാസ്, എഴുത്തുകാരനായ നെഹ്റു, ഇന്ദിരയുടെ രണ്ടുമുഖങ്ങൾ മലയാളത്തിന്റെ ഭവത്രാതൻ, മലയാളത്തിന്റെ മാമ്പഴം ഇങ്ങനെ വ്യത്യസ്തമായ ഗദ്യാഖ്യാനങ്ങൾ കൊണ്ട് സമ്പന്നവും സാന്ദ്രവും ആണ് പി.ശ്രീധരന്റെ എഴുത്തകം എന്ന് മലയാളി വായനക്കാർ അറിയാൻ വൈകിയിരിക്കുന്നു. ഈ പുസ്തകത്തിന്റെ അവതാരികയിൽ സക്കറിയ പറഞ്ഞത് ശ്രദ്ധിക്കുക. "ശ്രീധരന്റെ ഈ ഗ്രന്ഥത്തിലെ കുറിപ്പുകളിൽ പ്രതിഫലിക്കുന്ന നന്മയും സത്യസന്ധതയും ഹൃദയവിശാലതയും സാംസ്കാരികപ്രേരണകളും നമ്മെ മലയാളിയുടെ തകർന്നുപോയ നവോത്ഥാനസ്വപ്നത്തെപറ്റിയുള്ള ഒരു തീവ്രദുഃഖത്തിലേക്ക് നയിക്കുന്നു. കാരണം, ശ്രീധരനെ പ്പോലെയുള്ളവർ ഉയർത്തിപ്പിടിച്ച ആ നവോത്ഥാനസ്വപ്നങ്ങളെ പൂഴിയിൽ ചവിട്ടിമെതിച്ചതിന്റെ ഒരു സുപ്രധാനപങ്ക് കഴിഞ്ഞ കുറച്ച് ദശകങ്ങളിൽ മാധ്യമങ്ങൾ തന്നെയാണ് വഹിച്ചത്. കയ്പുനിറഞ്ഞതും ലജ്ജാകരവും ഗുരുതരമാം വിധം കുറ്റകരവുമായ ആ ചരിത്രത്തിലേക്ക് നാം ഇവിടെ കടക്കേണ്ടതില്ല." പി. ശ്രീധരന് സഹൃദയരുടെ ലോകത്ത് നിശ്ചയമായും ഒരു ഉയിർത്തെഴുന്നേൽപ്പ് ഉണ്ട് എന്ന് ഇനി പറയേണ്ടതില്ലല്ലോ.

ഒരുകാര്യംകൂടി ഇവിടെ രേഖപ്പെടുത്തേണ്ടതുണ്ട്. അത് അദ്ദേഹത്തിന്റെ പത്രപ്രവർത്തനജീവിതത്തിൽ സംഭവിച്ച അപരാധമായിരുന്നു. എക്സ്പ്രസ്സ് പത്രത്തിലെ ജീവിതമെല്ലാം അവസാനിച്ചതിനുശേഷം അദ്ദേഹം ഒരു പ്രാദേശികമാസികയിൽ പ്രവർത്തിച്ചിരുന്നു. അക്കാലത്ത് അദ്ദേഹം സർവ്വാദരണീയനായ ആർ.വി.ജി. മേനോൻ സാറിനെ അകാരണമായി കുറ്റപ്പെടുത്തി കോളം എഴുതിപ്പോയി. എഴുതിയ പരാമർശങ്ങൾ തെറ്റെന്ന് വെളിപ്പെട്ടപ്പോൾ അതിലദ്ദേഹത്തിനുണ്ടായ പശ്ചാത്താപം, കുറ്റബോധം വളരെ വലുതായിരുന്നു. അത് അദ്ദേഹം മറച്ചുവെച്ചില്ല. മാപ്പ് ചോദിക്കുകയും അതേപ്പറ്റി പൊതുവേദിയിൽ തുറന്നു പറയുകയും ചെയ്തു. അത് പറഞ്ഞ് ആ കണ്ണു കലങ്ങിയത് ഞാനോർത്തു പോകുന്നു. ●



# പാട്ടോണം



ബിനു വെളിയനാടൻ

ഓർമ്മകളുടെ ഉത്സവമാണ് ഓരോ ഓണാഘോഷവും. ചരിത്രപരമോ ഐതീഹ്യപരമോ ആയ ഓർമ്മകളേക്കാൾ വ്യക്തിപരമായ ഒട്ടനേകം ഗൃഹാതുരത്വ സ്മരണകളാണ് ഓണം മലയാളികൾക്ക് സമ്മാനിക്കുന്നത്. ഓരോ തലമുറയുടെയും ഓണാനുഭവങ്ങൾ തികച്ചും വ്യത്യസ്തമാണ്. ജീവിതസാഹചര്യങ്ങൾ, ചുറ്റുപാടുകൾ, പ്രാദേശികമായ പ്രത്യേകതകൾ ഒക്കെത്തന്നെ ഓണാനുഭവത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഓണപ്പാട്ടുകളാണ്. ഓണക്കവിതകളും ഓണച്ചിന്തകളും ഓണക്കഥകളും ഓണസന്ദേശങ്ങളും എല്ലാവർഷവും നമ്മുടെ ഓണോർമ്മകളെ തൊട്ടുണർത്താറുണ്ടെങ്കിലും ചലച്ചിത്രങ്ങളിലെ ഓണഗാനങ്ങൾ എന്നും നമ്മെ സ്വാധീനിച്ചു കൊണ്ടേയിരിക്കും.

## ചുണ്ടിൽ പൂക്കുന്ന ഓണപ്പാട്ടുകൾ

പാട്ടുകൾ ഓരോ കാലഘട്ടത്തിന്റെയും അടയാളപ്പെടുത്തൽ കൂടിയാണ്. എത്രയോ പാട്ടുകളുടെ വരികളും ഈണങ്ങളുമാണ് നമ്മുടെ ഓരോരുത്തരുടെയും ജീവിതവുമായി ഇഴചേർന്നുനിൽക്കുന്നത്. സങ്കടകാലത്തും ഒറ്റപ്പെടുന്ന നേരത്തും ആഘോഷത്തിമിർപ്പിലുമെല്ലാം നമ്മൾപ്പോലും അറിയാതെ മനസിൽ ചേക്കേറിയ ചില പാട്ടുകൾ ചൂണ്ടുകളിൽ എത്താറുണ്ടല്ലോ. ഓണക്കാലം മലയാളികളെ ഓർമ്മപ്പെടുത്തുന്ന ഒരുപാട് പാട്ടുകളുണ്ട്.

എപ്പോൾ കേട്ടാലും എത്ര തവണ ആസ്വദിച്ചാലും മനസിൽ ഗൃഹാതുരത്വം നിറയ്ക്കുന്ന ഒരുപിടി നല്ല ഓണപ്പാട്ടുകൾ, ഓണസംസ്കാരത്തിന്റെ കരുത്താണ്. അവയിൽ മികച്ചതേതെന്ന് തരംതിരിക്കുക പ്രയാസമാണ്. കാരണം ഓരോരുത്തരുടെയും ഇഷ്ടങ്ങളും അനുഭവതലങ്ങളും വ്യത്യസ്തമാണല്ലോ. ഓണപ്പൂക്കളെയും ഓണസദ്യയെയും ഓണക്കളികളെയും മാവേലിത്തമ്പുരാനെയും വർണ്ണിച്ചു

ള്ള ഓണഗാനങ്ങളിൽ ചിലത്, കാലഭേദങ്ങളെ കവച്ചുവച്ച് ചിരകാലപ്രതിഷ്ഠ നേടിയിട്ടുമുണ്ട്.

## മാവേലി നാടുവാണീടും കാലം...

മലയാളിയെ ഓണത്തിന്റെ ആവേശത്തിലാക്കുന്ന ഗാനമാണിത്. നമ്മുടെ മനസിൽ ഓണച്ചിന്തകൾ ഉണ്ടാകുമ്പോൾ ചുണ്ടിൽ വിരിയുന്ന പാട്ട്. 1955 ലെ ന്യൂസ് പേപ്പർ ബോയ് എന്ന ചലച്ചിത്രത്തിലെ ഈ ഗാനമാണ് മഹാബലിയുടെ ചരിത്രം പുതിയ തലമുറയിലെ മലയാളിയുടെ മനസിലുറപ്പിച്ചതെന്നു പറയുന്നതിൽ തെറ്റില്ല. ഗാനത്തിന്റെ വരികൾ ആരുടെ തൂലികയിൽ പിറന്നുവെന്നത് ഇപ്പോഴും തർക്കവിഷയമാണത്രെ. ഈ ഗാനത്തിന് മഹാബലിചരിതം എന്ന പേരുണ്ടെന്നും രചനാകാലം ഒമ്പതോ പത്തോ ശതകങ്ങളിലാകാമെന്നും മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ തന്റെ സാഹിത്യചരിത്രപുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. 1973 ൽ റിലീസായ മാധവിക്കുട്ടി എന്ന ചിത്രത്തിലും 1983 ലെ മഹാബലി എന്ന സിനിമയിലും ഇതേ ഗാനം പാഠഭേദങ്ങളോടെ ഉപയോഗിച്ചിട്ടുണ്ട്.

## ഓണത്തുമ്പീ വന്നാട്ടെ, ഓമനത്തുമ്പീ വന്നാട്ടെ...

1964 ൽ അൾത്താര എന്ന സിനിമയിൽ തുമ്പിയോട് കഥ പറയാമെന്ന് പാടിക്കൊണ്ടാണ് ഓണക്കഥ പറയുന്നത്. തിരുനൈനർകുറിശ്ശി മാധവൻ നായർ രചിച്ച് എം. ബി. ശ്രീനിവാസൻ സംഗീതം നൽകി എൽ. ആർ. ഈശ്വരി പാടിയ ഈ ഗാനം അനശ്വരമായി നിലനിൽക്കുന്നു. ഒരു പുഴുവായ് ഓടിനടന്നതും ചിറകു മുളച്ചശേഷം പൂവ് തേടി നടന്നതുമൊക്കെ ഗാനത്തിലുണ്ടെങ്കിലും പൂർണ്ണമായും ഇതൊരു ഓണപ്പാട്ടെന്ന് പറയാനുമാകില്ല.

## പൂവേ പൊലി പൂവേ പൊലി പൊലി പൂവേ...

1972 ൽ റിലീസ് ചെയ്ത ചെമ്പരത്തി എന്ന സിനിമ ജനപ്രിയമായത് അതിലെ പാട്ടുകൾ കൊണ്ടുകൂടിയാണ്. വയലാർ രാമവർമ്മയുടെ വരികൾക്ക് ജി. ദേവരാജൻ സംഗീതം പകർന്ന് പി. മാധുരിയും സംഘവും ചേർന്ന് പാടിയ ഗാനമാണിത്. പൂക്കളമിടുന്ന അവസരത്തിൽ കുട്ടികൾ ചേർന്നുപാടുന്ന പാട്ടായിട്ടാണ് ഇത് സിനിമയിൽ ചിത്രീകരിച്ചിരിക്കുന്നത്.

## മാവേലി വാണൊരു കാലം, മറക്കുകയില്ല...

1970 റിലീസ് ചെയ്ത കുറ്റവാളി എന്ന സിനിമയിൽ വയലാർ രാമവർമ്മ രചിച്ച് ദക്ഷിണാമൂർത്തി ഈണമിട്ട് പി. സുശീലയും കൂട്ടരും ചേർന്ന് ആലപിച്ച പാട്ടാണിത്. ഓണത്തിന്റെ ഐതീഹ്യത്തിൽ മഹാബലിയുടെ രാജ്യത്തിന്റെ മഹിമ പ്രകടിപ്പിക്കുന്ന വരികളാണ് ഈ പാട്ടിലുള്ളത്.

## അത്തം പത്തിനു പൊന്നോണം, പുത്തരി കൊയ്തൊരു കല്യാണം...

1966 ൽ പുറത്തുവന്ന പിഞ്ചുഹൃദയം എന്ന ചിത്രത്തിനുവേണ്ടി പി. ഭാസ്കരൻ എഴുതി വി. ദക്ഷിണാമൂർത്തി ഈണമിട്ട ഈ ഗാനം എൽ. ആർ ഈശ്വരിയും സംഘവുമാണ് പാടിയത്. ഓണക്കളിയും ഓണത്തുമ്പിയും ഊഞ്ഞാലാട്ടവുമെല്ലാം ഈ ഗാനത്തിൽ ഇടം പിടിച്ചിട്ടുണ്ട്.

## തിരുവോണപ്പുലരിതൻ തിരുമുൾക്കാഴ്ച വാങ്ങാൻ...

മലയാളികൾ എന്നും മൂളിനടക്കുന്ന ഓണപ്പാട്ടുകൾ കൂടുതലായി പിറന്നത് എഴുപതുകൾ മുതലാണ്. 1975 ൽ പുറത്തിറങ്ങിയ തിരുവോണം എന്ന ചിത്രത്തിലെ ഗാനം, വാണി ജയറാമാണ് ആലപിച്ചിരിക്കുന്നത്. ശ്രീകുമാരൻതമ്പിയുടെ വരികൾ സംവിധാനം ചെയ്തിരി

ക്കുന്നത് എം. കെ. അർജ്ജുനൻ ആണ്. ഈ ചിത്രത്തിന്റെ സംവിധാനം നിർവ്വഹിച്ചതും ശ്രീകുമാരൻ തമ്പി തന്നെയാണ്.

## പൂവിളി പൂവിളി പൊന്നോണമായി...

ഈ പാട്ടില്ലാതെ എന്ത് ഓണാഘോഷം? 1977 ൽ റിലീസ് ചെയ്ത വിഷുക്കണി എന്ന ചിത്രത്തിലെ ഈ ഗാനം യേശുദാസാണ് ആലപിച്ചിരിക്കുന്നത്. ശ്രീകുമാരൻ തമ്പി എഴുതി സലിൽ ചൗധരി ഈണം പകർന്നതാണ്. പൂവുകൊണ്ടു മൂടിയ പൊന്നിൻ ചിങ്ങമാസത്തെ തുമ്പയും നന്ദ്യാർവട്ടവും തെച്ചിയും ചെമ്പരത്തിയും പൂവയലുമെല്ലാം പൊന്നോണത്തുമ്പിയെ വരവേൽക്കുകയാണ് ഈ ഗാനത്തിലൂടെ.



## ഓണപ്പാട്ടിൽ താളം തുള്ളും തുമ്പപ്പൂവേ...

ഓണക്കാലമായാൽ തലമുറ ഭേദമില്ലാതെ എല്ലാവരുടെയും മനസിനെ കീഴടക്കുന്ന ഗാനമാണിത്. 2004 ൽ പുറത്തിറങ്ങിയ ക്വട്ടേഷൻ എന്ന സിനിമ വലിയശ്രദ്ധ നേടിയില്ലെങ്കിലും ഈ ഓണപ്പാട്ട് ഹിറ്റായി. ബ്രജേഷ് രാമചന്ദ്രന്റെ വരികൾക്ക് ഈണം പകർന്നതും ആലപിച്ചതും സബീഷ് ജോർജാണ്. തുമ്പപ്പൂവും വണ്ണാത്തിക്കിളിയും ഓണക്കോടിയും തിരുവോണസദ്യയും തുടങ്ങി ഓണാംശങ്ങളെല്ലാം ഒപ്പിയെടുക്കുന്ന വരികളാണിത്.

## തിരുവാവണി രാവ് മനസ്സാകെ നിലാവ്...

ജേക്കബിന്റെ സ്വർഗ്ഗരാജ്യം എന്ന സിനിമയിലേതാണ് മലയാളികൾ നെഞ്ചേലേറ്റിയ ഈ ഗാനം. ഉണ്ണിമോനോനും സിത്താരയും ചേർന്നാണ് ഗൃഹാതുരത ഉണർത്തുന്ന ഈ ഗാനമാലപിച്ചിരിക്കുന്നത്. ഹോമിയോപ്പതി ഡോക്ടറായ മനു മൻജിത്തിന്റെ വരികൾക്ക് ഷാൻ റഹ്മാനാണ് ഈണം നൽകിയത്.

## പാട്ടോണം മനസുകളെ കീഴടക്കട്ടെ

ഓണം വന്നല്ലോ കോടിയുടുത്തല്ലോ... ഉത്രാട പൂനിലാവേ വാ... അത്തപ്പൂവും നുള്ളി തൃത്താപ്പൂവും നുള്ളി തന്നാനം പാടി... മാമാങ്കം പലകുറി കൊണ്ടാടി... മുടിപ്പൂക്കൾ വാടിയാൽ എന്തോമനേ നിന്റെ ചിരിപ്പൂക്കൾ വാടരുതോന്നോമനെ... ആരോ കമഴ്ത്തി വെച്ചൊരോട്ടുരുളി പോലെ ആകാശത്താവണി തിങ്കൾ... തുടങ്ങിയ എത്രയോ പാട്ടുകളാണ് ഓരോ ഓണക്കാലത്തും നമ്മൾ മൂളിമൂളി നാവിൽ നുണയുന്നത്. അവയെല്ലാം ഓർത്തെടുക്കാൻ ഈ ലേഖനം മതിയാവില്ലെന്നറിയാം. പുതുപുത്തൻ ഓണപ്പാട്ടുകൾ പിറക്കാൻ ഇനിയും നമുക്ക് കാത്തിരിക്കാം.

ഓണപ്പാട്ടുകൾ ഹൃദ്യമാകുന്നത് അതു നമ്മെ ബാല്യകാലത്തേക്കും പഴയ ഓണോർമ്മകളിലേക്കും കൂട്ടിക്കൊണ്ട് പോകുന്നതുകൊണ്ടു കൂടിയാണ്. ചിലപ്പോൾ ചില വരികൾ ഓണക്കളികളേക്കാൾ നമ്മുടെയുള്ളിൽ സന്തോഷം നിറയ്ക്കും... ചിലതാകട്ടെ, നല്ലൊരു ഓണസദ്യ ഉണ്ണുന്നതിനേക്കാൾ വയറും നിറയ്ക്കും. ഈ വർഷവും പാട്ടോണം നമ്മുടെ മനസുകളെ കീഴടക്കട്ടെ. എല്ലാവർക്കും 2024 ലെ തിരുവോണാശംസകൾ നേരുന്നു.




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

# തേന്മാമ്പഴം

ദർശന

ഒരു കൊച്ചു കാറ്റൊന്നു വീശി മെല്ലെ
തുടുമാമ്പഴം താഴേക്കൂർന്നു വീണു
മാങ്കൊമ്പിലങ്ങോളമിങ്ങോളമോടുന്നു
ചില്ലിചിൽ ചിലയ്ക്കുന്നുണ്ടണ്ണാർക്കണ്ണൻ
.
കാറിക്കരഞ്ഞെത്തി പ്പാറുന്നുണ്ട്
മേഘക്കറുപ്പാർന്ന കാക്കപ്പെണ്ണ്.
ഇരുവരും തമ്മിൽ കലഹമായി
കാറ്റു ചിരിച്ചെങ്ങോ പാഞ്ഞു പോയി
താഴെ മരപ്പൊത്തിൽ നിന്നുമപ്പോൾ
മെല്ലെ പുറത്തേക്കു വന്നു നോക്കും
മുള്ളു പോൽ കൂർത്ത മുഖവുമത്ര മുള്ളു
കൾ തിങ്ങിനിറഞ്ഞുടലും
കുഞ്ഞിളം കണ്ണിൽ പശിയുമായി
കൊച്ചു മുള്ളൻ പന്നി കുഞ്ഞൊരെണ്ണം
കണ്ടു പുൽനാമ്പുകൾക്കിടയിലായി
വീണു കിടന്നൊരാ തേൻമാമ്പഴം.
മെല്ലെ പതുങ്ങി നടന്നു ചെന്നു
തെറ്റന്നെടുത്തോടി പൊത്തിലേറി
പൂവാലനണ്ണാൻ ചിലപ്പു നിർത്തി
വാലും ചുരുട്ടിയുറക്കമായി
കാക്കച്ചി കാ കാ കരഞ്ഞു പിന്നെ
കാട്ടിലേക്കെങ്ങോ പറന്നുപോയി
കാറ്റു പതുങ്ങിയാ പൊത്തിലേറി
കാട്ടുപന്നിക്കുഞ്ഞിൻ കാതിലോതി
വിത്തു നീ തിന്നല്ലേ കുഞ്ഞു പന്നീ,
മെല്ലെ പുറത്തേക്ക് വെച്ചുകൊൾക
നാളെയതു മുളപൊട്ടി വീണ്ടും
വൻമരമായി വളർന്നിടുമ്പോൾ
കുഞ്ഞുമക്കൾക്ക് പശിയാറ്റിടാൻ
തേന്മാമ്പഴങ്ങൾ നിറഞ്ഞു തൂങ്ങും.

**കവിത.**

## ജാലകപ്പെട്ടി

വീട്ടിനകത്തുള്ള ജാലക പെട്ടി
മെല്ലെ ഞാനൊന്നു തുറന്നു നോക്കി
മിന്നിത്തിളങ്ങുന്ന കൊച്ചുനക്ഷത്ര
ങ്ങൾ
എന്നെയും നോക്കി പുഞ്ചിരിച്ചു
വെളിച്ചം പരത്തുന്ന മിന്നാമിന്നികൾ
എനിക്കു കൂട്ടിനായി വന്നു നിന്നു
ഇരുട്ടിൽ കണ്ടൊരാ സുന്ദര കാഴ്ച
മറക്കാതെ മനസ്സിൽ പതിഞ്ഞിരുന്നു.

**ഭൂമിക എ എസ്**
4എ GHS KARAKURUSSI

**കവിത.**

## അധർമ്മ ഭൂമി

മേഘങ്ങളുടെ യുദ്ധത്തിന് പ്രതിഷേധ
മായി ഒഴുകിവന്ന നിർത്തുള്ളികൾ മണ്ണി
ന് കുളിരേകിയില്ല..
ക്രൂരമായി കുത്തിയൊലിച്ച്
പുതുനാമ്പിനെ തലകുനിപ്പിച്ചു.
ഭൂമിയിലെ മനുഷ്യായുധങ്ങൾ
ചുടു രക്തത്തെ ഭൂമിക്കു ബലിയാക്കി
സമാധാനം എന്ന സമ്പത്തിനെ
എന്നെന്നേക്കുമായി മണ്ണിലൊളിപ്പിച്ചു.
തീ ജ്വാല പോൽ ക്രൂരതയുടെ മുഖം
മൂടി ആളിക്കത്തിയപ്പോഴേക്കും ജീവന്റെ
അവസാന നിലവിളികൾ കാതിൽ അ
ലച്ചുകൊണ്ടേയിരുന്നു..

അക്ഷര. എ. എസ്
ക്ലാസ്സ് 10
GHS KARAKURUSSI

മിനിക്കഥ.

## പറയാൻ മറന്ന കഥ

എന്നത്തേയും പോലെ രാവിലെ ഫോൺ തുറന്നപ്പോൾ വാട്സ്ആപ്പ് ഗ്രൂപ്പിൽ വലിയ തിരക്കായിരുന്നു. നിറയെ മിഠായികളും കേക്കുകളും ആശംസകളുമൊക്കെയായി ഫാമിലിഗ്രൂപ്പ് നിറഞ്ഞുനിന്നു.മക്കളും പേരക്കുട്ടികളും ഒക്കെ ചേർന്ന്  അതിഗംഭീരമായി തന്നെ ന്യൂജൻ രീതിയിൽ അവരവരുടെ ആശംസകൾ അയച്ചുകൊണ്ടിരിക്കുന്നു. പതുക്കെ പതുക്കെ ഗ്രൂപ്പിലെ ബഹളം ഇല്ലാണ്ടായി. പക്ഷേ അപ്പോഴും ഇതൊന്നും അറിയാതെ പിറന്നാളുകാരി  ഒരുപാടു ഓർമ്മകളുമായി വീട്ടിൽ ഇരിപ്പുണ്ടായിരുന്നു. ഗ്രൂപ്പിലെ അതേ തിരക്കും ബഹളവും വീട്ടിലും പ്രതീക്ഷിച്ച പിറന്നാളമ്മയെ എല്ലാവരും മറന്നു. ആർഭാടകരമായി അയച്ച ആശംസകളിലെ ഒരു വാക്കെങ്കിലും സ്നേഹത്തോടെ നേരിട്ട് പറയാനായി ഗ്രൂപ്പിലെ താരങ്ങളും മറന്നു .പക്ഷെ അപ്പോഴും പിറന്നാളമ്മ എല്ലാവരെയും ഓർക്കുന്നുണ്ടായിരുന്നു. പ്രത്യേകിച്ചും പിറന്നാൾ സമ്മാനമായി മുത്തം നൽകിയ അമ്മുവിനെയും...

**അക്ഷര.**
എ.എസ് class +1
MNKMGHSS pulapatta



Emerin rose N.J.
4 C, St. Marys CBPS School
Kottekkadu

കവിത.

## മഴ വിതച്ച ദുരന്തം

കാറ്റും മഴയും ഒന്നിച്ചെത്തി
തകർത്തെറിഞ്ഞു മലകളെ
സുന്ദരമായ വയനാട്
ദുരന്ത ഭൂമി ആയല്ലോ
പാറയും മരങ്ങളും ഏറ്റിക്കൊണ്ടാ
പുഴ ഒലിച്ചു പോയല്ലോ
പോകും വഴിയേ ഉള്ളവയെല്ലാം
വലിച്ചു കൊണ്ടു പോയല്ലോ
ഒരുപാടാളുകൾ അതിൽപെട്ട്
ജീവൻ പൊലിഞ്ഞു പോയല്ലോ
രക്ഷിക്കാനായി ഓടിക്കൂടി
എല്ലാം മറന്നൊരുപറ്റം
പിടയും ജീവനെ ചെളിയിൽ നിന്ന്
വരിയെടുത്തവർ ഓടുന്നു
തകർന്നടിഞ്ഞ സ്വപ്നങ്ങളും
നെഞ്ച് പിളർന്ന വയനാടും
കാരലുകുന്നൊരു കേരളവും
ദുരന്തത്തിൻ നേർക്കാഴ്ച.

**മെഹ്സിൻ**
class .3
Galaxy english medium school

കവിത

## പ്രതീക്ഷ

വിശ്വാസം
വാടിയ ഇലകൾ പോലെയാണ്.
ഉച്ച വെയിലേൽക്കുമ്പോൾ
തല ചായ്ച്ചുറങ്ങുകയും
പ്രഭാതകിരണങ്ങളിൽ
ഉന്മേഷം കൊള്ളുകയും ചെയ്യുന്ന
പനനീർ സുമങ്ങൾ പോലെ.
എന്നെങ്കിലും ഒരുനാൾ
താനും
വാടി കൊഴിയുമെന്നറിഞ്ഞിട്ടും
നിരാശയുടെ കരിയിലക്കൂട്ടമാവാതെ
പ്രതീക്ഷയുടെ പുതുനാമ്പുമായി
വാടിയ ഇലകൾ.

**കീർത്തന എം**
7 E, ജി എം യു പി സ്കൂൾ
വെന്നിയൂർ, മലപ്പുറം

കവിത.

## വസന്തം

കാത്തിരിപ്പാണിന്നും നല്ലൊരു
വസന്ത കാലത്തിനായ്.
വാടിക്കരിഞ്ഞാലും
കൊഴിഞ്ഞു വീണാലും
കാത്തിരിക്കുന്നു നിന്നെ ഞാൻ.

നീ വരുമ്പോഴാണ്
ഞാൻപൂത്തുലയുന്നത്
സുഗന്ധം പരത്തുന്നത്
ഇലകൾ പുനർജനിക്കുന്നത്
പുൽനാമ്പു തളിർക്കുന്നത്
നിറങ്ങളാൽ ശോഭിക്കുന്നത്.

കാത്തിരിപ്പിനൊടുവിൽ
ഞാനറിയുന്നു,
ഇപ്പോൾ,
ഈ നിമിഷമാണെൻ വസന്തം.
ഇതുപോലൊരു കാലം
എന്നിലിനി വരികയില്ല.

എന്നെ ഞാനാക്കിമാറ്റുവാൻ
നല്ലൊരു അടിത്തറയുണ്ടാക്കുവാൻ
കഴിവുകളെ കണ്ടെത്താൻ
ഏറ്റവും നല്ല വസന്തകാലം
ഈ 'ബാല്യകാലം' തന്നെ.

**ശ്രീനന്ദ . എ**
6 C
ജി എം യു പി സ്കൂൾ
വെന്നിയൂർ
മലപ്പുറം

## ഒരു സ്വാതന്ത്ര്യദിന ഓർമക്കുറിപ്പ്

സ്വാതന്ത്ര്യത്തിൻറെ എഴുപത്തി എട്ടാം വാർഷികം ആഘോഷിക്കുമ്പോൾ എന്റെ സ്കൂളിൽ മുമ്പൊരിക്കൽ നടന്ന ഒരു സ്വാതന്ത്ര്യദിനാഘോഷ പരിപാടിയെക്കുറിച്ച 'ചൂടുള്ള' ചില ഓർമകൾ തികട്ടിവരുന്നു.

സ്കൂൾ ബസ് ഹോൺ അടിക്കുന്നത് കേട്ട് ഞാനും കെ.ജിയിലും മൂന്നാം തരത്തിലും പഠിക്കുന്ന കുഞ്ഞനുജന്മാരും റോഡിലേക്ക് ഓടി.

'സ്വാതന്ത്ര്യ സമര സേനാനികളുടെ' ഒരുസംഘം തന്നെയുണ്ടായിരുന്നു ബസിൽ. ഭഗത് സിംഗിന്റെയും സുഭാഷ് ചന്ദ്രബോസിന്റെയും വേഷത്തിലായിരുന്നു അനുജന്മാരായ അയ്മനും ലിയാമും. സ്കൂൾ മുറ്റത്തെത്തിയപ്പോൾ സേനാനിമാരുടെ ഒരു വലിയ കൂട്ടം തന്നെയുണ്ടായിരുന്നു അവിടെ.

ടീച്ചേഴ്സും ആയമാരുമെല്ലാം അലങ്കാരപ്പണിയുടെ തിരക്കിലായിരുന്നു. ക്ലാസിൽ ടീച്ചർ പതാകയും ബാഡ്ജും റിബണും ഒക്കെ നിരത്തിവെച്ചിരിക്കുന്നു.

പത്തു രൂപ കൊടുത്താൽ സ്വാതന്ത്ര്യദിനം കേമമാക്കാനുള്ള ഈ ഐറ്റംസ് സ്വന്തമാക്കാം. ബാഡ്ജ് കുത്തിക്കൊണ്ടിരിക്കുമ്പോൾ ഗ്രൗണ്ടിലേക്ക് പോകാനുള്ള അനൗൺസ്മെൻറ് കേട്ടു.

സ്വാതന്ത്ര്യസമരസേനാനികളും നേതാക്കളും പുനർജനിച്ചു വന്ന് കാത്തിരിക്കുന്ന സദസിൽ കൃത്യം ഏഴു മണിക്ക് പ്രിൻസിപ്പാൾ പതാക ഉയർത്തി. ബാൻഡ് മേളത്തിന്റെ അകമ്പടിയോടെ പരിപാടികൾക്ക് തുടക്കം. പ്രാർത്ഥനാ ഗാനം കഴിഞ്ഞ് സാറൻമാരുടെ നീണ്ട പ്രസംഗം കേട്ട് കുറേ പേരെങ്കിലും കോട്ടുവായിടുന്നത് കണ്ടു. കത്തിക്കയറുന്ന പ്രസംഗങ്ങൾക്കിടെ

ആയമാർ മധുരപ്പായസവുമായെത്തിയപ്പോഴാണ് അൽപം ആശ്വാസമായത്,

പിറകെ മിഠായികളും.

ഗ്രൗണ്ടിലെ പരിപാടികൾക്കൊടുവിൽ പൊരിവെയിലത്ത് ടൗണിലൂടെ നടത്തിയ മാർച്ച് സ്വാതന്ത്ര്യസമരത്തിൻറെ 'ചൂട്' അനുഭവിച്ചറിയാൻ ഏറെ സഹായകമായി എന്ന് പറയാതെ വയ്യ.

അടുത്ത വർഷത്തെ പെരുമഴക്കാലം മനസിൽ കണ്ട് അന്നത്തെ സ്വാതന്ത്ര്യദിനാഘോഷത്തിന് തിരശീല താഴ്ന്നു.

ഹൈഫ സിംറ
8. A, ഐഡിയൽ പബ്ലിക്
സ്കൂൾ കുറ്റ്യാടി



കവിത.

## ദുരന്തഭൂമി

തകർത്തു പെയ്യുന്ന മഴയത്ത്
മരങ്ങളെല്ലാം വീഴുന്നു
വീട്ടിൽ വെള്ളം കേറുന്നു
വീടുകൾ ഒഴുകി പോകുന്നു
സ്ഥലങ്ങളെല്ലാം മുങ്ങുന്നു
ജനങ്ങളെല്ലാം ഭയപ്പാടോടെ
വിറങ്ങലിച്ചു നിൽക്കുന്നു
മലകൾ നിറഞ്ഞൊരു സുന്ദരനാട്
ദുരന്തത്തിൽ മുങ്ങുന്നു
പലരും മണ്ണിന്നടിയിൽ നിന്ന്
ജീവന് വേണ്ടി കേഴുന്നു
രക്ഷിക്കാനായ് ഒത്തിരിയാളുകൾ
അങ്ങിങ്ങായി പായുന്നു
നെഞ്ച് പിളർന്നൊരു വയനാട്
തേങ്ങി കരയും ജനങ്ങളും
സുഖമുറ്റിയ നാളുകൾ
ഇനിയും വന്നെത്തുമോ ഇവിടം.

**മെഹ്റിൻ**
Class 3
Galaxy english medium
School

## ഭയമേകിയ മഴ

മഴ പെരുമഴ
മണ്ണിൻ മണമെന്തു മണം
തുള്ളിച്ചാടി ഞങ്ങളാദ്യമൊക്കെയെങ്കിൽ
ഭയന്നു പിന്നെ
മോഹിച്ചെൻ കുഞ്ഞനിയത്തി
മഴയിലിത്തിരി കളിക്കാൻ
മഴയോടൊപ്പം പകലും കഴിഞ്ഞു
വെട്ടമെല്ലാമണഞ്ഞിരുട്ട് പരന്നു
ഇരുട്ടലെപ്പഴോ മയങ്ങി
കണ്ടു പുലർന്നപ്പോൾ പരന്ന വെള്ളം
അമ്പരന്നു ഞാൻ
നശിച്ചുപോയാ കൃഷികളെ നോക്കി
ഫോണെടുത്തു ഞാനിതൊന്നറിയിക്കാൻ
കണ്ടന്നേരം ദാരുണമാമൊരു വാർത്ത
ഉരുൾപൊട്ടലിൽ കരയുന്ന വയനാടിനെ
നടുങ്ങി ഞാൻ ഭീകരമാം വെള്ളം കണ്ട്
കണ്ണടച്ചു ഞാൻ പ്രാർത്ഥനയോടെ

മുഹമ്മദ് മിസ്തഹ്.
ക്ലാസ്സ്:7
CAKMGMUPS ചേറൂർ
വേങ്ങര.മലപ്പുറം ജില്ല



ഇർഫാൻ. MP, STD : 2
നുസ്രത് ഇസ്ലാമിക് സ്കൂൾ, ഒളവട്ടൂർ.




Joshwin N.J.
1 C
St. Marys CBPS School, Kottekkadu



മുഹമ്മദ് സ്വഫ് വാൻ.MP*
LKG, നുസ്രത് ഇസ്‌ലാമിക് സ്കൂൾ , ഒളവട്ടൂർ







Nimra manha., V. P, 6 th
Navabhatath central school
Malappuram